ദീപിക



Vol. 2 – No. 3
September 1962

13 nP

പ്രതിമാസചിന്ത

സെപ്റ്റംബർ

1. വ്യാകുലമാതാവിന്റെ മാസവണക്കം
2. 'മറിയം' എന്ന വാക്കിന്റെ അർത്ഥം ദുഃഖത്തിന്റെ കടൽ എന്നാണ്
3. കുരിശിൻചുവട്ടിൽവച്ച് അമ്മയുടെ ദുഃഖം പൂർത്തീകരിക്കപ്പെട്ട
4. ഇതിനുമുമ്പും അമ്മ വ്യാകുലങ്ങൾ സഹിച്ചിട്ടുണ്ട്
5. മാതാവ് ജനനംമുതൽ സഹനത്തിന്റെ സ്ത്രീയല്ല, കോളേജിലാണ് പഠനം നടത്തിയിരുന്നത്.
6. മിശിഹായുടെ പിറവിവരെയുള്ള കാലഘട്ടത്തിൽ മറിയം വളരെ സഹിച്ചിട്ടുണ്ട്.
7. മിശിഹായെ പ്രസവിക്കുവാൻ സ്ഥലംകിട്ടാതെ വന്നപ്പോൾ ഏറ്റുമാത്രം സഹിച്ചു
8. പ്രസവിച്ചു പുൽക്കൂട്ടിൽ കിടത്തിയപ്പോൾ സഹിച്ചതും വിവരിക്കുക സാധ്യമല്ല
9. 40–ാംദിവസം ദേവാലയത്തിൽവച്ച് ശിമയോന്റെ പ്രവചനം മാതാവിന്റെ ഒന്നാം വ്യാകുലം
10. അമ്മയുടെ നിന്റെ ഹൃദയത്തിൽ ഒരു വാൾകടക്കും
11. അന്നുമുതൽ അനുകൂത്തിക്കയറിയ ഒരു ചെന്നായ ആട്ടിൻകുട്ടിയെപ്പോലെ മറിയം ജീവിച്ചിരുന്നു
12. അമ്മ മക്കളെ ദൈവഹിതത്തിനു കീഴ്പ്പെടാൻ പഠിപ്പിക്കുന്നു
13. ഈജിപ്തിലേയ്ക്ക് ഓടിപ്പോകുന്നത് രണ്ടാമത്തെ വ്യാകുലം
14. അമ്മ നമ്മൾ പരദേശികളാണെന്നു പഠിപ്പിക്കുന്നു
15. ദേവാലയത്തിൽവച്ച് ഈശോയെ കാണാതായതും മൂന്നുദിവസത്തെ അന്വേഷണവും മൂന്നാംവ്യാകുലം
16. പാപംവഴി ഈശോയെ ഉപേക്ഷിക്കരുതെന്നു നമ്മെ പഠിപ്പിക്കുന്നു
17. കുരിശുമായി ഗാഗുൽത്തായിലേക്കുള്ള വഴിയിൽ കണ്ടുമുട്ടിയതു നാലാംവ്യാകുലം
18. കുരിശുമായി ഇടയ്ക്കുവീണ അവസരങ്ങൾ ഓരോ ഉണ്ടുവിധം ഫലിപ്പിക്കണമെന്നു
19. കുരിശിൽതൂങ്ങി മരിക്കുന്നതു ദർശിച്ചതു അഞ്ചാം വ്യാകുലം
20. ദുഷ്ടശരീരത്തെ നിഗ്രഹിച്ചടക്കാൻ നമ്മോടുപദേശിക്കുന്നു
21. കുരിശിൽനിന്നിറക്കി മാതാവിന്റെ മടിയിൽ കിടത്തിയപ്പോൾ അനുഭവിച്ചതു 6-ാംവ്യാകുലം
22. പാപത്തെപ്പറ്റി കുരിശിൽനോക്കി അനുതപിക്കാൻ നമ്മെ ഉപദേശിക്കുന്നു
23. മിശിഹായുടെ മൃതശരീരം സംസ്കരിക്കുന്നതിൽ പങ്കെടുത്തതു 7-ാം വ്യാകുലം
24. മിശിഹായെ കൂടുതൽ കൂടുതൽ സ്നേഹിച്ച് മിശിഹായിൽ സംസ്കരിക്കപ്പെടുവാൻ നമ്മെ ഉപദേശിക്കുന്നു.

P. S;- മുൻപോലെ ഒരു പുണ്യദണ്ഡവിമോചനം.

★ കൃഷി ആദായകരമാക്കുക ★

വയനാടൻമണ്ണിനു വളരെ ആവശ്യകമായ കാൽസിയം, അമോണിയം നൈട്രേറ്റ് എല്ലാ വിളവുകൾക്കും ഉത്തമമായ യൂറിയ, അമോണിയം സൾഫേറ്റ്, എല്ലുപൊടി എന്നിവയും പുറമെ കാപ്പി, നെല്ല്, കുരുമുളക്, റബർ, ഇഞ്ചി, വാഴ, മരച്ചീനി, തെങ്ങ്, കമുക് തുടങ്ങിയ എല്ലാ കൃഷികൾക്കുമുള്ള മിശ്രവളങ്ങൾ എപ്പോഴുണ്ടെങ്കിലും ഇവിടെനിന്നു കിട്ടുന്നതാണ് F. A. C. T. യുടെ സുപ്രസിദ്ധ വളം "ഫോക്കം ഫോസ്" മറക്കരുതു്.

മരുന്നു തളിക്കുവാനുള്ള പമ്പ് സൈറുകൾ ചുരുങ്ങിയ വാടകയ്ക്കു കൊടുക്കും.

F. A. C. T. Central Depot, Manantoddy.

മാനന്തവാടി സപ്ലീസ് കോ–ഓപ്പറേറ്റീവ് ബേങ്കിനാൽ നടത്തപ്പെടുന്നതു്.

ഈ ബേങ്കിൽ ഡിപ്പോസിറ്റുകൾക്ക് 5½% വരെ പലിശ അനുവദിക്കുന്നതും സഹകരണനിയമങ്ങളനുസരിച്ചുള്ള എല്ലാ ബേങ്കിടപാടുകളും നടത്തുന്നതുമാകുന്നു. സെക്രട്ടറി.

11–ാം ചരമവാർഷികം
28-9-1962



മക്കളായി ഉലഹന്നാൻ
കഴിക്കുച്ചാലിൽ

സുവർണ്ണാവസരം

അഭ്യസ്തവിദ്യരായ പെൺകുട്ടികളുടെ സൗകര്യാർത്ഥം തവിഞ്ഞാൽ നിർമ്മല മഹിളാസമാജത്തിനാൽ നടത്തപ്പെടുന്ന 'നിർമ്മല പോളിടെക്നിക്കിൽ' ചേർന്നു കേരളഗവണ്മെന്റ് നടത്തുന്ന തുന്നൽപരീക്ഷയ്ക്കു (K. G. T. E.) തയ്യാറാകുവിൻ 1–10–'62നു ക്ലാസ്സു തുടങ്ങുന്നതാണ്. പുറത്തുനിന്നു വരുന്നവർക്കു താമസസൗകര്യം ചെയ്തുകൊടുക്കുന്നതായിരിക്കും. ഉടൻ അപേക്ഷിക്കുക.

പ്രസിഡന്റ്,
നിർമ്മല മഹിളാസമാജം,
തവിഞ്ഞാൽ, മാനന്തവാടി.

മുഖചിത്രം

സുപ്രസിദ്ധമായ തിരുവമ്പാടി പള്ളി

ഇനി

17–ാം പേജു മുതൽ വായിക്കുക.

പത്രാധിപർ: ഫാദർ ജി. കവിക്കുട്ടിൽ
GIRI DEEPAM

DHARMARAM COLLEGE LIBRARY 19542 BANGALORE

ഗിരിദീപം

ദൈവത്തിനും രാജ്യത്തിനുംവേണ്ടി

പുസ്തകം 2] സെപ്റ്റമ്പർ 1962 [ലക്കം 3

വിനാശകാലേ

"കണ്ണിനു് കൈയോടു് എനിക്കു നിന്നെക്കൊണ്ടു് ആവശ്യമില്ല എന്നു പറയുവാൻ നിവൃത്തിയില്ല. തലയ്ക്കു കാലുകളോടു് എനിയ്ക്കു നിങ്ങളെക്കൊണ്ടു് ആവശ്യമില്ല എന്നു പറയുവാനും നിവൃത്തിയില്ല. നേരേമറിച്ചു് ബലഹീനങ്ങൾ എന്നു കരുതപ്പെടുന്ന അവയവങ്ങൾ ഏവയോ അവയെക്കൊണ്ടാകുന്ന അധികം ആവശ്യം." പൗലോസ്ശ്ലീഹായുടെ ഈ വാക്കുകൾ കേരളത്തിലെ കത്തോലിക്കരെങ്കിലും അനുസ്മരിക്കണമെന്നു ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഈയിടെ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ചില പ്രവണതകൾ കണ്ടു വേദനിക്കുന്ന ഹൃദയത്തോടെ രണ്ടുവാക്കു കുറിക്കുകയാണു്. ആശയാഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവുക സ്വാഭാവികമാണു്. വിമർശനങ്ങളും തിരുത്തലുകളും അവശ്യാവശ്യകവും. പക്ഷേ കണ്ണു് കൈകൾക്കെതിരായും തല അവയവങ്ങൾക്കെതിരായും ആരോപണങ്ങൾ അച്ചടിപ്പിച്ചു് പരസ്യമായി ചന്തയിൽ വിതരണം ചെയ്യുന്നതു് ഭംഗിയല്ല. "നിങ്ങളിൽ ആരെങ്കിലും തന്റെ സഹോദരനുമായി തർക്കമുണ്ടാകുമ്പോൾ, അവൻ വിശ്വാസ്യന്മാരുടെ മുമ്പാകെയല്ലാതെ ദുഷ്ടന്മാരുടെ മുമ്പാകെ വിസ്താരം നടത്തുവാൻ തുനിയുമൊ?" എന്നാൽ കഷ്ടം! നമ്മുടെ ചില ആളുകൾ അതും അതിനപ്പുറവും ചെയ്യ. ഇന്നത്തെ മലനാട്ടകഷ്കപ്രസ്ഥാനത്തേയും പ്രവർത്തകരേയും ആക്ഷേപിച്ചു ഇംഗ്ലീഷിൽപോലും പ്രബന്ധം അച്ചടിപ്പിച്ചു കഷ്കവിരുദ്ധ പത്രങ്ങൾക്കും കമ്മ്യൂണിസ്റ്റുപത്രങ്ങൾക്കും അയച്ചുകൊടുത്തു. അവർ അതു തജ്ജിമചെയ്യും വിശദീകരിച്ചും മുതലെടുത്തുകൊണ്ടിരിക്കുന്നു! മാതൃഭൂമിപ്പത്രംപോലും ഒരു മുഖപ്രസംഗം എഴുതിക്കഴിഞ്ഞു! നമുക്കും പാവപ്പെട്ട കഷ്കർക്കും എന്തുകിട്ടി? "നിങ്ങൾ നിങ്ങളുടെ സഹോദരങ്ങളോടുതന്നെയും അക്രമം പ്രവർത്തിക്കുകയും അവർക്കു നഷ്ടം വരുത്തുകയുംചെയ്യ."

ഇപ്പോൾ ഈ ഗതികേടിനും ഇടകൊടുത്ത കൊട്ടിയൂർ അമരാവതി പ്രശ്നങ്ങൾ തുടങ്ങിയിട്ടു് ഒന്നര കൊല്ലത്തോളമായി. ഇന്നു് ആരൊക്കെ എന്തെല്ലാം കുറ്റം പറഞ്ഞാലും, അന്നു് ഉടമ്പഞ്ചോലയിലേയും കൊട്ടിയൂരിലേയും അനേകായിരം ദരിദ്രജനങ്ങൾ തീച്ചയായും നിരാധരരാവുകയും കമ്മ്യൂണിസ്റ്റുപാളയത്തിലേയ്ക്കു വഴുതിവീഴുകയും ചെയ്യുമായിരുന്ന ആ അതിദാരുണസന്ദർഭത്തിൽ വടക്കനച്ചനും മറ്റു ചില വൈദികരും സഹപ്രവർത്തകരും മുമ്പോട്ടിറങ്ങി പ്രവർത്തിച്ചില്ലായിരുന്നെങ്കിൽ എന്തായിരുന്നേനേം സ്ഥിതി! "ബലഹീനങ്ങൾ എന്നറിയപ്പെടുന്ന അവയവങ്ങൾ ഏവയൊ അവയെക്കൊണ്ടാകുന്ന അധികം ആവശ്യം." അതു് അന്നു വ്യക്തമായി.

Res clamat ad dominum എന്നതത്വമാണു് ഒരു പ്രബന്ധകർത്താവു് ഉയർത്തിപ്പിടിച്ചിരിക്കുന്നതു്. അതായതു് വസ്തു ഉടമസ്ഥനു കൊടുക്കുക. തത്വം ശരിയാണു്. പക്ഷേ വിധി തെറ്റിപ്പോയി-വാദിയെ പ്രതിയാക്കിക്കളഞ്ഞു! ഈ അമരാവതിയും കൊട്ടിയൂരും എന്താണെന്നു പഠിക്കുകയൊ ഒരൊറ്റപ്രാവശ്യമെങ്കിലും ആ സ്ഥലങ്ങൾ നേരിട്ടു കാണുകയൊ ചെയ്യാതെ ഖണ്ഡിതമായി അഭിപ്രായം പറയുന്നതു് ലജ്ജാകരമല്ലെങ്കിൽ സങ്കടകരമാണു്.

വിപരീതബുദ്ധി!

ചെറുപ്പക്കാർ ചെയ്യുന്നതെല്ലാം കമ്മ്യൂണിസമാണെന്നു വിധിക്കുന്നതു്, പഴമക്കാർ പറയുന്നതെല്ലാം വിഡ്ഢിത്വമാണെന്നു വിധിക്കുന്നതിനു തുല്യമായിരിക്കും. എത്ര മഹാന്മാർ വാഗ്ധ്യകാലത്തു തലതിരിഞ്ഞുപോയിട്ടുണ്ടു്! ഏതു രംഗത്തു പ്രവർത്തിക്കുന്നവരുടേയും നടപടികളിൻ അപാകതകളും തെറ്റും ഉണ്ടാകാം-മനുഷ്യരല്ലെ. അപ്പോൾ അതു്-വൈദികരെ സംബന്ധിച്ചാണെങ്കിൽ പ്രത്യേകിച്ചു്-തിരുത്താനും നന്നാകുന്നില്ലെങ്കിൽ ശിക്ഷിക്കുനും എത്രയോ മാന്യമായ മാർഗ്ഗങ്ങളുണ്ടു്! അതിനുപകരം പ്രസ്താവനകൾ അച്ചടിപ്പിച്ചു് എതിർപക്ഷത്തു വിതരണം ചെയ്യുകയാണൊ വേണ്ടതു്? മലർന്നുകിടന്നു തുപ്പിയാൽ എവിടെ വീഴും? ഇങ്ങനെ ഇതെക്കുറിച്ചു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരു വല്യച്ചൻ പറഞ്ഞു: "ലോകം അവസാനിക്കാറായി." മറെറാരു മാന്യദേഹം കൂട്ടിച്ചേർത്തു:" വിനാശകാലേ വിപരീതബുദ്ധി." അല്ലെങ്കിൽ പിന്നെ എന്താ ഇങ്ങനെയൊക്കെ വരാൻ കാരണം? അതല്ലെങ്കിൽ നമ്മിൽ പലരും ആ പഴയ ദന്തഗോപുരങ്ങളിലിരുന്നു ചില യുട്ടോപ്യൻ സാമൂഹ്യതത്വങ്ങൾ സ്വയം ഉരുവിടാതെ, മാത്തർ എത്തു് മജിസ്ട്രാപോലുള്ള ക്രൈസ്തവതത്വങ്ങൾ ആദരിക്കപ്പെടുന്ന മനുഷ്യലോകത്തിലേയ്ക്കു് ഇറങ്ങിവരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പത്രാധിപക്കുറിപ്പുകൾ

കൊട്ടിയൂർ കർഷകൻ കയ്യേറ്റക്കാരനോ?

കഷ്കൻ നാടിന്റെ നട്ടെല്ലാണു്. മലയോര പ്രദേശങ്ങളിലെ 25 ലക്ഷം കഷ്കർ ഇന്നു പല കാരണങ്ങളാൽ ഭയവിഹ്വലരായി കഴിയുകയാണു്. കൃഷിനാശം, ഉല്പന്നങ്ങളുടെ വിലക്കുറവു്, കാട്ടുമൃഗങ്ങളുടെ ശല്യം, നിരവധി അസൗകര്യങ്ങൾ സർവ്വോപരി നിരന്തരമായ കുടിയിറക്കുഭീഷണി! കഷ്കൻ ചോരയും നീരും കൊടുത്തു് അധികാരത്തിലേറ്റിയ ഗവണ്മെന്റും അവന്റെ രാഷ്ട്രീയ സാമുദായിക നേതാക്കന്മാരിൽ പലരും കഷ്കനെതിരായി നീങ്ങുന്നു, ശ്രദ്ധാലോചന നടത്തുന്നു, പ്രസ്താവനകളിറക്കുന്നു. കഷ്കരുടെ അവകാശങ്ങൾക്കും താല്പര്യങ്ങൾക്കും വേണ്ടി സ്വരമുയർത്തുന്നവരെയൊക്കെ രാഷ്ട്രീയന്മാരായി ചിത്രീകരിക്കുവാനും ആ ചിത്രീകരണത്തിനു് പ്രചാരം കൊടുക്കുവാനും നമ്മുടെ ദേശീയപത്രങ്ങളും ശ്രമിക്കുന്നു. ചില കുടിയേറ്റക്കാരെയും കഷ്കപ്രക്ഷോഭണത്തെയും ഭരണകക്ഷി എതിർക്കുന്നതു് മനസ്സിലാക്കാം. ഏതൊരു പ്രക്ഷോഭണത്തെയും—എത്രകണ്ടു് ന്യായമായിരുന്നാൽക്കൂടിയും—ഭരണകക്ഷി എതിർക്കുക സ്വാഭാവികമാണു്. എന്നാൽ കഷ്കന്റെ ഉറ്റ ബന്ധുക്കളായി വർത്തിക്കേണ്ട രാഷ്ട്രീയ പാർട്ടികളൊ സമുദായനേതാക്കന്മാരൊ എതിർക്കുന്നതിന്റെ രഹസ്യം മനസ്സിലാക്കുക സാധ്യമല്ല.

ദീപികപ്പത്രം പറഞ്ഞതുപോലെ വെറും കൈയ്യേറ്റക്കാർമാത്രമായി കഷ്കരെ മുദ്രയടിക്കാൻ ഗവണ്മെന്റു പോലും മുതിർന്നില്ല. ഉദാഹരണമായി, കോൺഗ്രസ്സ് നിയമിച്ച കൊട്ടിയൂർ കമ്മിറ്റി അവിടത്തെ കഷ്കന് കൈവശാവകാശം അനുവദിക്കേണ്ടതാണെന്നു് നിർദ്ദേശിച്ചു. കമ്മ്യൂണിസ്റ്റുമായ രാധാകൃഷ്ണമേനോൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം കഷ്കനെ വഴിയാധാരമാക്കുന്നതു് അധാർമ്മികമെന്നു് റവന്യൂ മന്ത്രി ശ്രീ. ചന്ദ്രശേഖരനും സമ്മതിച്ചു. എന്നിട്ടും മറ്റും ചില നേതാക്കന്മാർ ലജ്ജാകരമായ പ്രസ്താവനകളിറക്കി മലയോരകഷ്കരെ കയ്യേറ്റക്കാരായി ചിത്രീകരിച്ചു് ആശയക്കുഴപ്പം സൃഷ്ടിക്കുന്നു.

അടുത്തകാലത്തു് ഉന്നതരായ ചിലർ—ഒരു പ്രധാനപ്പെട്ട വൈദികൻപോലും മെല്ലെ ഉണർന്നു് കൊട്ടിയൂർകഷ്കർ ഭയങ്കരം കൈയ്യേറ്റക്കാരെന്നും അവിടത്തെ കഷ്കരുടെ പ്രവർത്തനങ്ങളെല്ലാം സർവ്വാബദ്ധമായിപ്പോയെന്നും തൃശ്ശൂർ ലോക്കപ്പമർദ്ദനം കെട്ടകഥയാണെന്നും കഷ്കർക്കുവേണ്ടി ഏറ്റവും പരിമിതമായി രംഗത്തിറങ്ങിയ വൈദികർ 'രാഷ്ട്രീയ'ക്കാരാണെന്നും പ്രസ്താവിച്ചിരിക്കുന്നു! സ്വകാര്യവനങ്ങളിലേയും സർക്കാർവനങ്ങളിലേയും കുടിയേറ്റക്കാർക്കു് ഇന്നത്തെ നിയമം പ്രതികൂലമാണു്. ആവശ്യമെന്നുകണ്ടാൽ നിലവിലിരിക്കുന്ന നിയമം മാറ്റി തന്നെ രക്ഷിക്കണമെന്ന മാത്രമെ കഷ്കൻ വാദിക്കുന്നുള്ളു. നിയമം ഭരണീയർക്കെതിരാണെന്നുകണ്ടാൽ നാടിന്റെ നട്ടെല്ലായ കഷ്കനെ ആശ്വസിപ്പിക്കാൻ നിയമം പരിഷ്കരിക്കുകയെന്നുള്ളതു് ജനാധിപത്യമര്യാദയല്ലെ? രാജഭരണകാലത്തുപോലും കൊച്ചിയിലും തിരുവിതാംകൂറിലും ഇത്തരം വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്.

കേരളത്തിലെ ജനങ്ങളിൽ അധികപങ്കും വടക്കുനിന്നും വന്ന കുടിയേറ്റക്കാരാണു്. ആദിവാസികളായ പറയർ, പുലയർ, കുറിച്ച്യർ തുടങ്ങിയവരൊഴികെ മറ്റുള്ളവരെല്ലാംതന്നെ കുടിയേറ്റക്കാരാണല്ലൊ. അവരെയെല്ലാം കൈയ്യേറ്റക്കാരായി മുദ്രയടിക്കുവാൻ ഇന്നത്തെ കഷ്കവിരോധികൾക്കു കഴിയുമൊ? കഷ്കന്റെ അവകാശം പരിരക്ഷിക്കുവാൻ കേന്ദ്രഗവണ്മെന്റും പ്ലാനിംഗ് കമ്മീഷനും കോൺഗ്രസ്സ് സംഘടനയും ബുദ്ധിപൂർവം ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൃഷിഭൂമി കഷ്കനു് എന്ന തത്വമാണു് അവരുടെ പദ്ധതികളുടെ പശ്ചാത്തലം. എങ്കിലും ആ ആദർശത്തെ കേരളകോൺ. സംഘടനയും ഏതാനും ജന്മിമുതലാളിമാരും കൊട്ടിയൂരിൽ ബലികഴിച്ചു. അതു കഷ്കരെ തിന്നു; പ്രതിഷേധിച്ചു. ആവശ്യമായ നിയമനിർമ്മാണം വഴി തങ്ങളെ രക്ഷിക്കണമെന്നു വാദിച്ചു. അതാണൊ തെറ്റു? അതിനു പ്രോത്സാഹനം നല്കിയ നിഷ്പക്ഷവൈദികരെയാണൊ കുറ്റംപറയുന്നതു്! കഷ്കന്റെ കണ്ണുനീരു തുടയ്ക്കാനല്ലെങ്കിലും രാഷ്ട്രീയമാണൊ? അവരുടെ അവശതകളെ വിവരിച്ചു് അതിനുവേണ്ടി വാദിക്കുന്നതു് പുരോഗമനമെങ്കിൽ ആ പുരോഗമനം മാത്രമാണു് കേരളത്തിന്റെ രക്ഷാമാർഗ്ഗം.

മനുഷ്യനിർമ്മിതമായ നിയമത്തെ മനുഷ്യരുടെ ക്ഷേമ സമാധാന സൗകര്യങ്ങൾക്കുവേണ്ടി പരിഷ്കരിക്കുവാനാണു് കഷ്കൻ ആവശ്യപ്പെടുന്നതു്. അല്ലാതെ സനാതനമായ ദൈവനിയമത്തെയല്ല. ഇങ്ങനെ കഷ്കമർദ്ദനമവസാനിപ്പിക്കണമെന്നും അവന്റെ അവകാശം അഭംഗുരം പാലിക്കണമെന്നും വാദിക്കുന്നവരെ പുരോഗമനവാദികളും രാഷ്ട്രീയന്മാരുമെന്നു് പരിഹസിക്കുകയും അതു പരസ്യപ്പെടുത്തുകയും മാത്രമല്ല ഗവണ്മെന്റും മധ്യവർത്തികളും ചെയ്ത തെറ്റിനെ അനുകൂലിച്ചു കൊട്ടിയൂർകഷ്കരെ കൈയ്യേറ്റക്കാരായിമാത്രം ചിത്രീകരിച്ചു പ്രചരണം നടത്തുകയും ചെയ്യുന്നതു് എങ്ങനെ നീതീകരിക്കാൻപറ്റും! മണ്ണു മോഹിച്ചുവന്നകഷ്കരോടു് പണം വാങ്ങി പ്രമാണം കൂടാതെ കാടേല്പിച്ചുകൊടുക്കുന്ന സമ്പ്രദായം മലബാറിൽ ചിരകാലമായി നടപ്പുണ്ടായിരുന്നു. ഇപ്പോഴും ചിലഭാഗങ്ങളിൽ നടപ്പുണ്ട്. കൊട്ടിയൂർദേവസ്വത്തിലെ ഊരാളന്മാരും ഇതാണു ചെയ്തതു്. ഇതിനാണു് വക്കാൽചാർത്തെന്നപറയുന്നതു്. ഇങ്ങനെ ഒരിക്കൽ ഊരാളന്മാർ പണംവാങ്ങി രേഖയില്ലാതെ ചാർത്തുകൊടുത്ത ഭൂമിയാണു് ഇന്നു് എൻ. എസ്. എസിനു് രേഖയോടുകൂടി മേൽചാർത്തു കൊടുത്തിരിക്കുന്നതു്. ഇതു തെറ്റാണെന്നും തന്റെ സ്വത്തിനു് നിയമത്തിന്റെ സംരക്ഷണമുണ്ടാക്കണമെന്നും വാദിക്കുന്ന കഷ്കനൊ കൈയ്യേറ്റക്കാരൻ?

ജന്മിമുതലാളിമാരുടെ മധ്യേ സാമുഹ്യപ്രവർത്തനം നടത്തി പ്രശസ്തിയാർജ്ജിക്കാൻ വലിയ ബുദ്ധിമുട്ടൊന്നുമില്ലെന്നു് സാമൂഹ്യപ്രവർത്തനത്തിന്റെ പേരിൽ വീരവാദം നടത്തുന്നവർ ധരിക്കണം. കുടിയേറ്റകോളനികളിൽ ആ മാതിരി സാമൂഹ്യപ്രവർത്തനം നന്നാ ദുഷ്കരമാണു്. കൃഷിഭൂമിയിൽ സ്ഥിരാവകാശംനേടി, വിളവുകളുണ്ടാക്കി സാമ്പത്തികപരാധീനത മാറുമ്പോൾ ഈ മനോഹരനാട്ടിലും അമേരിക്കൻമോഡലിലുള്ള സാമൂഹ്യപ്രവർത്തനത്തിനു ധാരാളം സാധ്യതയുണ്ടാകും, അതുവരെ ക്ഷമിക്കുക.

കുട്ടികൾക്ക് വന്ദ്യപിതാവിന്റെ കത്ത്



വാത്സല്യ കുഞ്ഞുങ്ങളേ,

കഴിഞ്ഞമാസത്തിൽ ഇൻഡ്യയിലെ അപ്പസ്തോലിക് ഇൻവർനൺഷ്യോ തിരുമേനി നമ്മുടെ രൂപത സന്ദർശിച്ച വിവരം നിങ്ങൾ അറിഞ്ഞുകാണുമല്ലോ. ജൂലൈ 20-ാംനു വൈകുന്നേരം അദ്ദേഹം ഇവിടെ വരുകയും 23-ാംനു വൈകുന്നേരം പോകുകയുംചെയ്തു. നിങ്ങളെ ഏവരേയും കൊണ്ടുവന്നു കാണിക്കുവാൻ എനിക്കാഗ്രഹമുണ്ടായിരുന്നെങ്കിലും മഴക്കാലം അതിനനുവദിച്ചില്ല. ചുരുക്കം ചില ഇടവകകളിലേ പോയൊള്ളു. ആ വിവരങ്ങൾ അറിയുന്നതു് നിങ്ങൾക്കു് സന്തോഷകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

മാപ്പാപ്പാതിരുമേനിയുടെ ഇന്ത്യയിലെ പ്രതിനിധിയാണു് അപ്പസ്തോലിക് ഇൻവർനൺഷ്യോ. ഇന്ത്യ ഉൾപ്പെടെ ലോകത്തിലെ അമ്പതിൽപരം രാജ്യങ്ങൾ സ്വന്തം പ്രതിനിധികളെ വത്തിക്കാനിലേയ്ക്കു് അയച്ചിട്ടുണ്ടു്. ആ രാജ്യങ്ങളിലേയ്ക്കെല്ലാം മാപ്പാപ്പാതിരുമേനി അവിടത്തെ പ്രതിനിധികളേയും അയച്ചിട്ടുണ്ടു്. രാഷ്ട്രീയശക്തി ഒന്നുമില്ലെങ്കിലും മാപ്പാപ്പാതിരുമേനിക്കു് ലോകത്തിലുള്ള ധാർമ്മികശക്തിയെ ആദരിച്ചാണു് ലോകമഹാരാഷ്ട്രങ്ങൾ അവരുടെ പ്രതിനിധികളെ വത്തിക്കാനിലേയ്ക്കു് അയച്ചിട്ടുള്ളതു്. ഇന്ത്യയ്ക്കു് സ്വാതന്ത്ര്യംകിട്ടിയതു് 1947-ൽ ആണല്ലൊ. അടുത്തവർഷം തന്നെ-1948-ഇന്ത്യ വത്തിക്കാനിലേയ്ക്കു് ഒരു പ്രതിനിധിയെ അയയ്ക്കുകയുണ്ടായി. സ്വതന്ത്രരാഷ്ട്രങ്ങൾക്കു മാത്രമെ ഇപ്രകാരം പ്രതിനിധികളെ അയയ്ക്കുവാൻ അവകാശമുള്ളു.

ജൂലൈ 20-ാംനു വെള്ളിയാഴ്ച വൈകുന്നേരം കോഴിക്കോട്ടമെത്രാനച്ചൻതിരുമേനിയോടൊന്നിച്ചു് ഇൻവർനൺഷ്യോതിരുമേനി ഇവിടെയെത്തി. ശനിയാഴ്ച രാവിലെ 6-30നു് ഇവിടത്തെ ചാപ്പലിൽ അദ്ദേഹം അർപ്പിച്ച ദിവ്യബലിയിൽ സെമ്മിനാരിവിദ്യാർത്ഥികൾ സംബന്ധിച്ചിരുന്നു. 10 മണിക്കു് സെമ്മിനാരിയിൽവെച്ചു് ഹൃദ്യമായ ഒരു സ്വീകരണം അദ്ദേഹത്തിനു നല്കപ്പെട്ടു. കടൽപുറത്തു് സ്ഥിതിചെയ്യുന്ന മനോഹരമായ സെമ്മിനാരികെട്ടിടവും പരിസരങ്ങളും അദ്ദേഹത്തിനു വളരെ ഇഷ്ടപ്പെട്ടു. സെമ്മിനാരിക്കാർ നല്കിയ മംഗളപത്രത്തിനും പ്രാർത്ഥനാമഞ്ജരിക്കും മറുപടിപറഞ്ഞുകൊണ്ടു് ഈ സെമ്മിനാരിയിൽ പഠിക്കുവാൻ ഭാഗ്യമുണ്ടായ വിദ്യാർത്ഥികളെ അവിടുന്നു് അഭിനന്ദിക്കുകയും വിശുദ്ധനും പണ്ഡിതനുമായ ധാരാളം വൈദികരെ ഈ സെമ്മിനാരി രൂപത്തിനു് പ്രദാനംചെയ്യട്ടെ എന്നു് ആശംസിക്കുകയുംചെയ്തു.

വൈകുന്നേരം അഞ്ചുമണിക്കു് തലശ്ശേരി മുൻസിപ്പാലിറ്റി ഗംഭീരമായ ഒരു സ്വീകരണം അദ്ദേഹത്തിനു നല്കി. മുൻസിപ്പൽ ചെയർമാൻ ശ്രീ. എ. പി. മൂസ്സ വായിച്ചു സമർപ്പിച്ച മംഗളപത്രത്തിൽ കത്തോലിക്കസഭ സാമൂഹ്യരംഗത്തും വിദ്യാഭ്യാസരംഗത്തും ചെയ്യുന്ന മഹത്തായ സേവനങ്ങളെ പ്രശംസിച്ചിരുന്നു. മാപ്പാപ്പാതിരുമേനിയുടെ പ്രതിനിധിയായ ഇൻവർനൺഷ്യോതിരുമേനിയെ സ്വീകരിക്കുവാൻ ഇടയായതിൽ മുൻസിപ്പാലിറ്റിക്കുള്ള സന്തോഷം പ്രത്യേകം രേഖപ്പെടുത്തുകയുണ്ടായി. ഇൻവർനൺഷ്യോ തിരുമേനി ചെയ്ത മറുപടിപ്രസംഗത്തിൽ ജാതിമതവ്യത്യാസംകൂടാതെ ഭാരതീയരായ നാം എല്ലാവരും സഹോദരസ്നേഹത്തോടും സഹകരണമനസ്ഥിതിയോടും കൂടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സദസ്യരെ പ്രത്യേകം ഉൽബോധിപ്പിച്ചു. നാനാജാതിമതസ്ഥരായ ഒരു വമ്പിച്ച ജനക്കൂട്ടം ഈ ചടങ്ങിൽ സംബന്ധിച്ചിരുന്നു. അന്നു രാത്രി 8 മണിക്കു് തിരുമേനിയുടെ ബഹുമാനാർത്ഥം ഇവിടെവച്ചു നടത്തപ്പെട്ട വിരുന്നുസല്ക്കാരത്തിൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥരായ പല മാന്യന്മാരും സന്നിഹിതരായിരുന്നു.

ഞായറാഴ്ച രാവിലെ 6-30നു് ഞങ്ങൾ പേരാവൂക്കു് പുറപ്പെട്ടു. യൂനിഫോറംധരിച്ച ആയിരക്കണക്കിനു് വിദ്യാർത്ഥിവിദ്യാർത്ഥിനികൾ പേപ്പൽപതാകകൾ വഹിച്ചുകൊണ്ടും ജയാരവങ്ങൾ മുഴക്കിക്കൊണ്ടും തിരുമേനിയെ സ്വീകരിച്ചു. പേരാവൂരിലേയും അടുത്തുള്ള ഇടവകകളിലേയും ആയിരക്കണക്കിനു് ആളുകൾ ഈ ചടങ്ങിൽ സംബന്ധിച്ചിരുന്നു. പള്ളിയിലെ സ്വീകരണച്ചടങ്ങുകൾക്കുശേഷം അവിടെനിന്നു് രണ്ടു ഫർലാങ്ങു് ദൂരമുള്ള ഹൈസ്കൂളിലേയ്ക്കു് ഘോഷയാത്രയായി പുറപ്പെട്ടു. കൊടി, കുട, വെടി മുതലായവകളോടൊപ്പംതന്നെ കുറെശ്ശെ മഴയും അകമ്പടിസേവിച്ചിരുന്നു. മഴയുണ്ടായിരുന്നിട്ടും വഴിനീളെ തടിച്ചുകൂടിയിരുന്ന ആയിരക്കണക്കിനു് ആളുകളുടെ ഉത്സാഹവും സന്തോഷവും കണ്ടു തിരുമേനി അത്യധികം ആഹ്ലാദഭരിതനായി. പുതിയതായി പണിതിരിക്കുന്ന ഹൈസ്കൂളിന്റെ മുഖപ്പിൽ പ്രത്യേകം തയ്യാറാക്കിയിരുന്ന അൾത്താരയിലാണു് തിരുമേനി ദിവ്യപൂജ അർപ്പിച്ചതു്

ദിവ്യബലിയും പരിശുദ്ധകുർബാനയുടെ വാഴ്വും കഴിഞ്ഞു് സ്വീകരണമഹായോഗം നടന്നു. യോഗത്തിൽ ശ്രുതവകയായും പേരാവൂർ ഇടവകവകയായും മംഗളപത്രങ്ങളും സുകൃതമഞ്ജരികളും സമർപ്പിക്കപ്പെട്ടു. കുട്ടികളെ പ്രതിനിധീകരിച്ചുകൊണ്ടു് 9-ാം ക്ലാസ്സിൽ പഠിക്കുന്ന ഫിലിപ്പ് എന്ന വിദ്യാർത്ഥി ചെയ്ത ശ്രദ്ധേയമായ ഇംഗ്ലീഷ് പ്രസംഗം അഭിവന്ദ്യ തിരുമേനിക്കും മറ്റുള്ളവർക്കും വളരെ ഇഷ്ടപ്പെട്ടു. സ്വീകരണത്തിനു മറുപടി പറഞ്ഞുകൊണ്ടു് തിരുമേനി ചെയ്ത പ്രസംഗത്തിൽ നമ്മുടെ ശ്രുതപത്നി പൊതുവിലും ആദ്യത്തെ കോളനിയായ പേരാവൂരിനു പ്രത്യേകവിധത്തിലും ഉണ്ടായിട്ടുള്ള അദ്ഭുതകരമായ പുരോഗതിയിൽ സന്തുഷ്ടിപ്രകടിപ്പിക്കുകയുണ്ടായി. ത്യാഗശീലരും വിശ്വാസസമ്പന്നരുമായ കുടിയേറ്റക്കാരുടെ മതൈതന്യത്തേയും സ്ഥിരോത്സാഹത്തേയും തിരുമേനി മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. അനന്തരം കുടിയേറ്റസ്മാരകമായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അനാഥശാലയുടെ ശിലാസ്ഥാപനം നിർവഹിച്ചു. ഭക്ഷണവും അല്പവിശ്രമവും കഴിഞ്ഞു് രണ്ടുമണിയോടുകൂടി ഞങ്ങൾ മാനന്തവാടിക്കു പുറപ്പെട്ടു.

ചുരംകയറി മുപ്പതാംമൈൽ എത്തിയപ്പോൾ അതാ വഴിവിലങ്ങെ കിടക്കുന്നു ഒരു വലിയ മരം! കാറ്റത്തു മറിഞ്ഞുവീണ ഒരു കൂറ്റൻ ഉണക്കമരം! അവന്റെ ആഞ്ഞടിച്ചുള്ള വീഴ്ചയിൽ അടുത്തുള്ള ചെറുമരങ്ങളും നിലംപതിച്ചുപോയി. ആകപ്പാടെ വഴിമുടഞ്ഞു! കാര്യങ്ങളെല്ലാം കുഴപ്പത്തിലായെന്നുതോന്നി. പക്ഷെ അങ്ങനെ വരുമോ! യാത്രാപരിപാടിയെല്ലാം സൗകര്യപ്രദമായിത്തീരുന്നതിനുവേണ്ടി വി. യൗസേപ്പിതാവിന്റെ സ്തുതിക്കായി പ്രത്യേകം കുർബാനയും ചൊല്ലി പ്രാർത്ഥിച്ചുകൊണ്ടാണു് ഞാൻ യാത്രയാരംഭിച്ചതുതന്നെ. അല്ലാതെ കുഴപ്പമൊന്നും ഉണ്ടാകയില്ലെന്നു് മുമ്പുണ്ടായിട്ടുള്ള പലപല അനുഭവങ്ങളുടെ വെളിച്ചത്തിൽ ഉറച്ചവിശ്വാസം എനിക്കുണ്ടായിരുന്നു. ഞങ്ങൾ കാറു നിറുത്തി ഇറങ്ങി. ഭാഗ്യവശാൽ മി. വി. ജെ. മാത്യു (വടക്കേക്കളം) യും പാട്ടിയും ഒരു ജീപ്പിൽ ഞങ്ങളെ അനുഗമിച്ചിരുന്നു. എന്തിനും തയ്യാറുള്ള അരഡസൻ ചെറുപ്പക്കാർ ജീപ്പിൽനിന്നും കാറിൽനിന്നുമായി രംഗത്തു പ്രത്യക്ഷപ്പെട്ടു. ആ കൂറ്റൻ തടിയുടെ അടുത്തുചെന്നു് പരിശോധിച്ചപ്പോൾ ഞങ്ങൾ കണ്ട കാഴ്ച അത്ഭുതകരമായിരുന്നു. അമ്പതു പേർ തള്ളിയാലും മാറുകയില്ലാത്ത ആ മരം അഞ്ചു പേക്കു് തള്ളിമാറ്റത്തക്കവിധത്തിൽ അഞ്ചാറു കഷണങ്ങളായി തകർന്നാണു് കിടന്നിരുന്നതു്—ആരോ വാളുകൊണ്ടു് അറുത്തു മുറിച്ചിട്ടിരിക്കുന്നതുപോലെ. ഒരുപക്ഷെ വല്ല വയസ്സൻ ആശാരിയും വന്നു മുറിച്ചിട്ടതായിരിക്കും! ഇൻറർനൺഷ്യേതിരുമേനിയുടെ സെക്രട്ടറി മോൺസിഞ്ഞോർ കാസിഡിയും നമ്മുടെ മുൻപറഞ്ഞ ചെറുപ്പക്കാരുംകൂടി മരം തള്ളിമാററി, റോഡ് ഗതാഗതസൗകര്യമുള്ളതാക്കി. മാനന്തവാടിയിലേയ്ക്കുള്ള യാത്രാമദ്ധ്യേ പോരൂർ, തവിഞ്ഞാൽ ഇടവകക്കാരുടെ വകയായി സ്വീകരണങ്ങൾ ഉണ്ടായിരുന്നു.

നാലുമണിക്കു് മാനന്തവാടിയിൽ എത്തിയപ്പോൾ വയനാട്ടിലെ ആയിരക്കണക്കിനു് ആളുകളും ബഹുമാനപ്പെട്ട വൈദികരുംകൂടി ആഡംബരപൂർവം ഞങ്ങളെ സ്വീകരിച്ചു. റോഡരുകിൽ പള്ളിക്കെട്ടിമായിത്തീർത്തിട്ടുള്ള മനോഹരമായ കുടിയേറ്റസ്മാരകപ്പന്തലിന്റെ അലങ്കാരപ്പണികളുടെ വെണ്മയിരിപ്പും ഉൽഘാടനവും നടത്തിയശേഷം പള്ളിയിലേയ്ക്കു് പുറപ്പെട്ടു. പള്ളിമുറ്റത്തു തയ്യാറാക്കിയിരുന്ന മനോഹരമായ പന്തലിൽവെച്ചു നടന്ന സ്വീകരണമഹായോഗത്തിൽ മാനന്തവാടിയിലെ പൗരന്മാരുടെ വകയായ മംഗളപത്രം വയനാട്ടു് എം. എൽ. എ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ അവർകൾ വായിച്ചു സമർപ്പിച്ചു. ഇടവകക്കാരുടെ വകയായിട്ടുള്ള മംഗളപത്രവും പ്രാർത്ഥനമഞ്ജരിയും അനന്തരം സമർപ്പിക്കപ്പെട്ടു. സ്വീകരണപടങ്ങുകൾക്കു് മറുപടി പറഞ്ഞുകൊണ്ടു് അഭിവന്ദ്യ തിരുമേനി വയനാട്ടിലെ ജനങ്ങളുടെ ത്യാഗശീലത്തേയും സഹകരണമനോഭാവത്തേയും പ്രത്യേകം പ്രശംസിക്കുകയുണ്ടായി. സ്വീകരണപടങ്ങൾക്കുശേഷം തിരുമേനി ദിവ്യബലി അർപ്പിക്കുകയും പരിശുദ്ധകുർബാനയുടെ വാഴ്വു് നടത്തുകയുംചെയ്തു. അനന്തരം സ്കൂൾ ഹോളിൽവെച്ചു നടത്തപ്പെട്ട ടിപാർട്ടിയിൽ നൂറിൽപരം മാന്യന്മാർ സംബന്ധിച്ചു. പാർട്ടിയും പരസ്പരോപചാരപ്രസംഗങ്ങളും മറുപടിയുമെല്ലാം കഴിഞ്ഞു് നമ്മുടെ സെൻറ് ജോസഫ്സ് പ്രസ്സും ഗിരിദീപം ഓഫീസ്സും ആരാധനമഠവും സന്ദർശിച്ചു. മഠത്തിൽവെച്ചു വയനാട്ടിലെ എല്ലാ മഠങ്ങളിലെ ബ. സിസ്റ്റേഴ്സും കൂടി ഇൻറർനൺഷ്യേതിരുമേനിയെ സ്വീകരിച്ചു ജ്ഞാനപുഷ്പമഞ്ജരി സമർപ്പിച്ചു. ഏഴുമണിക്കു ഞങ്ങൾ തലശ്ശേരിക്കു പുറപ്പെട്ടു. കഴിയുന്നതുംവേഗം തലശ്ശേരിയിൽ എത്തുവാൻവേണ്ടി വളരെവേഗമാണു് യാത്രചെയ്തിരുന്നതെങ്കിലും ചുരം ഇറങ്ങാറായപ്പോൾ മണ്ണിടിച്ചിൽമൂലം ഗതാഗതം നിന്നുപോയി. ശക്തിയായ മൂടൽമഞ്ഞുണ്ടായിരുന്നതുകൊണ്ടു് ചുരം ഇറങ്ങിയുള്ള യാത്ര വളരെ സാവകാശത്തിലും സൂക്ഷിച്ചും ചെയ്യേണ്ടിവന്നു. ജപമാലയുടെ ശക്തിയും "മണിയുടെ" സാമർത്ഥ്യവും കൊണ്ടു അപകടമൊന്നുംകൂടാതെ 6മണിയോടുകൂടി തലശ്ശേരിയിൽ എത്തി.

തിങ്കളാഴ്ച രാവിലെ ദിവ്യബലിക്കുശേഷം സെമ്മിനാരിവിദ്യാർത്ഥികളുടെ യാത്രാ മംഗളങ്ങളും സ്വീകരിച്ചുകൊണ്ടു് 7മണിക്കു ഞങ്ങൾ മരിയാപുരത്തുനിന്നു പുറപ്പെട്ടു. ഇവിടെനിന്നും 90 മൈൽ അകലെ—തൃശ്ശൂർക്കുപോകുന്ന വഴിക്കുള്ളതാണു് മരിയാപുരംപള്ളി. അതിനിടയ്ക്കു് അങ്ങാടിപ്പുറത്തും ഫാത്തിമാഎസ്റ്റേറ്റിലും സ്വീകരണങ്ങൾ ഉണ്ടായിരുന്നു. 11മണിയോടുകൂടി ഞങ്ങൾ മരിയാപുരം പള്ളിയിലെത്തി. 250 വീട്ടുകാർ മാത്രമുള്ള ഒരു ചെറിയ ഇടവകയാണെങ്കിലും മരിയാപുരംകാർ വളരെ ഹൃദ്യമായ ഒരു സ്വീകരണമാണു് നല്കിയതു്. സ്വീകരണപടങ്ങും പരിശുദ്ധകുർബാനയുടെ വാഴ്വും കഴിഞ്ഞശേഷം സ്കൂളിൽവച്ചു നടന്ന സ്വീകരണയോഗത്തിൽ കുട്ടികളുടെ കലാപരിപാടികളും മറ്റും ഉണ്ടായിരുന്നു. ഉച്ചഭക്ഷണത്തിനുശേഷം സ്ഥലത്തുള്ള തിരുഹൃദയമഠം സന്ദർശിക്കുകയും അനാഥശാലയുടെ ശിലാസ്ഥാപനം നടത്തുകയുംചെയ്തു. നാലുമണിക്കു് മരിയാപുരത്തുനിന്നും 4മൈൽ അകലെ മാലപ്പറമ്പിൽ പുതിയപള്ളി പണിയുവാനായി വാങ്ങിയിരിക്കുന്ന സ്ഥലവും മറ്റും സന്ദർശിച്ചശേഷം 5മണിയോടുകൂടിയാത്രതുടരുകയും 6-30നു് തൃശ്ശൂർ അരമനയിൽ എത്തുകയുംചെയ്തു.

മറ്റു രൂപതകളിൽ ഉള്ളതുപോലെ ബ്രഹ്മാണ്ഡമായ ദേവാലയങ്ങളോ മനോഹരമായ കലാശാലാമന്ദിരങ്ങളോ ഇല്ലെങ്കിലും സ്നേഹസമ്പന്നരും ത്യാഗശീലരുമായ ഒന്നരലക്ഷത്തിലധികം കത്തോലിക്കർ ഉ

(ശേഷം 27-ാം പേജിൽ)

അമ്മച്ചി

ജി. സി. ടീലാർ

(തുടർച്ച)

ജോസുകുട്ടി ഒരു സാമ്പത്തികവിദഗ്ദ്ധൻ!
ആ അഭിപ്രായത്തിനുനേരെ കൊഞ്ഞനംകാണിക്കുവാനാണു് ലീലാമ്മയ്ക്കു തോന്നിയതു്.

ഭർത്താവു് ഒരു സാമ്പത്തികവിദഗ്ധൻ

ലീലാമ്മയുടെ പുത്തൻവീടു് മനോഹരമായിരിക്കുന്നു. അതിന്റെ അയൽപക്കത്തു് താമസക്കാരായി ആരും തന്നെയില്ല. കാറും ബസ്സും ഓട്ടുന്ന വഴിയിൽ നിന്നാൽ ആ ബ്രഹ്മാണ്ഡമായ കെട്ടിടം ആരും കാണുകയുമില്ല. അതിന്റെ ചുറ്റും കുറെ കുറ്റിക്കാട്ടുകളുമുണ്ടു്. മുയലിനും കുറുനരിക്കും വസിക്കുവാൻ മാത്രം അതു പള്ളപിടിച്ചിട്ടില്ല. അരണയും ഓന്തും ചേരയും തുമ്പിയും അവിടത്തെ താമസക്കാരാണു്. ഒരു ലക്ഷപ്രഭുവായ ജോസുകുട്ടി ഇത്ര മനോഹരമായ മരു സൗധം ഒരു കാട്ടിനകത്തു് കെട്ടിപ്പൊക്കിയതെന്തിനെന്നു് പലരും ചോദിക്കാറുണ്ടു്. പലരും പല കാരണങ്ങളും പറഞ്ഞുവരുന്നുണ്ടു്. വിരുന്നുകാരുടെ ശല്യം കുറയാനാണെന്നു ചിലർ. യാചകന്മാർ എളുപ്പത്തിൽ അവിടെ ചെന്നെത്താതിരിക്കുവാനാണെന്നു മറ്റുചിലർ. രണ്ടും ശരിയായിരിക്കാം. പക്ഷേ ലീലാമ്മ പറയുന്ന കാരണം മറ്റൊന്നാണു്. ധ്യാനം പ്രാർത്ഥന തപസ്സു് പ്രായശ്ചിത്തം ഇതിനെല്ലാം പറ്റിയതുള്ളെ വിജനപ്രദേശം.

അന്നച്ചേകഴിഞ്ഞു് മേരിയും രാജമ്മയും കൂടി ലീലാമ്മയുടെ പുത്തൻവീട്ടിലേക്കു വന്നു. അവിടെ കൂട്ടുവാനായിരുന്ന അവരുടെ മുൻനിശ്ചയം. രണ്ടുനാഴിക ദൂരെനിന്നും നടന്നുവന്നവർക്കു് കുടിക്കുവാൻ വല്ലതും കൊടുക്കണമെന്നേ ലീലാമ്മയ്ക്കു തോന്നിയില്ല. തന്റെ മഹിമയും പ്രതാപവും കാണുവാൻ അവക്കൊരവസരം നൽകിയതുതന്നെ ഒരു ജീവകാരുണ്യപ്രവൃത്തിയല്ലേ എന്നായിരുന്നു അവളുടെ വിചാരം. രണ്ടുപേരുംകൂടി വളരെ അന്വേഷിച്ചാണു് ലീലാമ്മയെ കണ്ടുപിടിച്ചതുതന്നെ. വായു അടിച്ചുകയറ്റിയ ഒരു റബർകിടക്കയുടെ മുകളിൽ നാല്പ തലയിണകൾ അടുക്കിവച്ചു് അവൾ കിടന്നുരുണ്ടുകയായിരുന്നു. ഉച്ചകഴിയുമ്പോൾ അവൾക്കങ്ങനെ ഒരുറക്കം പതിവാണു്.

ഉറക്കത്തിൽനിന്നും വിളിച്ചുണർത്തിയതു് തനിക്കത്ര രസിച്ചില്ലെന്നായിരുന്നു അവളുടെ ഭാവം. എങ്കിലും മേരിയുടെ പക്കൽ ഇതൊന്നും അത്രവേഗം വിലപ്പോകയില്ലെന്നു് അവൾക്കറിയാമായിരുന്നു അതുകൊണ്ടു് അവൾ പറഞ്ഞു: "നിങ്ങൾ ക്ഷമിക്കണേ. നിങ്ങൾക്കു് ഈ പുത്തൻ വീടു കാണുവാൻ താല്പര്യമായിരിക്കുമല്ലൊ. ഇതു കണ്ടവർ കണ്ടവർ എല്ലാം അത്ഭുതപ്പെടുകയായിരുന്നു; കേവലം ഒരു പെണ്ണിനെക്കൊണ്ടു തന്നെ ഇത്രയൊക്കെ സാധിച്ചല്ലൊ എന്നു്."

മേരിക്കും രാജമ്മയ്ക്കും യാതൊരത്ഭുതവും തോന്നിയില്ല. മേരി ചോദിച്ചു: "ഈ കെട്ടിടംപണിയിൽ നീ എന്തു ചെയ്തു എന്നാണു് നീ പറയുന്നതു്? പണിക്കാർ പണിതു, പണിനോക്കി കൂലികൊടുത്തതു കൺട്രാക്ടർ, പിന്നെ നീ വല്ലപ്പോഴും കാഴ്ചക്കാരെപ്പോലെ ഈ കെട്ടിടം ഉയർന്നുവരുന്നതു നോക്കിനിന്നായിരിക്കും. കെട്ടിടം സാമാന്യം നല്ലതാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ ഇതിനുവേണ്ടി ചെലവാക്കിയിരിക്കുന്ന തുക വച്ചുനോക്കുമ്പോൾ ഇതൊരു വിജയമാണെന്നു കരുതുവാൻ പ്രയാസം. ജോസുകുട്ടി ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ലീലാമ്മയുടെ തന്നിഷ്ടം ഇത്രയ്ക്കു നടക്കുമായിരുന്നു. അദ്ദേഹം ഒരു സാമ്പത്തികവിദഗ്ദ്ധനാണു്."

യാചകന്മാർ

ജോസുകുട്ടി ഒരു സാമ്പത്തികവിദഗ്ദ്ധൻ! ആ അഭിപ്രായത്തിനുനേരെ കൊഞ്ഞനംകാണിക്കുവാനാണു് ലീലാമ്മയ്ക്കു തോന്നിയതു്. ജോസുകുട്ടി മാസംതോറും തടിച്ച ഒരു ശമ്പളം വാങ്ങുന്നു എന്നതു ശരിതന്നെ. പക്ഷേ അദ്ദേഹത്തിനു വേണ്ടവിധത്തിൽ ചെലവുചെയ്യാനറിഞ്ഞുകൂടാ. അവൾ കുറേ ചരിത്രങ്ങൾ പറയുവാൻ തുടങ്ങി. "അമ്മച്ചി വില്യംറോബി എന്നൊരു മനുഷ്യനെപ്പറ്റി കേട്ടിട്ടുണ്ടോ? അയാൾ ആസ്ത്രേലിയായിൽ ബല്ലാറട്ട് എന്ന സ്ഥലത്തു ഭിക്ഷയാചിച്ചുനടന്നിരുന്നവനാണു്. അയാളുടെ ദയനീയസ്ഥിതി കാണുന്നവർ അയാൾക്കെന്തെങ്കിലും കൊടുക്കാതെ കടന്നുപോയിരുന്നില്ല. ഒടുവിൽ വില്യംറോബി ഒരു നാട്ടുവഴിയിൽ കിടന്നു മരിച്ചു. അയാളുടെ ദേഹം പരിശോധിച്ചപോലീസുകാർ അയാളുടെ കീറിപ്പറിഞ്ഞ ഷർട്ടിന്റെ പോക്കറ്റിൽനിന്നും ഒരു വിൽപത്രം കണ്ടെടുക്കുകയുണ്ടായി. അയാളുടെ സമ്പാദ്യമായ 28000 പവൻ ധർമ്മസ്ഥാപനങ്ങൾക്കു നൽകുവാനാണു് വ്യവസ്ഥ ചെയ്തിരുന്നതു്. അതറിഞ്ഞപ്പോൾ ലോകം അത്ഭുതപ്പെട്ടുപോയി. 28000 പവൻ ഒളിച്ചുവച്ചുകൊണ്ടു് അയാൾ യാചകവേഷംകെട്ടി നടക്കുകയായിരുന്നല്ലൊ."

"അതു നല്ലൊരു കഥയാണു്" അമ്മച്ചി പറഞ്ഞു: "അയാൾ തന്റെ ജീവിതത്തെ ധർമ്മസ്ഥാപനങ്ങൾക്കായി ബലിയർപ്പിച്ചു എന്നാണു മനസ്സിലാക്കേണ്ടതു്. ഇത്തരം യാചകന്മാർ ധാരാളം ഉണ്ടാകട്ടെ എന്നാണെന്റെ പ്രാർത്ഥന. ധർമ്മസ്ഥാപനങ്ങൾക്കുവേണ്ടി ഒരു പണപ്പിരിവെന്നു പറഞ്ഞാൽ പണം കൊടുക്കുവാൻ പലർക്കും മടിയാണു്. വില്യം റോബി സ്വന്തം ഉദരത്തിനുവേണ്ടി യാചിച്ചു. എന്നാലും അയാൾ സ്വന്തം ഉദരത്തെ പൂജിച്ചില്ല. തനിക്കുവേണ്ടി ഒന്നുംതന്നെ ചെലവാക്കാതെ അയാൾ പൊതുസ്ഥാപനങ്ങൾക്കുവേണ്ടി നീക്കിവച്ചു."

അമ്മച്ചിയെ പിന്താങ്ങുവാനെന്ന മട്ടിൽ രാജമ്മ പറഞ്ഞു: "അയാളെ ഒരു സാമ്പത്തികവിദഗ്ദ്ധൻ എന്നല്ല ഞാൻ വിളിക്കുന്നതു്; ഒരു യാചകവിദഗ്ദ്ധൻ എന്നു

തന്നെ, പണം അയാൾ നല്ലകാര്യങ്ങൾക്കുവേണ്ടിയാണു് നീക്കിവച്ചതെങ്കിലും ബഹുജനത്തെ അയാൾ കബളിപ്പിച്ചു എന്ന കുറ്റം അയാളിൽ ചുമത്താതിരിക്കുവാൻ തരമില്ല,"

"ബർലിൻ പട്ടണത്തിലെ ഒരു ഫ്രാങ്കഫർട്ടർ എന്നുചെയ്യു എന്നു ഞാൻ കേട്ടിട്ടുണ്ടു്. ദയനീയശ്രുപത്തിലാണു് അദ്ദേഹം തെരുവീഥികളിൽ പ്രത്യക്ഷപ്പെടാറുണ്ടായിരുന്നതു്. ഒരിക്കൽ അന്തിച്ചോറിനുവേണ്ടി അലഞ്ഞുനടന്നിരുന്നപ്പോൾ അയാൾ മരിച്ചുവീണു. മൃതശരീരം സംസ്കരിക്കുവാൻ ആളുകൾ ഒരു പിരിവു നടത്തി. പ്രേതം മറവുചെയ്യുവാൻ ചെന്നവർ കണ്ടതു് എന്താണെന്നോ. ഫ്രാങ്കഫർട്ടിന്റെ പഴഞ്ചണികൾ കുള്ളിൽ സെക്യൂരിറ്റിബോണ്ടുകളും പണവുമായി 10000പവന്റെ കളങ്കമറ്റ സമ്പാദ്യം. അയാൾ ഒരു വിൽപ്പത്രവും എഴുതിവച്ചിരുന്നില്ല. ഗവണ്മെന്റിനു് അതു മുതൽക്കൂട്ടായിത്തീർന്നിരിക്കാം.

"ഇനി ബുഡാപ്പെസ്റ്റിലെ ഒരു യാചകന്റെ കഥ കേട്ടുകൊള്ളുക. ജർലാഷ് എന്നാണു് അയാളുടെ പേരു്. അയാളുടെ പരമദയനീയമായ സ്ഥിതികണ്ടു് സഹയാത്രക്കാരായ പിച്ചക്കാർപോലും അയാൾക്കു ധർമ്മംകൊടുത്തിരുന്നു. എന്നാൽ അയാൾ മരിച്ചപ്പോൾ 9000 പവനാണു് അയാളുടെ കീറത്തുണികൾക്കിടയിൽനിന്നും കണ്ടെടുത്തതു്. അതോടുകൂടി അയാളുടെ ഒരു പഴയ ചരിത്രവും വെളിപ്പെട്ടു.

"ഒരു ദിവസം രാത്രിയിൽ ഒരു പ്രഭുകുടുംബത്തിൽനിന്നും ഒരു വൻതുക അപഹരിച്ചുകൊണ്ടു് അയാൾ നാടുവിട്ടതാണു്. പോലീസിൽനിന്നും രക്ഷപ്പെടുവാൻ അയാൾ യാചകവേഷം ധരിച്ചു ഭിക്ഷാടനം തുടങ്ങി. ഭിക്ഷാടനം ഏറ്റവും ആദായകരമായ ഉദ്യോഗമെന്നു് അയാൾക്കു് ഏറെത്താമസിയാതെ ബോദ്ധ്യപ്പെട്ടു. പിന്നീടു് അയാൾ ഒരു സ്ഥിരം യാചകനായി മാറി. ധാരാളം സമ്പാദ്യമുണ്ടായിട്ടും അതുപയോഗിക്കാതെ എച്ചിൽ ഭക്ഷിച്ചു് ഏറ്റവും ഹീനമായ രീതിയിൽ മരണംവരെ തന്റെ ജീവിതത്തെ ജർലാഷ് വലിച്ചുനീട്ടി.

ഒരു ലണ്ടൻ യാചകൻ

"ഒരു ലണ്ടൻ യാചകന്റെ കഥയാണു് ഇതിലും വിചിത്രം. തളർവാതക്കാരനായിട്ടാണു് ഇയ്യാൾ അഭിനയിച്ചുനടന്നതു്. പൊതുജനങ്ങളുടെ അനുകമ്പ ചിറകുവിരിച്ചു. അയാൾക്കു ധാരാളം പണംകിട്ടി. ഗ്രാമപ്രദേശത്തു് അയാൾ ഒരു നല്ല വീടു പണിയിച്ചു. റേഡിയോയും കാറും അയാൾക്കു സ്വന്തമായുണ്ടായി. പക്ഷേ തന്റെ രഹസ്യസങ്കേതത്തിൽനിന്നും പട്ടണത്തിൽ വരുമ്പോഴെല്ലാം അയാൾ തളർവാതരോഗിതന്നെ. എന്നാൽ ഒരിക്കൽ അയാൾക്കൊരമിളി പറ്റി. മറ്റാരും ഇല്ലെന്നുള്ള ധാരണയിൽ അയാൾ പുന്തോട്ടത്തിലൂടെ ഉലാത്തുകയായിരുന്നു. അപ്പോഴാണു് പട്ടണത്തിൽനിന്നും വന്ന രണ്ടുമൂന്നുപേർ ഗയിറ്റു കടന്നു് അകത്തേയ്ക്കു കയറിയതു്. തളർവാതരോഗിയാകുവാൻ മാത്രമുള്ള സമയം അയാൾക്കു ലഭിച്ചില്ല. അതിനോടെ അയാളുടെ പൂച്ചു പുറത്തായി. എന്നാലും മനോഹരമായ ആ വീടിനും കാറിനും കോട്ടമൊന്നുമുണ്ടായില്ല."

ടെൽബട്ട് നിക്കൾസൺ

രാജമ്മയ്ക്കു് ഈ കഥകളെല്ലാം എവിടെനിന്നു കിട്ടി എന്നായിരുന്നു അമ്മച്ചിയുടേയും ലീലാമ്മയുടേയും വിചാരം. അമ്മച്ചി ചോദിച്ചു: "നിനക്കിതെല്ലാം ഏവിടെനിന്നു കിട്ടി? എല്ലാം നല്ല കഥകൾ. ഇത്തരം ചിലതെല്ലാം നമ്മുടെ ദേശങ്ങളിലും നടക്കുന്നുണ്ടെന്നു തോന്നുന്നു."

"അമ്മച്ചിക്കറിഞ്ഞുകൂടേ 'വനിതാരാമം' എന്നൊരു മാസിക, അതിൽ ഒരു സരോജിനിയമ്മ എഴുതിയിരുന്നതാണു്" ഇതെല്ലാം. 1958 ലെ ഫെബ്രുവരിലക്കം ഒന്നു നോക്കുക."

1958 ലെ വനിതാരാമം! അന്നു വായിച്ച കാര്യങ്ങൾ രാജമ്മ ഓർത്തിരിക്കുന്നു! അമ്മച്ചിക്കും ലീലാമ്മയ്ക്കും വിസ്മയം തോന്നി. അമ്മച്ചി പറഞ്ഞു. എന്നാൽ അടുത്തകാലത്തു നടന്ന ഒരു കാര്യം ഞാൻ പറയാം. 1962 ഏപ്രിൽമാസത്തിലാണു് 91 വയസ്സുകാരനായ ടെൽബട്ട് നിക്കൾസൺ എന്നയാൾ മരിച്ചതു്. ഒരു പട്ടദരിദ്രനെപ്പോലെ അയാൾ കാനഡായിൽ ജീവിച്ചിരുന്നു. 1890-ൽ നൊർവീജിയായിൽനിന്നും കാനഡായിൽ കുടിയേറിപ്പാർത്തതാണു് അയാൾ. സ്വന്തക്കാരായി അയാൾക്കു് ആരുമുണ്ടായിരുന്നില്ല. ഭിക്ഷാടനംചെയ്തു ജീവിച്ചിരുന്ന അയാൾക്കു് സെക്യൂരിറ്റികളിലായി 26000 ഡോളറും ബാങ്കുനിക്ഷേപങ്ങളിലായി 7000 ഡോളറും 1 ലക്ഷം ഡോളർ വിലവരുന്ന സ്വത്തുക്കളും ഉണ്ടായിരുന്നുവെന്നാണു് പിന്നീടറിയുവാൻ കഴിഞ്ഞതു്. ഇങ്ങനെ യാചിക്കുന്ന ഒരു യാചകനാണു് ജോസുകുട്ടി എന്നാണൊ ലീലാമ്മയുടെ അഭിപ്രായം?"

എന്തൊരു തെറ്റിദ്ധാരണ! നാം ഏവരും ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരുവിധത്തിൽ യാചകന്മാരല്ലെ? യാതൊരു ജോലിയും ചെയ്യാത്തവർ മറെറാരുത്തന്റെ ഔദാര്യത്തോടു യാചിക്കുന്നു. ജോലി ചെയ്യുന്നവൻ അപരന്റെ നീതിയോടു യാചിക്കുന്നു. എല്ലാ മനുഷ്യരും ദൈവത്തിന്റെ കാരുണ്യത്തോടു യാചിക്കുന്നു. പണം പൂഴ്ത്തിവച്ചിട്ടു് ഒന്നുമില്ലെന്നുപറഞ്ഞു യാചിക്കുന്നവൻ ഒരു കള്ളനാണു്. കിട്ടുന്ന ശമ്പളത്തിൽനിന്നു ന്യായമായ ഒരു തുക സ്വന്തം ചെലവിനു വേണ്ടി നീക്കിവയ്ക്കാത്തവൻ തന്നെത്തന്നെ വഞ്ചിക്കുന്നവനാണു്.

ലീലാമ്മ തന്റെ അഭിപ്രായം അങ്ങനെ വെട്ടിത്തുറന്നൊന്നും പറഞ്ഞില്ല. സ്ത്രീ ഒന്നുകിൽ സ്നേഹിക്കും അല്ലെങ്കിൽ ദ്വേഷിക്കും. മൂന്നാമതൊരു മാർഗ്ഗം അവൾക്കില്ല എന്ന ലത്തീനിൽ ഒരു പഴഞ്ചൊല്ലുണ്ടു്. ജോസുകുട്ടിയെപ്പറ്റിയും അദ്ദേഹത്തിന്റെ ആളുകളെപ്പറ്റിയും എപ്പോഴും പുച്ഛരസത്തിൽ സംസാരിക്കുന്ന ആ സ്ത്രീ ജോസുകുട്ടിയെ സ്നേഹിക്കുന്നു എന്നു പറയുവാൻ നിവൃത്തിയില്ല. പിന്നെ എന്തു ചെയ്യുന്നുവെന്നു് പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലൊ.

"നിങ്ങൾക്കു് ഈ വീടെല്ലാം ഒന്നു ചുറ്റിനടന്നു കാണണ്ടെ?" ലീലാമ്മ ചോദിച്ചു. "വരുന്നവരെല്ലാം ഇതൊന്നു കാണണമെന്നു പറഞ്ഞു ഒന്നു ചുറ്റിക്കറങ്ങിയിട്ടേ പോകൂ. ഇതിൽ പലതും എന്റെ സ്വന്തം പ്ലാനാണു്. കല്ലാശാരിമാരും മരയാശാരിമാരും അത്ഭുതപ്പെട്ടുപോയി ഞാൻ ഈ പ്ലാനെല്ലാം എവിടെനിന്നു പഠിച്ചു എന്നു വിചാരിച്ചു്. വാസ്തവം പറഞ്ഞാൽ എനിക്കൊരു പ്ലാനുമില്ല. എല്ലാം എന്റെ ഔസേപ്പുപുണ്യവാനാണു് സാധിച്ചുതരുന്നതു്. എനിക്കു് ആ പുണ്യവാനോടെ ഭക്തിയുള്ളൂ. ഞായറാഴ്ചകർ

ബാന മുടങ്ങിപ്പോയാലും ബുധനാഴ്ച ഞാൻ പള്ളിയിൽ പോകാതിരിക്കയില്ല."

അമ്മച്ചിയും രാജമ്മയും കൂടി ആ പുത്തൻവീട്ടു മുറ്റിനടന്നു കാണുവാൻ പുറപ്പെട്ടു. കൂട്ടത്തിലുണ്ടായിരുന്നു ലീലാമ്മയും. അവർ പല കാഴ്ചകളും കണ്ടു. ഒരു സ്ഥലത്തു ഭിത്തിമുഴുവനും കരിക്കട്ടകൊണ്ടു് എഴുതിയും വരച്ചും വച്ചിരിക്കുന്നു. ഒരു മൂറിയുടെ കോണിൽ ചുക്രിവലയും കാണുകയുണ്ടായി. രാജമ്മ കുറെ വെള്ളം കൊണ്ടുവന്നു് തുണിമുക്കി ആ ഭിത്തിയേലെ എഴുത്തും പടങ്ങളും മായിച്ചുകളഞ്ഞു. അമ്മച്ചി ഒരു ചൂലെടുത്തുകൊണ്ടുവന്നു ചുക്രിയും അടിച്ചുകളഞ്ഞു. ലീലാമ്മയുടെ മുഖം ഭ്ലാനമായിപ്പോയി. അവൾ പറഞ്ഞു; "ആ വികൃതിപ്പെണ്ണിന്റെ പണിയാണു് ഭിത്തിമേൽ കാണുന്നതു്. ഇവിടെ വേലക്കാരുടെ ആവശ്യമില്ലാത്തതുകൊണ്ടു് ഞാൻ ഒരുത്തരേയും നിറുത്തിയിട്ടില്ല. അതുകൊണ്ടു് അടിയും വാരും അമാന്തമായിപ്പോകുന്നു."

എന്തൊരു നീതികരണം! അവർ രണ്ടുപേരേയും തൃപ്തിപ്പെടുത്തിയില്ല. അമ്മച്ചി പറഞ്ഞു: "ഒരു വേലക്കാരിയെ മറെറാന്നിനും ആവശ്യമില്ലെങ്കിലും ഈ നല്ല വീടു തുടച്ചു വൃത്തിയാക്കിയിടുവാൻ വേണ്ടിയെങ്കിലും ഒരാളെ നിറുത്തണം. അതൊരു നഷ്ടമായി കരുതരുതു്. ഭർത്താവു് ഒരു സാമ്പത്തികവിദഗ്ധനായിരിക്കണമെന്നു പറഞ്ഞാൽ ലീലാമ്മ എന്തു മനസ്സിലാക്കുന്നു. ബാങ്കിൽ ഒരു വലിയ തുകയുണ്ടായിരിക്കണം, അയാൾക്കു് എന്നാണൊ അർത്ഥം?

അതിനപ്പുറത്തേക്കു് ചിന്തിക്കുവാൻ ലീലാമ്മക്കു കഴിഞ്ഞിട്ടില്ല. ബാങ്കിൽ നല്ലൊരു നിക്ഷേപം, താമസിക്കുവാൻ മനോഹരമായ ഒരു ബംഗ്ലാവു്, സഞ്ചരിക്കുവാൻ ഒരു നല്ല കാറു്, തിന്നാൻ വിറകാമിനുള്ള സാധനങ്ങൾ– ഇത്രയും ഉണ്ടെങ്കിൽ ജീവിതം ആനന്ദകരമായിരിക്കും എന്നാണു ലീലാമ്മയുടെ അഭിപ്രായം. അവൾ പറഞ്ഞു: "ഞാനൊരു സംസ്കൃതശ്ലോകം പഠിച്ചിട്ടുണ്ടു്. അതെന്താണെന്നു കേൾക്കണോ?

യസ്യാസ്തി വിത്തം സ നരഃ കുലീനഃ;
സ പണ്ഡിതഃ; സ ശ്രുതവാൻ ഗുണജ്ഞഃ;
സ ഏവ വക്താ സദർശനീയഃ;
സർവ്വേ ഗുണാഃ കാഞ്ചനമാശ്രയന്തേ

ഇതിന്റെ അർത്ഥംകൂടി ഞാൻ പറഞ്ഞേക്കാം. ധനമുള്ളവനാരോ അവനാണു സാക്ഷാൽ കുലീനനും, പണ്ഡിതനും, കീർത്തിമാനും, ഗുണവാനും, വാഗ്മിയും, ഹൃദ്യനും, കോമളനും. സർവ്വഗുണങ്ങളും ധനത്തെയാണു് ആശ്രയിച്ചുനില്ക്കുന്നതു്. ഒരു സ്ത്രീയെ സംബന്ധിച്ചും ഇതുതന്നെ പറയാം. നല്ല ഒരു തുക സ്ത്രീധനമായി കൊടുക്കാമെങ്കിൽ പുരുഷന്റെ മുമ്പിൽ സ്ത്രീ സർവ്വഗുണങ്ങളും തികഞ്ഞവളായി പരിണമിക്കും. അതിനു പല ഉദാഹരണങ്ങളും നമുക്കുണ്ടല്ലൊ. അതുകൊണ്ടു് പണം എത്രമാത്രം സമ്പാദിച്ചാലും അതു് അധികമായിപ്പോകുന്നതല്ല. ധനസ്ഥിതിയനുസരിച്ചേ ഇന്നൊരു കുട്ടം ബന്ധിനു കീർത്തിയും മാനവും ഉണ്ടാകയുള്ളൂ. പണത്തിന്റെ കാര്യത്തിൽ എന്റെ ജോസുകുട്ടി ഒരു ഷൈലോക്കാണു്. ഒരു മനുഷ്യനും അദ്ദേഹത്തിൽനിന്നും ഒരു പൈസാ ദാനമായി വാങ്ങാമെന്നു വിചാരിക്കേണ്ടാ. തന്റെ വിലപ്പും നിലപ്പും അനുസരിച്ചുള്ള ചെലവു ചെയ്യാനും അദ്ദേഹം സന്നദ്ധനല്ല.

"ഇങ്ങനെയെല്ലാം അദ്ദേഹം പണം സമ്പാദിച്ചു സൂക്ഷിച്ചാൽ ഞാനും മക്കളുമാണല്ലൊ അതിന്റെ ഗുണമനുഭവിക്കാൻ പോകുന്നതു് എന്നൊരു സന്തോഷമാത്രം എനിക്കുണ്ടു്. എന്നാലും അദ്ദേഹം ഒരു സാമ്പത്തികവിദഗ്ധനാണോ എന്നു ചോദിച്ചാൽ അതെ എന്നു ഞാൻ മറുപടി പറയുകയില്ല. സമ്പാദ്യത്തിൽ മാത്രമല്ല വ്യയത്തിലും ഒരാൾ ധനികനായിരിക്കണമെന്നാണു് എന്റെ അഭിപ്രായം. അമ്മച്ചിയും രാജമ്മയും എന്തുപറയുന്നു?"

ഉപജ്ജാതാം വിത്താനാം ത്യാഗ എവഹി–
രക്ഷണം (ഇവാംഭസാം)
തടാകോദര സംസ്ഥാനാം പരിവാഹാ ഇവാം–
ഭസാം.

തടാകത്തിൽ വെള്ളം കെട്ടിനിന്നാൽ അതു ചീത്തയാകും. അതിനെ ശുദ്ധമാക്കുവാനുള്ള വഴിയാണു് ഒരോവുതീത്തു വെള്ളം പുറത്തേക്കു വിടുക എന്നതു്. അതുപോലെതന്നെയാണു് ധനത്തിന്റെ സ്ഥിതിയും. അതു് ഒരാളിൽതന്നെ കെട്ടിനിന്നാൽ അതു് അയാളെ ദുഷിപ്പിക്കും. ധനം പുറത്തേക്കു വിടുന്നതു ദാനധർമ്മാദികൾ വഴിയാകുന്നു.

രാജമ്മയാണു സംസാരിക്കുവാൻ തുടങ്ങിയതു്. "ശരിയായി സമ്പാദിക്കേണ്ടതു് എങ്ങനെയെന്നു പോലും അറിഞ്ഞുകൂടാത്ത ഒരാളാണു ജോസുകുട്ടി എന്നെനിക്കു തോന്നുന്നു. പണംകൊണ്ടെറിഞ്ഞാലേ പണത്തിൽ കൊള്ളൂ എന്നൊരു ചൊല്ലുണ്ടല്ലൊ. അതു് വളരെ വാസ്തവമാണു്. കൂട്ടുതൽ മുതൽ മുടക്കുന്നവനു് കൂട്ടുതൽ ആദായം കിട്ടുമെന്നു തീച്ചു. പണം ശരിയായി വിനിയോഗിക്കുവാൻ അറിയാവുന്നവനു് രണ്ടു നേട്ടങ്ങളാണുണ്ടാകുന്നതു്. പണംതന്നെ വർദ്ധിക്കും. തന്റെ പണം മറുള്ളവർക്കു പ്രയോജനപ്പെടുകയും ചെയ്യും.

"പ്രശസ്തി, പ്രതാപം എന്നൊക്കെ പറയുന്നതെന്താണു്? ചുണ്ടു ഇട്ടും വലവച്ചും പിടിക്കാവുന്ന സാധനങ്ങളല്ല രണ്ടും. അവ മനുഷ്യന്റെ നല്ല പ്രവൃത്തികളുടെ പുറകെ ഒഴുകിവരുന്നതാണു്. ഒരു ധനികൻ തന്റെ ധനംകൊണ്ടു ചെയ്യുന്ന നല്ല പ്രവൃത്തികൾ ഏതായിരിക്കും?

ദാനധർമ്മം

"ദാനേന ഭൂതാനി വശീഭവന്തി
ദാനേന വൈരാണ്യ പിയാന്തി നാശം
പരോപി ബന്ധുത്വ മുപൈതി ദാനൈ
ദാനം ഹി സർവ്വ വ്യസനാനി ഹന്തി

"ദാനംകൊണ്ടു് പ്രമാണികൾ വശീകരിക്കപ്പെടുന്നു. ദാനംകൊണ്ടു് പിരോധഭാവം നശിക്കുന്നു, ദാനംകൊണ്ടു് പരന്മാർ മിത്രങ്ങളായിത്തീരുന്നു. സർവ്വവിധമായ വ്യസനത്തിനും അതു പരിഹാരം കാണുന്നു.

"വലിയ തോബിയാസു് ചെറിയ തോബിയാസിനു് നല്കിയ ഉപദേശം ഇതായിരുന്നു. "നിന്റെ സമ്പാദ്യത്തിൽനിന്നും നീ ദാനം ചെയ്യുക; ഒരു പാവപ്പെട്ടവനിൽനിന്നു നീ മുഖംതിരിച്ചുകളയരുതു്. അപ്രകാരംതന്നെ കർത്താവും നിന്നിൽനിന്നു് തന്റെ മുഖം തിരിച്ചുകളയാതിരിക്കട്ടെ. നിന്റെ കഴിവനുസരിച്ചു നീ മറുള്ളവരോടു കാരുണ്യം കാണിക്കുക. കൂട്ടുതലുണ്ടെങ്കിൽ നീ കൂട്ടുതൽ നല്കുക. അല്പമേ ഉള്ളുവെങ്കിൽ ആ അല്പത്തിൽനിന്നും അല്പം സന്തോഷത്തോടെ കൊടുക്കുക. നീ ഇല്ലാത്തവനായിത്തീരുമ്പോൾ, നിന്റെ ദാനശീലം നിനക്കൊരു നിക്ഷേപമായിത്തീരും."

മാതൃകാകുടുംബം

ഭാര്യാഭർത്താക്കന്മാർതമ്മിലുള്ള സൗന്ദര്യപ്പിണക്കമൊ, സഹോദരങ്ങൾതമ്മിലുള്ള കിടമത്സരമോ, അയൽവാസികളുടെ അപവാദമൊ, ശത്രുക്കളുടെ ഭീഷണിയൊ നമ്മുടെ കുടുംബങ്ങളെ മാതൃകാകുടുംബങ്ങളാക്കുകയെന്ന കർത്തവ്യാനുഷ്ഠാനത്തിൽനിന്ന് നമ്മെ വ്യതിചലിപ്പിക്കാതിരിക്കട്ടെ.


വി. സി. ജോർജ് ബി. എ. എൽ. റ്റി.

ഒരു മാതൃകാ കുടുംബം; ഹൃദയാവർജ്ജകമായ പദത്രയം! ഒരു മാതൃകാകുടുംബം എന്നു കേൾക്കുമ്പോൾ എന്തെന്നില്ലാത്ത ആനന്ദാതിരേകമാണ് നാം അനുഭവിക്കുക. ആ കുടുംബം ഏതാണെന്നും എവിടെയാണെന്നും നാം അന്വേഷിക്കുന്നു. ആ കുടുംബാംഗങ്ങൾ നിഷ്പ്രയാസം നമ്മുടെ സ്നേഹാദരങ്ങൾക്കു പാത്രീഭവിക്കുന്നു. അവരെ ആവുന്നത്ര അനുകരിക്കുവാനുള്ള അഭിലാഷം പെട്ടെന്ന് നമ്മിൽ ഉളവാകുന്നു. അവരുടെ ജാതിയൊ മതമൊ പരിഗണിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല. ഒരു മാതൃകാകുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ അവർ സ്വജനങ്ങളേക്കാളധികം നമുക്ക് ഹൃദ്യതരരായിത്തീരുന്നു. അവർ ധനികരൊ നിർദ്ധനരൊ പണ്ഡിതരൊ പാമരരൊ എന്ന് നാം ചിന്തിക്കുന്നില്ല. ഒരു മാതൃകാകുടുംബസ്ഥാപനത്തിന് ധനസമൃദ്ധിയൊ ഉന്നതവിദ്യാഭ്യാസമൊ അവശ്യഘടകങ്ങളല്ലെന്ന് നമുക്കറിയാം. നമ്മുടെ ആ മാതൃകാകുടുംബത്തിലെ നായകനെ മറ്റു ഗൃഹനായകന്മാരും അതിലെ നായികയെ മറ്റു ഗൃഹനായികമാരും ആദർശമായി സ്വീകരിച്ചിരുന്നെങ്കിൽ! അവരെ അനവരതം അനുകരിച്ചിരുന്നെങ്കിൽ എന്നു നാം കൂടെക്കൂടെ ചിന്തിച്ചുപോകും.

ഭാര്യാഭർത്താക്കന്മാർ സ്വസന്താനങ്ങളോടുകൂടിയും തങ്ങളുടെ അച്ഛനമ്മമാരോടും സന്താനങ്ങളോടും കൂടിയും, അച്ഛനമ്മമാർ ഇല്ലാതെ സഹോദരീസഹോദരന്മാർ ഒന്നിച്ചും സന്താനരഹിതരായി തനിച്ചും ഇങ്ങനെ പലവിധം സംയുക്തജീവിതം നയിച്ച് കുടുംബനിർമ്മാണം ലോകത്തിൽ ബഹുധാ നടന്നുവരുകയാണല്ലൊ. ഏതായാലും ഒന്നിലധികം വ്യക്തികളുടെ സമാഹാരമാണല്ലൊ കുടുംബം. വ്യക്തികൾ ആകൃതിയിലെന്നപോലെതന്നെ പ്രകൃതിയിലും വ്യത്യസ്തരാണെന്നു പ്രത്യേകം പറയേണ്ടതില്ല. ആകൃതിയിലുള്ള വ്യത്യാസത്തിലധികം കുടുംബജീവിതത്തെ അമംഗളമാക്കുവാനതുകൊണ്ടുതന്നെ പ്രകൃതിയിലുള്ള അന്തരമാണെന്നുള്ളതും അനുഭവസിദ്ധമത്രേ. ആദിമമാനവകുടുംബത്തിൽ രണ്ടു വ്യക്തികൾ മാത്രമുണ്ടായിരുന്നതായി നാം അറിയുന്നു; ആദവും ഹവ്വായും. അന്യോന്യാനുകൂലരായ അയല്ക്കാരൊ ചൂഷണാസക്തരായ മിത്രമാന്യന്മാരൊ അവരെ തമ്മിൽ ചേർത്തിണക്കുവാൻ അടുത്തുകൂടിയിരുന്നില്ല. എങ്കിലും കുടുംബത്തിന്റെ ഭദ്രത സാത്താൻ മൂലം നഷ്ടമായിത്തീർന്നു. സാത്താൻമൂലംതന്നെ ആദാമിന്റെ സീമന്തപുത്രൻ കായേൻ സ്വസഹോദരൻ ആബേലിനെതിരായി ക്രുദ്ധനായി. മാത്രമോ; ആബേലിനെ വധിക്കുകതന്നെചെയ്തു. ആദിമമാനവകുടുംബം മാതൃകാകുടുംബമായിരുന്നില്ല. വിലക്കപ്പെട്ട കനി തിന്നുകൊണ്ട് ഹവ്വായും ആദവും ദൈവകല്പന ലംഘിച്ചു. അവർ പിശാചിനു അടിമകളായിതീർന്നു. അവരെ അനുകരിച്ചു കായേൻ ദൈവദ്രോഹിയും ഭ്രാതൃഹത്യാവും ശാപഗ്രസ്തനുമായിത്തീർന്നു.

ഇവ നമ്മെ ഇരുത്തിചിന്തിപ്പിക്കുന്ന വസ്തുതകളാണ്. കുടുംബഭദ്രതയ്ക്ക് സർവപ്രധാനമായ നാശഹേതുക്കൾ ഈശ്വരധിക്കാരവും പാപവുമാകുന്നു. ദാരിദ്ര്യവും, പട്ടിണിയും, കഠിനമായ കായക്ലേശവും, രോഗബാധയുമുള്ള പല കുടുംബങ്ങളും നമ്മുടെ പ്രതിദിനാനുഭവങ്ങളിൽപെടുന്നു. എന്നാൽ ആ വക അനർത്ഥങ്ങളെ അതിജീവിച്ചു ആ കുടുംബങ്ങളിൽ ഗണ്യമായ ഭാഗം ഈശ്വരസ്നേഹത്തിലും ഈശ്വരസേവനത്തിലും, ശാന്തിയിലും സമാധാനത്തിലും മുന്നാട്ടു നീങ്ങുകയാണ്. നസ്രത്തിലെ വിശുദ്ധ കുടുംബത്തിന്റെ വിനീത പ്രതീകങ്ങളായിട്ടാണ് ഈ വക കുടുംബങ്ങളിൽ ചിലതു നമ്മുടെ ദൃഷ്ടിഗോചരമാകുക. മരപ്പണികൊണ്ട് നിത്യവൃത്തിയുടെ വകയുണ്ടാക്കിയ വിശു

For a Special Favour Received



Manager

St. Sebastian's High School

Koodalangi.

ദ്ധ യൗസേപ്പും പാച്ചകവൃത്തിയിലും തുന്നൽപ്പണിയിലും ഉണ്ണീശോയുടെ പരിശീലനത്തിലും നിയമേന വ്യാപൃതയായിരുന്ന കന്യകാമറിയവും ദൈവസുതനായിരുന്നിട്ടും സ്വന്തം വളർത്തുപിതാവിൻറെയും തന്നെ ഗർഭംധരിച്ച് തനിക്ക് ജന്മം നല്കിയ ദിവ്യാംബികയുടേയും ആജ്ഞാനുവർത്തിയായി ജീവിച്ച ഈശോയും ഒരു മാതൃകാകുടുംബത്തിന് നിദാനമായി നിതാന്തം പരിലസിക്കുകതന്നെചെയ്യും. മാതാവ്, പിതാവ്, സന്താനം എന്നിപ്രകാരം ഒരു കുടുംബത്തിൽ സാധാരണ കാണാറുള്ള ഘടകത്രയത്തെയാണല്ലൊ യൗസേപ്പും മറിയവും ഈശോയും അനുക്രമം സൂചിപ്പിക്കുന്നത്. കുടുംബത്തിലെ സുഖദുഃഖങ്ങളിൽ ഓരോ ഘടകവും സർവാത്മനാ ഭാഗഭാക്കാകണമെന്നുള്ള തത്വം തിരുക്കുടുംബത്തിലെ ഓരോ അംഗവും യഥാഫ്രം പ്രയോഗത്തിൽ വരുത്തിയിരുന്നു. ഈജിപ്തിലേയ്ക്കുള്ള പലായനം തുടങ്ങി മുപ്പത്തിമൂന്നു സംവത്സരക്കാലം തിരുക്കുടുംബത്തെ അഭിമുഖീകരിച്ച ആപൽഘട്ടങ്ങളിലെല്ലാം ഈ വസ്തുത പ്രകടമായിരുന്നു. ഇതിൽകവിഞ്ഞ ഒരു ദൃഷ്ടാന്തം ലോകത്തിനു ലഭിക്കാനില്ലതന്നെ. ഭർത്താവിനുദ്ദേശിച്ചവിധം സ്വത്തില്ല, ഭാര്യയ്ക്കാരോഗ്യം കുറവാണ്, ഭാര്യാഗൃഹത്തിൽനിന്നുള്ള ആദായം ക്ഷയിച്ചു, അമ്മായിഅമ്മ ശാകിനിയെ വെല്ലും, അപ്പനീവിധം മുന്നോട്ടു നീങ്ങിയാൽ പെരുവഴിയാധാരമാകും, അമ്മയ്ക്കു പെൺമക്കളോടാണു താല്പര്യം, നാത്തൂനിവിടെ താമസിക്കുന്ന കാലത്തോളം ഈ വീട്ടിൽ നരകം തന്നെ. ഇത്യാദി ഊഹാപോഹങ്ങൾ അടിസ്ഥാനമാക്കിയാണ് പല കുടുംബങ്ങളിലും അസമധാനതയും കലഹവും പ്രായേണ ഉണ്ടാകാറുള്ളത്. ദൈവഭക്തിയും നീതിബോധവും കൃത്യനിഷ്ഠയും മുൻനിറുത്തി ക്ഷമാപൂർവ്വം ചിന്തിക്കുമ്പോൾ മേല്പറഞ്ഞ കലഹകാരണങ്ങളിൽ പലതും അല്ല എല്ലാംതന്നെ, സൂര്യതാപത്തിൽ ഹിമലേശംപോലെ തിരോധാനം ചെയ്യുന്നതാണ്. പിന്നെ ഒന്നു വേണ്ടതു അർത്ഥവും ആരോഗ്യവും വിജ്ഞാനവും വീര്യവും കീർത്തിയും ഔന്നത്യവും ആരുടേയും സ്വകാര്യസമ്പാദ്യമല്ലെന്നും, ദൈവകൃപയിൽ ആശ്രയിച്ച്, ധർമ്മത്തിൻറെയും സദാചാരത്തിൻറെയും പന്ഥാവിലൂടെ ജീവിതം നയിക്കുന്നവർക്ക് സർവ്വേശ്വരൻറെ ഹിതമനുസരിച്ച് ലഭിക്കുന്ന നൽവരങ്ങളാകുന്നുവെന്നും ഓരോ കുടുംബനായകനും കുടുംബനായികയും, പിതാവും, മാതാവും, പുത്രനും പുത്രിയും വിശ്വസിക്കുകയത്രെ.

വ്യക്തിയുടെ സമാധാനത്തിനെന്നപോലെ കുടുംബത്തിൻറെ സമാധാനത്തിനും ഉപകരിക്കുന്ന ഒരു ജീവിതരീതി നമ്മെ ബന്ധിക്കാത്തതും ന്യായയുക്തമല്ലാത്തതുമായ കാര്യങ്ങളിൽ എടപെടാതിരിക്കുകയാണ്. അന്യന്മാരുടെ കാര്യങ്ങളിൽ സത്യത്തിൻറേയൊ നീതിയുടേയൊ പ്രേരണ കൂടാതെ ഇടപെടുന്നതു പലപ്പോഴും അനർത്ഥകാരണമാകുകയുള്ളൂ. രാഗദ്വേഷണങ്ങളിൽനിന്നൊഴിയുവാൻ ആവുന്നതു പരിശ്രമിച്ചു ജീവിക്കുന്നതും കുടുംബസമാധാനത്തിനുപകരിക്കും. അനർത്ഥങ്ങളും ഇച്ഛാഭംഗങ്ങളും പലപ്പോഴും ഒരു ഈശ്വരവിശ്വാസിക്കു, പാരത്രികജീവിതം കാംക്ഷിക്കുന്ന ഒരാൾക്കു, കാലാന്തരത്തിൽ ഉപകാരപ്രദമാകുമെന്നുള്ള വസ്തുതയും നാം വിസ്മരിക്കരുതു. അവമനുഷ്യനെ തന്നിൽമാത്രം ആശ്രയിക്കുന്ന പ്രകൃതിവിശേഷത്തിൽനിന്നു പിൻതിരിക്കുകയും "തനിക്കു താൻ പോരും" എന്ന മനോഭാവം എത്രമാത്രം അർത്ഥശൂന്യമാണെന്നുൽബോധിപ്പിക്കുകയും ചെയ്യും. ഇച്ഛാഭംഗങ്ങളും പ്രാതികൂല്യങ്ങളുമാണല്ലൊ പലപ്പോഴും നമ്മെ ദൈവത്തോടടുപ്പിക്കുന്നതും. ഈ ഭൂമുഖത്തു നാം ജീവിക്കുന്നതു ഏതാണ്ടു പ്രമാണാവസ്ഥയിലാണെന്നു നമ്മെ അനുസ്മരിപ്പിക്കുന്നതും, കോളിളക്കങ്ങളും പ്രതിരോധങ്ങളും സാമാന്യേന നമ്മുടെ സ്വരാജ്യമായ സ്വർഗ്ഗത്തിലേയ്ക്കു നമ്മുടെ കണ്ണുകളെ തിരിക്കുന്നുണ്ടെന്നുള്ളതും വിസ്മരിച്ചുകൂടാ. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സൗന്ദര്യപിണക്കമൊ, സഹോദരങ്ങൾ തമ്മിലുള്ള കിടമത്സരമൊ, അയൽവാസികളുടെ അപവാദമൊ, ശത്രുക്കളുടെ ഭീഷണിയൊ നമ്മുടെ കുടുംബങ്ങളെ മാതൃകകുടുംബങ്ങളാക്കുകയെന്ന കർത്തവ്യാനുഷ്ഠാനത്തിൽനിന്നു നമ്മെ വ്യതിചലിപ്പിക്കാതിരിക്കട്ടെ.

കഷണ്ടിയും കടന്നലും

റവി.പി.

വയനാട്ടിലെ വഴിയരുകിലുള്ള ഒരു താന്നിമരത്തിന്റെ പൊങ്ങിയ ശിഖരത്തിൽ വൻ തേനീച്ച കൂടുവച്ചു. അഞ്ചടിയോളം താഴത്തേക്ക് ആ കൂട്ടം തൂങ്ങിക്കിടന്നു. പലതേൻകൊതിയന്മാരും ഇതു കണ്ടു. പക്ഷേ എല്ലാവരും നിസ്സാഹായരായി നിന്നുപോയി. അത്ര ഉയരത്തിലായിരുന്നു ആ കൂട്ടുപണതിരുന്നതു്. നിരീക്ഷണപടുവായ ഒരു ചെമ്പരുന്തു് "ടോപ്പ ഗിയറിൽ" തേൻകൂടിനു നേരെ പറന്നു് പകുതിഭാഗം അരത്തു താഴത്തിട്ട മധുരവും പുഴുവും ആസ്വദിക്കുവാൻ. ഈച്ചകൾ ഇളകി. അക്രമിയെ അനുധാവനം ചെയ്തു. പക്ഷേ ഗരുഡ ചിറകുകളുടെ സ്പീഡുകിട്ടുമോ ആ ചെറു ചിറകുകൾക്കു്!

ഫാദർ സർഗ്ഗു്, മിഷൻ സ്റ്റിരിറ്റും സേവനതൃഷ്ണയും ആളിക്കത്തുന്ന ഒരു സന്യാസവൈദികനാണു്. 1934-ലാണു് പട്ടമേറ്റതു്. അനാഗതരായ സാധുക്കളുടെ ഇടയിൽ ജോലി ചെയ്യുവാൻ ആദ്യം മുതലെ അധികൃതർ അദ്ദേഹത്തെ നിയോഗിച്ചു. തീക്ഷ്ണതയോടെ ജോലി ചെയ്തു. വലിയ നേട്ടങ്ങളുണ്ടായി. 1950-ൽ കൂടുതൽ സേവന സൗകര്യരാഗമായ മലബാറിൽ വന്നു. അനേകം പള്ളികളും സ്കൂളുകളും മറ്റു പല സ്ഥാപനങ്ങളും ഫാദർ സർഗ്ഗു് തന്റെ തുടച്ചയായ പ്രയത്നഫലമായി സ്ഥാപിച്ചു് ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ടു്.

വിശ്രമമില്ലാതുള്ള ഏകദേശം 30 കൊല്ലത്തെ തുടച്ചയായ ജോലികൾ ഫാദർ സർഗ്ഗിന്റെ ആരോഗ്യത്തെ കാര്യമായി ബാധിച്ചു. ശരീരത്തിനു ക്ഷീണവും മനസ്സിനു മടുപ്പും അനുഭവപ്പെട്ടു. കൊവേന്തയിലേക്കുപോയി വിശ്രമിക്കുവാൻ തീരുമാനിച്ചു. പക്ഷേ ശ്രുപതാദ്ധ്യക്ഷൻ, പോകുവാൻ അനുവദിക്കുന്നതിനുപകരം ഒരു സ്ഥലംമാറ്റം കൊടുക്കുകയാണു ചെയ്തതു്. വയനാട്ടിലെ രണ്ടു ചെറിയ പള്ളികൾ മാത്രം നോക്കിയാൽ മതി എന്നു് വന്ദ്യമെത്രാനച്ചൻ തിരുമേനി പറഞ്ഞു തൃപ്തിപ്പെടുത്തിവിട്ടു.

ജോലിക്കുറവുണ്ടെങ്കിലും രണ്ടു പള്ളിയിൽ കുർബാന ചൊല്ലണം. മറ്റു് ആത്മീക കാര്യങ്ങൾ നടത്തണം. എട്ടു പത്തു മൈൽ അകലമുണ്ടു് രണ്ടും തമ്മിൽ. അധികാരത്തെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിൽ നിർബന്ധക്കാരനായ ഫാദർ സർഗ്ഗു് രോഗവും ക്ഷീണവും വകവയ്ക്കാതെ രണ്ടിടവകയും നടത്തിക്കൊണ്ടിരുന്നു. അതിൽ തെക്കുള്ള പള്ളിയിൽ ഒരു ഞായറാഴ്ച 4 മണിക്കു കുർബാന ചൊല്ലുകയും ഇടവകക്കാര്യങ്ങൾ അന്വേഷിക്കയും ചെയ്തശേഷം രാത്രി അവിടെത്തന്നെ കഴിച്ചുകൂട്ടി. പിറ്റെന്നാൾ രാവിലെ ദിവ്യകർമ്മങ്ങൾ കഴിഞ്ഞു് തനിക്കു സഹജമായ തത്രപ്പാടോടെ വടക്കേപള്ളിയിലേക്കു മടങ്ങുകയാണു്. തേൻകൂട്ടുള്ള താന്നിയുടെ അടുത്തെത്താറായി. ഏതാനും മിനിട്ടുകൾക്കുമുമ്പു് ചെമ്പരുന്തുചെയ്തകയ്യേറ്റം പാവം അച്ചൻ അറിഞ്ഞില്ല. തങ്ങളെ ഉപദ്രവിച്ച ചെമ്പരുന്തിനെ പിടിയിൽ കിട്ടാതെരോഷാകുലരായ ഈച്ചകൾ ആ പ്രദേശമെല്ലാം ചുറ്റിപ്പറന്നു തിരയുകയാണു്. അപ്പോൾ അതാ വരുന്നു ചെമ്പരുന്തു നിറമുള്ള വസ്ത്രം ധരിച്ച ഫാദർ സർഗ്ഗു്! ഈച്ചകൾ വട്ടംകൂടി സാധു സർഗ്ഗിനെപ്പൊതിഞ്ഞു. മുഖവും തലയും കഴുത്തുമെല്ലാം അവർ സൂചിമുനകൾ കുത്തിയിറക്കി. ഫാദർ സർഗ്ഗു് ഓടി; കല്ലിൽത്തട്ടി വീണു. വീണ്ടും എഴുന്നേറ്റോടി. ഇതുകൊണ്ടെന്നും ആ കടന്നലുകൾ ക്ഷമിച്ചില്ല. കഷണ്ടിത്തലക്കു ചൂടേൽക്കാതെ വച്ചിരുന്ന ഹാറ്റു് തലയിൽനിന്നു പോയി. വിശാലമായ കഷണ്ടി കടന്നലിനു സൗകര്യമായി കിട്ടി. അവർ സമൃദ്ധിയായി ഇൻജക്ഷൻ കൊടുത്തു. അദ്ദേഹം നിലവിളിച്ചുകൊണ്ടോടി ഒരു മുസ്ലീമിന്റെ കടയുടെ സമീപത്തുചെന്നു് മോഹാലസ്യപ്പെട്ടു വീണു. കടക്കാരൻ കാക്കാ ഏതോ സ്വരംകേട്ടു് നോക്കി കാര്യം ഗ്രഹിച്ചു. അയാൾ കുറേ വെള്ളൊൽ ദൂരെ ഇട്ടു് തീകത്തിച്ചു് ഈച്ചയെ അകറ്റിയശേഷം വേറെ സഹായികളോടുകൂടി അച്ചനെ താങ്ങി എടുത്തു് പീടികത്തിണ്ണയിൽ കൊണ്ടുവന്നു കിടത്തി. ദുഃഖപാരവശ്യങ്ങളിൽപ്പെട്ട അദ്ദേഹം പുളയുകയാണു്, അപ്പോഴേക്കും വിവരമറിഞ്ഞ ഇടവകക്കാർ ജീപ്പുമായി ഓടിവന്നു. ഡോക്ടറുടെപക്കൽ അദ്ദേഹത്തെ കൊണ്ടുപോയി. ഡോക്ടർ സഹതാപപൂർവ്വം ശുശ്രൂഷിച്ചു. രണ്ടിടങ്ങഴി കടന്നൽ സൂചികൾ ഫാദറിന്റെ കഷ

കുടിയേറ്റക്കാരോട് രണ്ടു വാക്ക്

കുടിയേറ്റക്കാരനു തന്റേതെന്നു വിളിക്കുവാൻ ഈ ലോകത്തിൽ ഒരൊറ്റ മാസിക മാത്രമേയുള്ളൂ— ഗിരിദീപം!..... എങ്കിൽ കുടിയേറ്റക്കാരുടെ എണ്ണം എത്രയുണ്ടോ അത്രതന്നെ ഗിരിദീപത്തിന്റെ കോപ്പികളും വർദ്ധിക്കട്ടെ!

ഫാദർ ജെ. കുന്നേൽ

തെക്കുനിന്നു വന്ന കുടിയേറ്റക്കാർ പല കേന്ദ്രങ്ങളിലായിട്ടാണ് മലബാറിൽപാപ്പിടമുറപ്പിച്ചിരിക്കുന്നതു്. ഈ കേന്ദ്രങ്ങൾ തമ്മിൽ തമ്മിൽ ഇന്നുവരെ വേണ്ടവിധം പരിചയപ്പെട്ടകയൊ ബന്ധപ്പെട്ടകയൊ ഉണ്ടായിട്ടില്ല. ഒരു കേന്ദ്രത്തിൽനിന്നു് വേറൊരു കേന്ദ്രത്തിലേയ്ക്കു് ഒരു പെണ്ണിനെ വിവാഹംകഴിച്ചു കൊടുത്തതുകൊണ്ടോ മറ്റൊരിടത്തുചെന്നു് ഒരു പശുവിനെ വിലയ്ക്കു വാങ്ങിച്ചതുകൊണ്ടോ മാത്രം കുടിയേറ്റക്കാർ പരസ്പരം ബന്ധപ്പെട്ട എന്നു പറഞ്ഞുകൂടാ. നമ്മുടെ ബന്ധം കുറേക്കൂടി വൈകാരികവും ബലവത്തും ആകുന്നതിനു് ഉതകുന്ന ചില ചിന്തകളും നിർദ്ദേശങ്ങളും കുടിയേറ്റക്കാരുടെ മുമ്പിൽ നിരത്തിവയ്ക്കുകയാണു് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

നാം കുടിയേറിയിരിക്കുന്ന കേന്ദ്രങ്ങളെല്ലാംതന്നെ പേരും പെരുമയും ആജ്ജിച്ചതു് നമ്മുടെ വരവിനു ശേഷമത്രെ. പേരും പെരുമയുമുള്ള സ്ഥലങ്ങൾ മലബാറിൽ ധാരാളമുണ്ടായിരുന്നു— പണ്ടുപണ്ടേ ചരിത്രത്തിന്റെ ഏടുകളിൽ മായാത്ത മുദ്രപതിച്ച പട്ടണങ്ങൾ. പക്ഷേ, ആ പട്ടണങ്ങളിൽ എന്തെങ്കിലും സ്വാധീനം ചെലുത്തുവാൻ കുടിയേറ്റക്കാരായ നമുക്കു സാധിച്ചിട്ടില്ല. മനസ്സില്ലാഞ്ഞിട്ടല്ല; സാഹചര്യങ്ങൾ അനുവദിക്കാഞ്ഞിട്ടു്. നഗരങ്ങളും പട്ടണങ്ങളും പിന്നിട്ടു് കാനാൻദേശത്തെ ലക്ഷ്യംവച്ചു മുമ്പോട്ടുപോയ യഹൂദജനതയെപ്പോലെ കോഴിക്കോടും തലശ്ശേരിയും കണ്ണൂരുമൊക്കെ കടന്നു് കുടിയേറ്റക്കാർ മലയോരപ്രദേശങ്ങളിലേയ്ക്കു പോരികയാണു് ചെയ്തതു്.


കുടിയേറ്റസംരംഭത്തിന്റെ ഒന്നാംഘട്ടം കഴിഞ്ഞു് രണ്ടാംഘട്ടത്തിലേയ്ക്കു് പ്രവേശിച്ചിരിക്കയാണു് നാം. ഒന്നാംഘട്ടത്തിൽ വയറിന്റെ പ്രശ്നങ്ങളാണു് മുഖ്യമായി കൈകാര്യം ചെയ്യപ്പെട്ടതു്. കാട്ടുവെട്ടി, നെല്ലുവിതച്ചു, കപ്പയിട്ടു. പിള്ളേരെല്ലാം വയറുനിറയെ തിന്നു. നിവൃത്തിനിന്നു് കുടിയേറ്റക്കാരൻ ഒന്നു നിശ്വസിച്ചു. ഏതാനും കോളനികളിലെ ഏതാനും

ണ്ടിത്തലയിൽനിന്നും ദേഹത്തുനിന്നും ഡോക്ടർ വലിച്ചുരിയെടുത്തു! "എന്റെ അമ്മേ, കന്മല മാതാവെ, അമലോത്ഭവ നാഥേ," ഇതായിരുന്നു ആവർത്തിച്ചാവർത്തിച്ചു് ഫാദർ സർഗ്ഗു് സദാനേരവും ഉരുവിട്ടിരുന്നതു്.

മാസം മൂന്നു കഴിഞ്ഞു. തേനീച്ചകളുടെ കുത്തു് അദ്ദേഹത്തിനു ഉപകാരപ്രദമായി ഭവിച്ചു. അദ്ദേഹത്തിനുണ്ടായിരുന്ന രോഗവും ക്ഷീണവുമെല്ലാം മാറി. ഒരു 30 കാരന്റെ ഊർജ്ജസ്വലതയോടെ ഇപ്പോൾ അദ്ദേഹം സേവനമനുഷ്ഠിക്കുകയും ജോലിചെയ്കയും ചെയ്യുന്നു.

കഷായവസ്ത്രധാരിയായ കന്മലമാതാവിനു് അത്ഭുതകരമായി ലഭിച്ച ആരോഗ്യലാഭം! സർവജ്ഞനായ ജഗൽ നിയന്താവു് തന്റെ ഒരംബാസിഡറിനു നല്കിയ അഗോചര സമ്മാനം!!

For Favour Received




Joseph Palathungal
Vellad.

ആളുകൾ അത്യാവശ്യംവേണ്ട ആരാധനാകേന്ദ്രങ്ങളും സ്കൂളുകളും കുറേയെക്കെ റോഡുകളും തീർത്തു. എന്നാൽ ആധുനിക നാഗരികതയുടെ ഒരു ചൂണ്ടുപലകപോലും നാട്ടാൻ ഈ ഒന്നാംഘട്ടത്തിൽ കൂടിയേറ്റക്കാർക്കു സാധിച്ചില്ല. അതിനൊട്ടു ശ്രമിച്ചിട്ടുമില്ല. രസാവഹമാണു്, ഓരോ കോളനികളിലും ചെന്നു് ഒരാഴ്ചയെങ്കിലും താമസിച്ചു് ആ ആദ്യം വന്നവരുടെ ബുദ്ധിപൂർവകമായ ക്രമീകരണങ്ങൾ പഠിക്കുക. വീടുകളെല്ലാം ഒരേമോഡൽ. കൃഷികളെല്ലാം ഒരേയിനം, അവ വച്ചുപിടിപ്പിക്കുന്ന രീതിയെല്ലാം ഒന്നു്. ഒരാളായി ഒരു സ്ഥലത്തും കയറിയിട്ടില്ല, നാലും അഞ്ചും പത്തും ഒക്കെയായിട്ടാണ വന്നതു്. ഓ! അവർ തമ്മിൽ അന്നു് എന്തൊരൈക്യമായിരുന്നു! ഒരു വീട്ടിലെ അംഗങ്ങളെപ്പോലെ അവർ പ്ലാൻചെയ്തു. സ്കൂൾ പണതു; പള്ളി പണതു; റോഡു വെട്ടി. ഇടയ്ക്കിടയ്ക്കു അടിയന്തിരംവെച്ചു് എല്ലാവരും ഉണ്ടു, മരിച്ചവനെ എല്ലാവരും ചേന്നു് അടക്കി. മലബാർ കോളനികളുടെ ഉത്തമമായ അടിത്തറ പാകൽ! നമ്മുടെ മുന്നോടികളുടെ ആത്മാർത്ഥതയേയും ധീരതയേയും ബഹുമാനിച്ചുകൊണ്ടും കൈക്കുപ്പി സ്വീകരിച്ചുകൊണ്ടും വേണം നാം രണ്ടാംഘട്ടത്തിലേയ്ക്കു കടക്കുവാൻ. അതേസമയം അവരുടെ അണികളിൽ കടന്നുകൂടിയ ദുസ്സൂഴക്കങ്ങൾ തള്ളിക്കളയുകയും വേണം. കത്തിയെടുക്കലിന്റെ സ്ഥാനത്തു് കൈകോർത്തുപിടിക്കലും ചീത്തപറയലിന്റെ സ്ഥാനത്തു് നയതന്ത്രജ്ഞതയും റാക്കുകൂടിയുടെ സ്ഥാനത്തു് വിവേകപൂർവമായ പെരുമാറ്റവുമാണു് ഈ രണ്ടാംഘട്ടത്തിൽ കൂടിയേറ്റക്കാർക്കു് കൂടുതൽ ഉപകരിക്കുക. മലംപനിയോടും കാട്ടാനയോടും സമരം ചെയ്തവർ എന്നു സ്വയം അഭിമാനിക്കുന്നവർക്കു് ആറു് ഔൺസു് റാക്കിന്റെ മുൻപിൽ തലകുനിച്ചു് ആഭിജാത്യം പണയപ്പെടുത്തേണ്ടിവരുന്നതു് ലജ്ജാവഹമാണു്. വാസ്തവംപറഞ്ഞാൽ നാണംകെട്ടിട്ടു് ഇന്നു് ചില കൂടിയേറ്റക്കാരുടെ കാര്യവും പറഞ്ഞു് ഏതെങ്കിലും സദസ്സിൽ പ്രത്യക്ഷപ്പെടാൻ പ്രയാസമായിരിക്കുന്നു. പന്ത്രണ്ടുമണിക്കൂർ അവരെ സുബോധത്തിൽ നിലനിത്താമോ എന്നാണു് മുഖത്തടിക്കുന്ന വെല്ലുവിളി! കൂടിയേറ്റക്കാരുടെ സ്വപ്നവിധേനയുമുള്ള ഉയർച്ചയ്ക്കുവേണ്ടി ആത്മാർപ്പണംചെയ്ത രംഗത്തിറങ്ങിയവർ അനേകരുണ്ടു്. അവരെല്ലാം ഇന്നു ദാഹിക്കുകയാണു്; ആ മലബാർ മലയോരപ്രദേശങ്ങളിൽ റാക്കുകൂടി ഒന്നടങ്കം അവസാനിപ്പിച്ചുകാണുവാൻ. പ്രൊഹിബിഷനുണ്ടു്; പോലീസുണ്ടു്; എന്തുഫലം? എല്ലാം കാലാന്തരത്തിൽ റാക്കിൽതന്നെ മുങ്ങുന്നു. ലക്ഷോപലക്ഷം ളറുപ്പിക പൊയ്പോകുന്നു; അന്തസ്സിടിയുന്നു; ശക്തി കുറയുന്നു, അതോ ഇവയെല്ലാം ഏറ്റവും കൂടുതൽ ആവശ്യമുള്ള ഈ സന്ദർഭത്തിൽ.

ഈ നിമിഷം ഏതുകൊണ്ടും ഏറ്റവും വിലപ്പെട്ടതാണു്. ഒരു വശത്തു് സർവവിധത്തിലുമുള്ള ശത്രുതകൾ കൂടിയേറ്റക്കാരെ വീഴ്ങ്ങുവാൻ തക്കംനോക്കിനില്ക്കുന്നു. മറുവശത്തു് അവനെ അതിവേഗം ഉയർത്തുവാൻ അവസരങ്ങൾ മാടിവിളിക്കുന്നു, ഈ നിമിഷത്തെ ബുദ്ധിപൂർവം ഉപയോഗപ്പെടുത്തുന്ന കോളനികൾ മാത്രം ശാശ്വതമായി ഉറയ്ക്കും. അല്ലാത്തവ ചരിന്നഭിന്നമാകും. നമ്മുടെ തലമുറ അതിന്റെ മുഴുവൻ കാലയളവും കരുതലോടെ പ്രവർത്തിച്ചെങ്കിൽമാത്രമേ ജയിക്കാൻപോകുന്നുള്ളൂ. നാം കൈമാറാനാഗ്രഹിക്കുന്ന വഴക്കങ്ങൾ സമുന്നതങ്ങളും നമ്മുടെ പ്ലാൻപദ്ധതികൾ ആസൂത്രിതങ്ങളുമായിരിക്കണം. അതേസമയം നമ്മുടെ വ്യക്തിത്വം നഷ്ടപ്പെടുത്തുകയുമരുതു്, അമേരിക്കൻ കൂടിയേറ്റചരിത്രം പഠിപ്പിക്കുന്നതുപോലെ.

കഴിഞ്ഞിടത്തോളം കൂടിയേറ്റങ്ങൾ ഏതായാലും ഇനി നടക്കാൻപോകുന്നില്ല. മേലിൽ ഏറ്റവുമധികം കൂടിയേറ്റം ചന്ദ്രനിലേയ്ക്കോ ചൊവ്വായിലേയ്ക്കോ ആയിരിക്കും. ഭൂമിയിൽ കൂടിയേറ്റം ശരിയായി നിർവഹിച്ചിട്ടുള്ളവർ അവിടേയും ആദ്യം കയറിപ്പറ്റും. ഇതുവരെ മലബാർ മലയോരപ്രദേശത്തെ കൂടിയേറ്റക്കാർ ഇതുയെന്നു് എണ്ണുവാനൊന്നും തിട്ടപ്പെട്ടുത്തുവാനൊന്നും സാധിച്ചിട്ടില്ല. പക്ഷേ, അനതിവിദൂരഭാവിയിൽ ആ എണ്ണലും തിട്ടപ്പെടുത്തലും നടക്കും. അന്നു് അഡ്രസ്സുണ്ടായിരിക്കണമെന്നു് ആഗ്രഹമുണ്ടെങ്കിൽ ഇന്നു കരുതലോടെ പ്രവർത്തിക്കുക. ആ എണ്ണിത്തിട്ടപ്പെടുത്തലിനു മാത്രമെ ഭാവിഭാരതത്തിൽ എന്തെങ്കിലും അവകാശങ്ങളും ആനുകൂല്യങ്ങളും ഉണ്ടായിരിക്കുകയുള്ളൂ. എന്താണു്, ഇന്നു നമുക്കു കിട്ടേണ്ടതെന്നു തോന്നുന്ന പലതും കിട്ടാതെപോകുന്നതു്? നാം എതുയുണ്ടെന്നോ ആരാണെന്നോ ബന്ധപ്പെട്ടവർ ഇനിയും പഠിച്ചിട്ടില്ല. പഠിച്ചേ മതിയാകൂ എന്നൊരു നില ഇതുവരെ ഉളവായിട്ടുമില്ല. നമ്മുടെ വ്യക്തിത്വം നഷ്ടപ്പെടാത്തവിധത്തിൽ നമ്മെ എണ്ണുകയും തിട്ടപ്പെടുത്തുകയും ചെയ്യുകിൽമാത്രമെ അഹിക്കുന്ന നേട്ടങ്ങൾ ഉണ്ടാകാൻ പോകുന്നുള്ളൂ. നാമെല്ലാം കോൺഗ്രസ്സുകാർ എന്നു എണ്ണപ്പെട്ടാൽ കോൺ

ഗ്രസ്സുകാരുടെ ഗവണ്മെൻറ് കോൺഗ്രസ്സുകാരായ നമുക്കു കിട്ടേണ്ട സ്കൂൾ, അല്ലെങ്കിൽ പാലം അല്ലെങ്കിൽ റോഡ്, നമ്മുടെ പാർട്ടിക്കാരായ ആന്ധ്രാക്കാക്കോ മദ്രാസ്സുകാക്കോ കൊടുത്തെന്നുവരും. അല്ലെങ്കിൽ നാമെല്ലാം പി. എസ്സ്. പി.ക്കാർ എന്നു് എണ്ണപ്പെട്ടാൽ തിരുവന്തപുരത്തുള്ള നമ്മുടെ സഖാക്കളായിക്കും പ്രയോഗത്തിൽ ഫലമെട്ടക്കുക, അതുകൊണ്ടു് നാം ആദ്യം നാമായി, അതായതു്; കുടിയേറ്റകർഷക



ലേഖകൻ

രായിത്തന്നെ എണ്ണിത്തിട്ടപ്പെടുത്തിയേ മതിയാവൂ. ഈ ലേഖകന്റെ ഏറ്റവും വിനീതമായ അഭിപ്രായത്തിൽ നമ്മുടെ എണ്ണവും വണ്ണവും മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനുള്ള ഏറ്റവും തെളിഞ്ഞവഴി നമ്മുടേതെന്നു് അഭിമാനിക്കാവുന്ന മലനാട്ടകഷ്കയൂനിയന്റെ അംഗങ്ങളായി നാമെല്ലാം ചേർന്നുനില്ക്കുക എന്നതാണു്. നിസ്സഹായനായി നിരുന്മേഷനായി നിന്ന കുടിയേറ്റക്കാരനു് ഇതിനകം എന്തെന്തു് ആശ്വാസങ്ങൾ ആ മഹത്തായ സംഘടന കൈവരുത്തിയിട്ടില്ല! മലനാട്ടകഷ്കയൂനിയന്റെ ഉയർത്തഴുന്നേല്പിനുശേഷം എത്രയെത്ര കുടിയിറക്കുനോട്ടീസുകൾ ഭരണാധിപരുടെ വലിയ ഫയലുകളിലിരുന്ന മഞ്ഞുകട്ടപോലെ ഉറച്ചുപോയിരിക്കുന്നു. എം. എസ്. പി. നിജ്ജീവമായി; ഗുണ്ടാവിളയാട്ടം ശ്രദ്ധിച്ചു; മുതലാളിത്വം പാഠം പഠിച്ചു; ശ്രീക്കാസ്സ് ഭരണം അവസാനിച്ചു. ഇതിൽക്കൂടുതൽ എന്തടയാളം എം. കെ. യു കാണിക്കണം, അതു് കഷ്കരുടെ സങ്കേതവും ആശ്രയവുമാണെന്നു തെളിയിക്കുവാൻ.

ദിനപ്പത്രങ്ങളുടേയും മാസികകളുടേയും വരിശീകരണശക്തിയെപ്പറ്റി ബോധമുള്ളവരായിരിക്കണം നമ്മുടെ തലമുറ. കുടിയേറക്കാരുടെ പ്രശ്നങ്ങളിൽനിന്നു ബുദ്ധിപൂർവം ഒഴിഞ്ഞുമാറി ഭാഗികമായി ഭാഗികമായി വാർത്താവിതരണം നടത്തിക്കൊണ്ടിരിക്കുന്ന ദിനപ്പത്രലോകത്തിലേക്കു് ആദ്യമായി കുടിയേറക്കാരെ അവതരിപ്പിച്ച തൊഴിലാളി പത്രമേ, നിനക്കു് മലബാർ കുടിയേറ്റക്കാരുടെ നാമത്തിൽ ആയിരമായിരം നന്ദി നേരുകയാണു്. തൊഴിലാളിയുടെ ഒരു മലബാർ എഡിഷൻതന്നെ ഉണ്ടായി ഓരോ കുടിയേറക്കാരന്റേയും ഭവനങ്ങളിൽ അനുദിനം ഓരോ പ്രതി വീതം കയറിച്ചെല്ലുന്ന സുപ്രഭാതം അതിവേഗം സമാഗതമാകട്ടെ!

കുടിയേറക്കാരനു് തന്റേതെന്നു് ഒന്നു വിളിക്കുവാൻ ഈ ലോകത്തിൽ ഒരൊറ്റ മാസികമാത്രമെയുള്ളൂ, ഗിരിദീപം. എന്താണു് അവൾ ഇന്നു ചെയ്യുന്ന മഹത്തായ സേവനം? കുടിയേറ്റക്കാരനെ പഠിപ്പിക്കുന്നു; കുടിയേറ്റക്കാരനെ സംരക്ഷിക്കുന്നു. അവൾ ഇപ്പോൾ ഓരോരോ കോളണികളുടേയും വീരസാഹസികകഥകൾ പറയാനും ആരംഭിച്ചിരിക്കുകയാണു്. കരളലിയിക്കുന്ന ആ കഥകൾ എന്തിനാണവൾ പറയുന്നതു്? കുടിയേറക്കാർ പരസ്പരം അറിയുവാൻ. പരസ്പരം സഹതപിക്കുവാൻ. ഒന്നിച്ചു ശക്തിയാർജ്ജിക്കുവാൻ. ഒന്നിച്ചുയരുവാൻ. ചൂട മാറുന്നതിനുമുമ്പു് ആ കഥകൾ വായിക്കുവാൻ നമുക്കു് ആഗ്രഹമില്ലേ? എങ്കിൽ, കുടിയേറക്കാരുടെ എണ്ണം എത്രയുണ്ടോ അത്രതന്നെ ഗിരിദീപത്തിന്റെ കോപ്പികളും വർദ്ധിക്കട്ടെ.

സംഘടനയും പത്രമാസികകളും കഴിഞ്ഞാൽ പിന്നെ ഈ രണ്ടാംഘട്ടത്തിൽ കുടിയേറ്റക്കാർ അവശ്യാവശ്യം ശ്രദ്ധിക്കേണ്ട കാര്യം ഒരു വലിയ ഫണ്ടു് ഉയർത്തുക എന്നതാണു്. കമ്മ്യൂണിസ്റ്റുകാരെപ്പോലെ നാം ഒരു അഞ്ചുലക്ഷം ഫണ്ടതന്നെ ഉടനടി ഉൽഘാടനം ചെയ്യേ മതിയാകൂ. നമ്മുടെ പൊതു പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു് ഏറ്റം വലിയ വിലങ്ങുതടി, "തല്ക്കാലം മറിക്കാൻ" പണമില്ലെന്നുള്ളതാണു്. ഈ ഫണ്ടിന്റെ ആവശ്യത്തെ സംബന്ധിച്ചു് അഞ്ചുമിനിറ്റു ചിന്തിക്കുമെങ്കിൽ ആർക്കും മനസ്സിലാക്കാൻസാധിക്കും. ഉദാരമതികളായ മലബാർകുടിയേറക്കാർക്കു് ഇക്കാ

കുടിയേറ്റം

കുനകുവേളയിക്കാൻ കഴിവുള്ള കുന്നുകളും, വയലുകളും താഴ്വരകളും നിറഞ്ഞ രമ്യഭൂമിയാണ് തിരുവമ്പാടി. എന്നാൽ സുമാർ രണ്ടു വ്യാഴവട്ടക്കാലത്തിനുമുമ്പ് ഇവിടെ വിഹരിച്ചിരുന്നതു് കാട്ടാനയും കൂട്ടരുമായിരുന്നു. ഈ മലനാടിന്റെ ജന്മാവകാശം മണ്ണിലേടത്തു നായർതറവാടിനായിരുന്നു. മരവും മുളയും ശേഖരിക്കുന്നതിനുവേണ്ടി അവരോട് ചാത്തുവാങ്ങിയ മുസ്ലിംവ്യവസായികളിൽനിന്നുമാണ് കുടിയേറ്റക്കാർ ഭൂമി വാങ്ങിയതു്.

66 കുടുംബങ്ങൾ

റബർതോട്ടം തുടങ്ങുന്നതിനു വന്നെത്തിയ വൈസ്സും സ്വദേശിയായ ചക്കുങ്കൽ ജോസഫും കുടനാട്ടുകാരാണ്, മലബാർ കുടിയേറ്റക്കാരുടെ ശ്രദ്ധ തിരുവമ്പാടിയിലേയ്ക്കു തിരിച്ചുവിട്ടതു്. 1942ൽ ചക്കുങ്കൽ ജോസഫ് തിരുവമ്പാടിയിൽപെട്ട കറ്റ്യാട്ട മലകളും, കമ്പനിക്കാർ തിണ്ടുക്കണ്ടി മലകളും കൊയ്യപ്പുറത്തു് കുഞ്ഞഹമ്മതു് ഹാജിയിൽ നിന്നു ചാത്തിവാങ്ങി പ്രാരംഭപണികൾ തുടങ്ങി. അപ്പോൾ ഈ മലമുകളിൽ തങ്ങളുടെ ദൈവങ്ങളുണ്ടെന്നു വിശ്വസിച്ചിരുന്ന കുറച്ചു നാട്ടുകാർ "ചേട്ടന്മാരോട്ട്" എതിർക്കുവാൻവന്നു. അതോടൊപ്പം വന്യമൃഗങ്ങളും. അവരെ പിന്തിരിപ്പിക്കുവാൻ തിരുവിതാംകൂറിൽനിന്നു ഗണ്യമായ കുടിയേറ്റമുണ്ടായില്ലെങ്കിൽ സാദ്ധ്യമല്ലെന്നു ബോദ്ധ്യമായതു കൊണ്ടു്, അതിനുള്ള പരിശ്രമങ്ങൾ തുടങ്ങി. അങ്ങനെയിരിക്കെ 1943ൽ കാഞ്ഞിരപ്പള്ളിക്കടുത്തു് ചേനപ്പാടി സ്വദേശിയായ പുതിയവീട്ടിൽ ശൗര്യാർ മാത്തൻ കോഴിക്കോട്ടു വന്നുചേർന്നു. അയാളുടെ കുടുംബത്തിൽ 23അംഗങ്ങളും 21,000 രൂപായുടെ മുതലും ഉണ്ടായിരുന്നു. മാത്തൻ മലാപ്പറമ്പിൽ



പെ.ജെ. എവിരിസ്റ്റസച്ചൻ



ലേഖകൻ

ഒരു വാടകക്കെട്ടിടത്തിൽ താമസിച്ചശേഷം തിരുവമ്പാടിയിൽവന്നു് 1000 ഏക്കർ സ്ഥലം കച്ചവടം ചെയ്തു. മാത്തനുമായുള്ള പരിചയംവച്ചു് പൊൻകുന്നം, മണിമല മുതലായ പ്രദേശങ്ങളിൽനിന്നു പത്തുപതിനാലു വീട്ടുകാർ തിരുവമ്പാടിയിലെത്തി. അവക്കെല്ലാം മാത്തൻ തനിക്കു കിട്ടിയ വിലയ്ക്കുതന്നെ സ്ഥലം കൊടുത്തു. ഈ കച്ചവടങ്ങൾ നടക്കുന്ന കാലത്തുതന്നെ മുവാറ്റുപുഴ, തൊടുപുഴ, ചങ്ങനാശ്ശേരി, പൂഞ്ഞാർ, തിടനാട് മുതലായ ഭാഗങ്ങളിൽനിന്നും കുറച്ചു വീട്ടുകാർ തിരുവമ്പാടിയിലെത്തി. അവരിൽ ചിലർ ചക്കുങ്കൽ ജോസഫിനോടും മറ്റുചിലർ മാത്തനോടും സ്ഥലംവാങ്ങി. അങ്ങനെ രണ്ടുകൊല്ലം പ്രവേശിച്ച 66 കുടുംബക്കാരാണ് തിരുവമ്പാടികോളനിയുടെ യഥാർത്ഥ സ്ഥാപകന്മാർ.

23 മരണങ്ങൾ

ഓരോ കുടുംബക്കാരും അവരവരുടെ കഴിവനുസരിച്ചു് സ്ഥലം വാങ്ങിക്കുകയും കാടുകൾ തെളിയിച്ചു് കപ്പയിടുകയും വിത്തുവിതയ്ക്കുകയുംചെയ്തു. അവയുടെ കുലയ്ക്കാറായപ്പോഴേയ്ക്കും സകലരേയും രോഗങ്ങൾ ബാധിച്ചു. തന്നെയല്ല കാട്ടുപുഴയിൽനിന്നു കോരുന്ന വെള്ളം കുടിക്കുകയാൽ ചിലർക്കെല്ലാം ഉദരരോഗങ്ങളുണ്ടായി. പല വീടുകളിലും കഞ്ഞിവെയ്ക്കാൻപോലും ആളില്ലായിരുന്നു! അങ്ങനെ ശുശ്രൂഷിക്കാൻ ആളില്ലാ

രൃം നിഷ്പ്രയാസം സാധിക്കുമെന്നതു് തീച്ചയാണ്. അഭിവന്ദ്യ ശ്രുപതാദ്ധ്യക്ഷൻതന്നെ ഈ ഫണ്ടു് ആശീർവദിച്ചു് ഉൽഘാടനം ചെയ്യണമെന്നും ഫണ്ടിന്റെ ഖജാൻജിയായിരിക്കണമെന്നും നമ്മുടെ പൊതുപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന അവസരങ്ങളിൽ ബുദ്ധിമുട്ടു വരുമ്പോൾ ഉചിതമായി അതു വിതരണം നടത്തണമെന്നുമാണ് ഈ ലേഖകന്റെ വിനീതമായ അഭിപ്രായം. മലബാറിൽ എല്ലാവക്കും ഇക്കാര്യം സന്തോഷകരമായിരിക്കും.

അങ്ങനെ ഒരു ഫണ്ടും ഒരു സംഘടനയും ഒരു പത്രവും ഒരു മാസികയുമായി ഈ രണ്ടാം ഘട്ടത്തിൽ നാം ഉണർന്നു് ബോധപൂർവം പ്രവർത്തിക്കാമെങ്കിൽ അനസ്സ്യായി മലബാറിൽ നമുക്കു നിലനില്പുണ്ടാമെന്നു തന്നെയല്ലാ, സുസംഘടിതവും ഐശ്വര്യസംപൂർണ്ണവുമായ ഒരു ജനതയായി ആക്കും വഴിമാറിക്കൊടുക്കാതെ എല്ലാവരാലും അംഗീകരിക്കപ്പെട്ടു് നാം ഇവിടെ ആധിപത്യമുറപ്പിക്കും.

ചരിത്രം

തെയും, ചികത്സിക്കാൻ വൈദ്യന്മാരെ കിട്ടാതെയും വലഞ്ഞു. പലതരത്തിലുള്ള കഷ്ടനഷ്ടങ്ങളിലും, വഞ്ചനകളിലും കുടുങ്ങി ഒട്ടുമുക്കാൽപേരുടെ സാമ്പത്തികസ്ഥിതിയും ശോഷിച്ചുതുടങ്ങിയിരുന്നു. അതുകൊണ്ട് കാശില്ലാത്തവർ ഇരുപത്തിരണ്ടുമൈൽ അകലെ കോഴിക്കോട്ടുള്ള ഗവണ്മെൻറ് ആസ്പത്രിയിലും കാശുള്ളവർ പതിനേഴുമൈൽ അകലെയുള്ള മേരിക്കുന്ന് ആസ്പത്രിയിലും പോയി മരുന്നു വാങ്ങിച്ചുകൊണ്ടിരുന്നു.

ഇങ്ങനെ ആദ്യം തിരുവമ്പാടിയിലെ പുത്തൻജനത കഷ്ടാരിഷ്ടതകളിലേയ്ക്കു നിപതിക്കുവെ ഒരുദിവസം പെട്ടെന്ന് രണ്ടുപേർ മരിച്ചു. അവരെ ഒരു കത്തോലിക്കസിമിത്തേരിയിൽ സംസ്കരിക്കണമെങ്കിൽ കോഴിക്കോട്ട കൊണ്ടുപോകണം! മൃതദേഹം വെച്ചുകൊണ്ടുപോകുവാൻ മഞ്ചലില്ല; പെട്ടിയില്ല. ഒരു പലകക്കഷ്ണംപോലും കിട്ടാനുമില്ല! വേദനയോടെയാണെങ്കിലും ചില സഹോദരങ്ങൾകൂടി അതിനൊരുപായം കണ്ടുപിടിച്ചു. കുറെ മുളക്കഷ്ണങ്ങൾ പൊട്ടിച്ചു നിരത്തിവച്ചുകെട്ടി! ആ 'ഇല്ലിത്തട്ടിൽ' രണ്ടു മൃതദേഹങ്ങളുമെടുത്തുവച്ചുകൊണ്ട് അവർ കോഴിക്കോട്ടുള്ള കത്തോലിക്കശ്മശാനത്തിലേയ്ക്ക് യാത്രയായി! എന്നാൽ അതിനിടയ്ക്കും അത്യാഹിതം! വഴിമദ്ധ്യേ രണ്ടുപേർ തുള്ളിപ്പനിച്ചു പെരുവഴിയിൽവീണു! ഒരാളെ മേരിക്കുന്ന് ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. അന്ന് അങ്ങനെ കോഴിക്കോട്ട ശവസംസ്കാരത്തിനു പോയവരിൽ പലരും പട്ടിണിയും കണ്ണുനീരുമായി നടന്നുവലഞ്ഞും വഴിയരികിൽ കിടന്നും രണ്ടും മൂന്നും ദിവസംകഴിഞ്ഞാണ് തങ്ങളുടെ വീടുകളിൽ എത്തിയതു! അപ്പോഴേയ്ക്കും വേറെചിലരും മരിച്ചുകഴിഞ്ഞിരുന്നു! കോഴിക്കോട്ടവരെ കൊണ്ടുപോകാനുള്ള ബുദ്ധിമുട്ടുകൊണ്ട് പിന്നീട് മരിച്ചവരെയെല്ലാം അവിടെ തിരുവമ്പാടിയിലെ കാട്ടുകളിൽ പായിൽ പൊതിഞ്ഞു സംസ്കരിക്കയാണുചെയ്തതു. ദൈവമേ! അക്കഥയൊക്കെ എങ്ങനെ വിവരിക്കും! അങ്ങനെ അക്കൊല്ലംതന്നെ 23 മരണങ്ങൾ തിരുവമ്പാടിയിലുണ്ടായി!

ഇതേഅവസരത്തിൽ മലപ്പുറംവിലുള്ള മാത്തന്റെ ഭവനത്തിലും രോഗവും മരണവും താണ്ഡവനൃത്തം ചവിട്ടുകയായിരുന്നു. മാത്തന്റെ കുടുംബത്തിൽനിന്നു ഒന്നിനു പിറകെ ഒന്നും രണ്ടുമായി പന്ത്രണ്ടു അംഗങ്ങൾ മരിച്ചു. മാത്തനു ആധിയും വ്യാധിയും പിടിപെട്ടു. മാത്തന്റെ ആധിക്കു വേറെയും കാരണങ്ങളുണ്ടായിരുന്നു. ആയിരം ഏക്കർ സ്ഥലം കച്ചവടം ചെയ്തു പണം മുടക്കിയ മാത്തനു വെറും മുന്നൂറു് ഏക്കർ മാത്രമെ കിട്ടിയുള്ളൂ. അതുതന്നെ അനുഗമിച്ച വക്കു് വില്ലുകയും ചെയ്തിരുന്നു. ആദ്യം കാണിച്ചുകൊടുത്ത അതിർത്തികൾക്കുള്ളിൽ ആയിരമേക്കർ സ്ഥലമില്ലെങ്കിൽ ബാക്കി എവിടെയെങ്കിലും കിട്ടുമെന്നായിരുന്നു മാത്തന്റെ വിശ്വാസം. പക്ഷെ കിട്ടിയില്ല. ഈ സ്ഥലം കച്ചവടംചെയ്തുകൊടുത്ത ആൾ ദല്ലാൾഇനത്തിൽ 5500 രൂപാ മാത്തനെ വഞ്ചിച്ചെടുക്കുകയും ചെയ്തു. വേറെ ചിലരും മാത്തനെ പറ്റിച്ചു. ഇത്തരത്തിലുള്ള പാഴ്നഷ്ടങ്ങളും ഭാരിച്ച കുടുംബച്ചിലവുംകൊണ്ടു് മാത്തൻ പാപ്പരായി. ഏറെതാമസിയാതെ മേരിക്കുന്നു് ആസ്പത്രിൽവച്ചു് മാത്തൻ ഇഹലോകവാസം വെടിഞ്ഞു.

ഈ ദാരുണരംഗങ്ങളെല്ലാം കണ്ടും കേട്ടും അനുഭവിച്ചും എല്ലാവരും സംഭ്രാന്തരായിത്തീർന്നു. അവരിൽ 33 വീട്ടുകാർ സകലതുമുപേക്ഷിച്ചു് തിരുവിതാംകൂറിലേയ്ക്കു മടങ്ങിപ്പോയി. ചക്കുങ്കൽ ജോസഫും തിരിച്ചുപോകാൻ തിടുക്കംകൂട്ടി. ബാക്കിയുള്ളവരിൽ മിക്കവരും നിത്യവൃത്തിക്കായി നിണ്ടൂർക്കുണ്ടിതോട്ടത്തിൽ പോയി കൂലിപ്പണിചെയ്തു.

ആശയുടെ ദീപനാളം

തിരുവമ്പാടിയിൽ ഈ തരത്തിൽ ആധിയും വ്യാധിയും അലതല്ലിയപ്പോൾ, ഇവിടത്തെ മണ്ണിന്റെ ഗുണ

III

കനകം വിളയും തിരുവമ്പാടി

എം. ജെ. മൈക്കൾ

ഗണങ്ങളെപ്പറ്റിയുള്ള മംഗളഗാനങ്ങളായിരുന്നു തിരുവിതാംകൂറിൽ മാറെറാലിക്കൊണ്ടിരുന്നതു്. അതുകൊണ്ടു് 1944ൽ ഏതാനും കുടുംബക്കാർ കൂടി ഇവിടെ വന്നു. അവരിൽ മിക്കവരും മീനച്ചിൽതാലൂക്കിന്റെ വീരശൂരന്മാരുൾക്കൊള്ളുന്ന പാലാ, രാമപുരം, മരങ്ങാട്ടുപള്ളി, കടക്കച്ചിറ മുതലായ പ്രദേശങ്ങളിൽപെട്ടവരായിരുന്നു. അവർ കനത്ത വിലകൊടുത്തു് ഭൂമിയും വിത്തുവകകളും വാങ്ങി. സ്ഥലത്തെ പഴയകുറുകാക്കു് അതൊരു സഹായവുമായി. തന്നെയല്ല കുടിയേറക്കാരെക്കുറിച്ചു് ഒരു മതിപ്പും ഭയവും ഉളവാക്കുകയും ചെയ്തു. ക്രിസ്ത്യാനികൾക്കു് ഐത്തം കല്പിച്ചുകൊണ്ടു് അവരെ വഴിയാലും പുഴയിലും വച്ചു് മദ്ദിക്കുകയും; ഒറ്റയ്ക്കോ കൂട്ടംകൂടിയൊ വീട്ടുകളിൽ കയറിച്ചെന്നു് സ്ത്രീകളെ മാനഭംഗപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നവരെയൊക്കെ നിലയ്ക്കു നിറുത്തി. മനംമടുത്തു നിരാശരായിരുന്ന മറ്റും കഷ്ടകർ അഭിമാനപൂർവ്വം ഉണർന്നെഴുന്നേറ്റു. നിണ്ടൂർക്കുണ്ടിയിൽ കൂലിപ്പണിക്കു പോയിരുന്നവർ വീണ്ടും സ്വതന്ത്രകൃഷിക്കാരായിത്തീർന്നു. ആനക്കല്ലുങ്കൽ ഈനാസ്, പുറത്തേട്ടു മത്തായി, കൊട്ടാരത്തിൽ ദേവസ്യാ മുതലായവരാണു ഈ നവോത്ഥാനത്തിനു വഴിതെളിച്ചുവരിൽ പ്രധാനികൾ.




കർമ്മലീത്താമഠം.– അവർ പ്രാർത്ഥനകഴിഞ്ഞു വരികയാണ്

1945ലും '46ലും കാര്യമായ കൂടിയേറ്റമുണ്ടായിട്ടില്ല. എന്നാൽ 1947 മുതൽ 53 വരെയുള്ള കാലഘട്ടത്തിൽ വിപുലമായ തോതിൽ തിരുവമ്പാടിയുടെ വിവിധഭാഗങ്ങളിലേയ്ക്ക് ആളുകൾ കുടിയേറി. അങ്ങനെ കുടിയേറ്റം ഏറെക്കുറെ പൂർണ്ണമായി. ഇപ്പോൾ തിരുവമ്പാടി ഫൊറോനാപ്പള്ളിയുടെ കീഴിൽ കാൽലക്ഷത്തോളം ക്രിസ്ത്യാനികളുണ്ട്. കൂടാതെ ഹൈന്ദവരും മുസ്ലീംങ്ങളും ഉണ്ട്.

പള്ളി

മലബാർ കുടിയേറ്റത്തിന്റെ പ്രാരംഭകാലത്ത് കോഴിക്കോട്ട് ലത്തീൻ രൂപത ഭരിച്ചുകൊണ്ടിരുന്നത് റൈറ്റ് റവ. ഡോക്ടർ പ്രോസേർപിയോ എസ്. ജെ. തിരുമനസ്സുകൊണ്ടായിരുന്നു. കരുണാനിധിയായ ആ വന്ദ്യപിതാവ് കുടിയേറ്റക്കാരുടെ കാര്യങ്ങൾ അതീവമനസ്സിൽ ചെല്ലുന്നവരോടെല്ലാം അന്വേഷിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ്, സംസ്കരിക്കുന്നതിനുവേണ്ടി തിരുവമ്പാടിയിൽനിന്ന് രണ്ട് മൃതദേഹങ്ങൾ കോഴിക്കോട്ട കൊണ്ടുചെന്നത്. ഇതോടുകൂടി തിരുമേനിയുടെ മനസ്സുരുകി. ഈ ഘട്ടത്തിൽ തൊട്ടിയിൽ സ്കറിയ, ആലഞ്ചാപ്പള്ളി മത്തൻ, അഞ്ചനാട്ട ചാക്കോ, മുതലായവർ വന്ദ്യപിതാവിനെക്കണ്ട് സങ്കടം പറയുകയും തിരുവമ്പാടിയിലേയ്ക്ക് ഒരു വൈദികനെ അയച്ചുതരണമെന്നു് അപേക്ഷിക്കുകയുംചെയ്തു. അതിന്റെ ഫലമായി പ്രഗത്ഭനും, സ്വയംപര്യാപ്തനുമായ ബ. മൊന്തിനാരിഅച്ചനെ ഏതാനും ദിവസങ്ങൾക്കകം വ. പിതാവ് തിരുവമ്പാടിക്കയച്ചു. അദ്ദേഹം വന്ന അന്നുതന്നെ ചക്കങ്കൽ ജോസഫിന്റെ ഭവനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. സുമാർ 25 മൈൽ നീളത്തിൽ കിടന്ന തിരുവമ്പാടി അംശത്തിലെ മറ്റു കുടിയേറ്റകേന്ദ്രങ്ങളായ കൂട്ടത്തായി, പൂളവള്ളി മുതലായ സ്ഥലങ്ങളിലെ കാര്യങ്ങൾകൂടി ബ. മൊന്തിനാരി അച്ചനെ ഏല്പിച്ചിരുന്നു. അതുകൊണ്ട് തിരുവമ്പാടിയിൽ മാസത്തിലൊരു കുർബാന ചൊല്ലുവാനായിരുന്നു തിരുമനസ്സിലെ കല്പന. ചക്കങ്കൽ ജോസഫിന്റെ ഭവനത്തിൽവച്ച് രണ്ടു കുർബാനകൾകൂടി നടന്നു. പക്ഷെ ഒരു രാത്രിയിൽ ആ പുര ഉൾപ്പടെ പതിനേഴു വീടുകൾ കാട്ടാന നശിപ്പിച്ചു. പിന്നീട് ഇല്ലിക്കൂട്ടത്തിന്റെ മുകൾ ശരിപ്പെടുത്തിയുണ്ടാക്കിയ 'ഏറുമാടങ്ങ'ളിലാണ് കുടിയേറ്റക്കാർ താമസിച്ചിരുന്നത്. അതുകൊണ്ട് പില്ലാലത്ത് കറിയാട്ട് ജനങ്ങൾ ഒന്നിച്ചുകൂടിയ ഭാഗത്ത് സൗകര്യപ്പെട്ട കല്ലിന്റെയോ കുറ്റിയുടെയൊക്കെയുകളിൽ സൗകര്യംഉണ്ടാക്കി ദിവ്യബലി അർപ്പിച്ചുകൊണ്ടിരുന്നു. ഈ രീതി 1944 വരെ തുടർന്നു.

തിരുവമ്പാടിയിൽപെട്ട മുണ്ടമലയിൽ 1944-ൽ പുതിയ കുടിയേറ്റക്കാർ വന്നു. അതോടുകൂടി പള്ളി വെയ്ക്കാനുള്ള ധൈര്യവും ആഗ്രഹവുമുണ്ടായി. ബ. മൊന്തിനാരിഅച്ചൻ ഈ വിവരം വന്ദ്യമെത്രാനച്ചനെ അറിയിച്ചു, മെത്രാനച്ചന്റെ നിർദ്ദേശപ്രകാരം ആനക്കല്ലുങ്കൽ ഈനാസു് മുണ്ടമലയിൽ 4 ഏക്കർ സ്ഥലം സംഭാവനയായി പള്ളിക്കു് എഴുതിക്കൊടുത്തു. എല്ലാവരുംകൂടി അധ്വാധിച്ചു് അവിടെ ഓലമേഞ്ഞ ഒരു ചെറിയ ഷെഡ്ഡുണ്ടാക്കി. പിന്നീട് ബ. മൊന്തിനാരിഅച്ചൻ ആ ഷെഡ്ഡിന് 'സേക്രട്ട് ഹാർട്ട് ചാപ്പൽ' എന്നു പേരിട്ട് വെഞ്ചരിക്കുകയും ദിവ്യബലി




ഹൈസ്കൂൾ

അപ്പിക്കുകയുംചെയ്തു. അങ്ങനെ തിരുവമ്പാടി പള്ളി യുണ്ടായി.

വൈദികമന്ദിരം

വൈദികമന്ദിരത്തെപ്പറ്റി ആ കാലത്താരും ചിന്തിച്ചിരുന്നില്ല. മാസത്തിലെ അവസാനശനിയാഴ്ച ആരെങ്കിലും പുളപള്ളിയിൽചെന്നു ബ. മൊന്തിനാരിഅച്ചനെ കൂട്ടിക്കൊണ്ടുവരും. ദിവ്യപൂജയ്ക്കു വേണ്ടുന്ന തിരുവസ്ത്രങ്ങളും കൊണ്ടുവരും. അന്നു രാത്രിയിൽ ഏതെങ്കിലുമൊരു വീട്ടിൽ വിശ്രമിക്കും. പള്ളിഷെഡ്ഡുണ്ടായതുമുതൽ അവിടെ ഒരു രാത്രി കഴിച്ചുകൂട്ടുകയും പിറ്റേദിവസം കുർബാനകഴിഞ്ഞു ജനങ്ങളുടെ ക്ഷേമവും അന്വേഷിച്ചിട്ടു മടങ്ങിപ്പോകുകയും ചെയ്തുകൊണ്ടിരുന്നു. 1946 വരെ ഇതായിരുന്നു സ്ഥിതി.

കുടിയേറ്റക്കാരുടെ സംഖ്യ വർദ്ധിച്ചതോടുകൂടി തിരുവമ്പാടിക്കാർക്കു ഒരു സ്ഥിരം വൈദികനെ കിട്ടണമെന്നുള്ള ആഗ്രഹമുണ്ടായി. വൈദികൻ സ്ഥിരം വരുമ്പോൾ താമസിക്കുന്നതിനുവേണ്ടി 1946-ൽ ഒരു ക്രിസ്തുമസ്കരോൾ പിരിവുനടത്തി പണം ശേഖരി



യു. പി. സ്കൂൾ

ച്ചു, ആനക്കല്ലുങ്കൽ ഈനാസിൻറെ നേതൃത്വത്തിൽ വൈദികമന്ദിരം പൂർത്തിയാക്കി. അക്കാലത്തു് ഇടവകാസ്വദേശിയായ ബ. സക്കറിയാസച്ചൻ മിഷൻപ്രവർത്തനങ്ങൾക്കായി കോഴിക്കോട്ടുവന്നു. അദ്ദേഹത്തെ വന്ദ്യപിതാവു് തിരുവമ്പാടിക്കയച്ചു. ഒന്നരമാസം കഴിഞ്ഞപ്പോൾ അദ്ദേഹം മടങ്ങിപ്പോയി. വീണ്ടും ബ. മൊന്തിനാരിഅച്ചൻ തിരുവമ്പാടിയുടെ കാര്യങ്ങൾ ഏറ്റെടുത്തു.

പുതിയ ഇടവകകൾ

ബ. മൊന്തിനാരിഅച്ചൻ 1947ൽ സ്ഥലംമാറിപോയി. പകരം ബ. സെക്കൈരാ എസ്. ജെ. അവർകൾ കൂടിത്തായിയുടേയും തിരുവമ്പാടിയുടേയും വികാരിയായിവന്നു. 1948ൽ തിരുവമ്പാടിയും കൂടത്തായിയും രണ്ടിടവകകളായി തിരിയുകയും തിരുവമ്പാടിയുടെ വികാരിയായി മംഗലാപുരം സ്വദേശിയായ റവ. ഫാദർ ജി. ഗ്രോൺസാൽവെസ് വരുകയുംചെയ്തു. ഇക്കാലത്തു കോഴിക്കോട്ടെ മെത്രാനച്ചൻ തിരുവമ്പാടിയും സമീപപ്രദേശമായ കൂടരഞ്ഞിയും സന്ദർശിച്ചു. കൂടരഞ്ഞിയെ ഒരു പ്രത്യേക ഇടവകയാക്കി. അവരുണ്ടാക്കിയ സ്റ്റൂൾഷെഡ്ഡിൽ ഞായറാഴ്ച 4 മണിക്കു കുർബാന ചൊല്ലുവാൻ ഗ്രോൺസാൽവെസ് അച്ചനെ നിയോഗിച്ചു.

സ്ഥിതിഗതികൾ ഇത്രയുംആയപ്പോഴാണു് ദൈവാനുഗ്രഹത്താൽ തിരുവിതാംകൂറിൽനിന്നു് ഏഴു കർമ്മലീത്താവൈദികർ മലബാറിലേയ്ക്കു നിയുക്തരായതു്, അവരിൽ ബ. അത്തനാസിയൂസ് അച്ചൻ തിരുവമ്പാടി വികാരിയായിട്ടും, ബസ്റ്റർഡിൻ അച്ചൻ കൂടരഞ്ഞി വികാരിയായിട്ടും നിയമിതരായി.

ഫെ. ബ. അത്തനാസിയൂസച്ചൻ


എല്ലാ കാര്യങ്ങളിലും അസാമാന്യകഴിവുള്ള ബ. അത്തനാസിയൂസച്ചൻ പള്ളിക്കാര്യങ്ങളെന്നപോലെ സാമൂഹ്യകാര്യങ്ങളും വളരെ വിദഗ്ദ്ധമായ രീതിയിൽ കൈകാര്യംചെയ്യുവാൻതുടങ്ങി. പോരെങ്കിൽ അദ്ദേഹത്തിനു് മലബാറിലെ ഉദ്യോഗസ്ഥമണ്ഡലങ്ങളിൽ നല്ല സ്വാധീനവുമുണ്ടായിരുന്നു. ഈ നാട്യയരണം എന്ന ദൃഢപ്രതിജ്ഞയോടെ അദ്ദേഹം എല്ലാ രംഗത്തേയ്ക്കും ഇറങ്ങി. അന്തരീക്ഷം പ്രകാശമാനമാകാനും തുടങ്ങി.

ബ. അത്തനാസിയൂസച്ചന്റെ കാലംവരെ ലത്തീൻകുർബാനയും ലത്തീൻമുറപ്രകാരമുള്ള ആചാരങ്ങളുമായിരുന്നല്ലൊ തിരുവമ്പാടിയിൽ നടന്നുവന്നിരുന്നതു്. വന്ദ്യമെത്രാനച്ചന്റെ അനുവാദത്തോടുകൂടി എല്ലാം സുറിയാനിറീത്തിലായി. പള്ളിയിൽവേണ്ട തിരുവസ്ത്രങ്ങളെല്ലാം ഉണ്ടാക്കി. എല്ലാം നൂതനമായി ചിട്ടപ്പെടുത്തി. ഇക്കാലത്തു നീലേശ്വരംകാർ ഇടവക പിരിയാൻ ആഗ്രഹിച്ചതുകൊണ്ടു് അവിടത്തെ സ്റ്റൂൾഷെഡ്ഡിൽ ഞായറാഴ്ച നാലുമണിക്കു് കുർബാന ചൊല്ലിത്തുടങ്ങി.

തിരുവമ്പാടിയിലെ അത്യധ്വാനംകൊണ്ടു് ബ. അത്തനാസിയൂസച്ചനു് രോഗം ബാധിക്കുകയും 1952ൽ അദ്ദേഹംകൊവേന്തയിലേയ്ക്കു മടങ്ങിപ്പോവുകയും ചെയ്തു. ബ. അച്ചന്റെ ഗുരുപ്പട്ടസുവർണ്ണജൂബിലി രണ്ടുവർഷംമുമ്പു് കേരളത്തിൽ പല സ്ഥലങ്ങളിലും ആഘോഷിച്ചപ്പോൾ തിരുവമ്പാടിക്കാരും കൃതജ്ഞതാനിർഭരമായ ഹൃദയവുമായി മുമ്പോട്ടുവന്നു. 1960 ജൂൺ 28-ാംനു അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ഫെ. ബ. എവരിസ്റ്റസ് അച്ചന്റെ അദ്ധ്യക്ഷതയിൽ ഏറ്റവും ഭംഗിയായി തിരുവമ്പാടിയിലും ജൂബിലി ആഘോഷിച്ചു.

ഫെ. ബ. കുറുബിനച്ചൻ

ബ. അത്തനാസിയൂസച്ചനുശേഷം തിരുവമ്പാടി വികാരിയായി വന്നതു് വെരി. റവ. ഫാദർ കുറുബിൻ സി. എം. ഐ. അവർകളായിരുന്നു. ഇദ്ദേഹം അമേരിക്കയിൽനിന്നു കിട്ടിയ പന്തീരായിരം രൂപയും ഇടവകയിലെ പിരിവുകളുംകൂട്ടി തിരുവമ്പാടി പള്ളി



പേരെടുത്ത ഗായകസംഘം

പണിതു് 1958ൽ പൂർത്തിയാക്കി. പള്ളി പണിയാൻ പാടില്ലെന്നു് ജന്മി കേസുകൊടുത്തെങ്കിലും കോടതി വിധി പള്ളിക്കനുകൂലമായിരുന്നു. ഇദ്ദേഹത്തിന്റെ കാലത്തു് വേനപ്പാറക്കാർ അവിടെ ഒരു പള്ളിമുറി പണിയുകയും, തിരുവമ്പാടി ഇടവകയിൽപെട്ടിരുന്ന നീലേശ്വരവും കൂടത്തായിയും യോജിപ്പിച്ചുണ്ടാക്കിയ വേനപ്പാറ ഇടവക രൂപംകൊള്ളുകയുംചെയ്തു. ഇതേ കാലത്തുതന്നെ പുല്ലൂരാൻപാറക്കാരും ഒരു പ്രത്യേക ഇടവകയായി പിരിഞ്ഞുപോയി.

തിരുവമ്പാടിപ്രദേശത്തിനുവേണ്ടി രാപകൽ വേലചെയ്തതിന്റെ ഫലമായി ബ. കൊറുബിനച്ചന്റെ ആരോഗ്യം ക്ഷയിച്ചു. 1959ൽ അദ്ദേഹം തിരുവമ്പാടിയിൽനിന്നു ചികിത്സാർത്ഥം പോവുകയുംചെയ്തു. ആ ദിവ്യാത്മാവു് 1960 ജനുവരി 18-ാംനു ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ ആത്മാനുലാഭാർത്ഥം തിരുവമ്പാടിപ്പള്ളിയിൽ ആണ്ടുതോറും മരണതിയതിയിൽ ഒരു കുർബാന ചൊല്ലിവരുന്നുണ്ടു്.

ഫെ. ബ. എവിരസ്റ്റുസച്ചൻ

1959-ൽതന്നെ വെരി. റവ. ഫാദർ എവിരസ്റ്റുസ് C.M.I. അവർകൾ തിരുവമ്പാടിയുടെ വികാരിയായി ഭരണഭാരമേറ്റെടുത്തു. വീടുതോറുമുള്ള സന്ദർശനത്തോടുകൂടി ഇടവകയെ ആധ്യാത്മികവും സാമൂഹികവുമായി അഭിവൃദ്ധിപ്പെടുത്തുകയാണു് ബ. എവിരസ്റ്റുസച്ചന്റെ ലക്ഷ്യം. ജനങ്ങളിൽ ആധ്യാത്മിക ചൈതന്യംനിലനില്ക്കുന്നതിനുവേണ്ടി എല്ലാ സംരംഭങ്ങളും അദ്ദേഹം ചെയ്യുന്നു. ഭാവിയിൽ പള്ളി സ്വയംഭരണാവകാശമാകുന്നതിനുള്ള പദ്ധതിയും അദ്ദേഹത്തിനുണ്ടു്. പള്ളിക്കുവേണ്ടി 22 ഏക്കർ സ്ഥലം വാങ്ങി റബർതോട്ടമുണ്ടാക്കി


യതിൽനിന്നും ഇരുപതു് ഏക്കർ വൃക്കമാക്കിയുണ്ടു്. അതുപോലെതന്നെ പള്ളിയുടെ അകവും പുറവും അദ്ദേഹം മനോഹരമാക്കി, പള്ളിയിലേക്കു് ആവശ്യമായ എല്ലാ ഉപകരണങ്ങളും പുതിയ തിരുവസ്ത്രങ്ങളും തിരുസ്വരൂപങ്ങളും ബ. അച്ചൻവാങ്ങിച്ചു. ഇതിലെല്ലാമുപരിയായി പള്ളിയിലും ഇടവകയിൽ പൊതുവായും അനുകരണീയമായ ഒരു അനുപമായും ക്രമവും വരുത്തുവാൻ ബ. എവരിസ്റ്റുസച്ചനു സാധിച്ചിട്ടുണ്ടു്. കൂടാതെ ബഹുമുഖങ്ങളായ പുരോഗതിക്കുവേണ്ടിയും അദ്ദേഹം ഇന്നു് അക്ഷീണം യത്നിക്കുന്നു. ഇന്നു തിരുവമ്പാടിയിൽതന്നെ 350-ൽ പരം കത്തോലിക്കാവീട്ടുകളും 3000ത്തിൽപരം അംഗങ്ങളുമുണ്ടു്.

കപ്പേള

തിരുവമ്പാടിയുടെ കേന്ദ്രമായ നായരുകൊല്ലിയിൽ സ്ഥിതിചെയ്യുന്ന വി. ശ്രദ്ധ കൊച്ചുത്രേസ്യായുടെ കപ്പേള ഈ പ്രദേശത്തിന്റെ കെടാവിളക്കാണു്. ജാതിമതഭേദമെന്യേ നിരവധി ആളുകൾ അനുദിനം ഇവിടെവന്നു വി. കൊച്ചുത്രേസ്യായുടെ അനുഗ്രഹം പ്രാപിക്കുന്നുണ്ടു്. വിശ്രുതയിൽനിന്നും ലഭിക്കുന്ന അനുഗ്രഹപ്രവാഹത്തെ അനസ്യൂതിപ്പിക്കത്തക്കവണ്ണം ഇടവകയുടെ നാനാഭാഗത്തേയ്ക്കും പോകുന്ന വഴികളെല്ലാം ഇവിടെനിന്നുതന്നെ ആരംഭിച്ചിരിക്കുന്നതു്. തികഞ്ഞ ഭാവനാവിലാസത്തോടെ ഈ സ്ഥലം തിരഞ്ഞെടുത്തു് ഈ കപ്പേള പണിയിച്ചതു് ബ. അത്തനേഷ്യസച്ചനാണു്.


സേക്രട്ടു് ഹാർട്ടു് യു. പി. സ്കൂൾ

ബ. സെക്വരാച്ചനാണു് സേക്രട്ടു് ഹാർട്ടു് യു. പി



ഇനി ആരെങ്കിലും തെയ്യമുണ്ടോ
വാക്കുകടിക്കാനും പൊല്ലാപ്പുണ്ടാക്കാനും

സ്കൂളിന്റെ സ്ഥാപകൻ. സ്കൂളിന്റെ അംഗീകരണം അന്നൊരു പ്രശ്നമായിരുന്നില്ല. തല്ക്കാലം പള്ളിഷെഡ്ഡിൽതന്നെ ക്ലാസ്സുകൾ തുടങ്ങി. കുടിയേറ്റക്കാരിൽ ഒപ്പട്ട ഒ. ജോസഫിനേയും ഭാര്യയേയും അദ്ധ്യാപകരായി നിശ്ചയിക്കുകയും അവക്കുള്ള ശമ്പളം കോഴിക്കോട്ട് അരമനയിൽനിന്നു കിട്ടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുകയുംചെയ്തു. ഗോൺസാൽവസ് അച്ചന്റെ കാലത്തു സ്കൂളിനു് അംഗീകാരം വാങ്ങുകയും, പള്ളിപ്പറമ്പിൽ 120 അടി നീളത്തിൽ സ്കൂൾകെട്ടിടം പണയ്ക്ക് ക്ലാസ്സുകൾ അങ്ങോട്ടു മാറുകയുംചെയ്തു. ബ. അത്തനേഷ്യസച്ചൻ ആദ്യത്തെ ഷെഡ്ഡിനു് ഒരു ചാർത്തുകൂടി ഉണ്ടാക്കി. കുട്ടികളുടേയും അദ്ധ്യാപകരുടേയും സംഖ്യ ഇക്കാലംമുതൽ വർദ്ധിച്ചുതുടങ്ങി. ബ. കെറുബിൻഅച്ചൻ എട്ടാംതരം വരെയുള്ള ക്ലാസ്സുകൾ പൂർത്തിയാക്കി. അദ്ദേഹം ആദ്യത്തെ കെട്ടിടത്തെ തുടർന്നു് നൂറടി നീളത്തിൽ ഹോളും പണിയിച്ചു.



സുപ്രസിദ്ധമായ ചെറുപുഷ്പകപ്പേളയും അങ്ങാടിയും

സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ

എട്ടാംതരം പാസ്സായ കുട്ടികളെ ഹൈസ്കൂളിൽ ചേർത്തുപഠിപ്പിക്കുവാൻ രക്ഷാകർത്താക്കൾക്കു താല്പര്യമുണ്ടായി. പക്ഷേ കോഴിക്കോട്ടൊ മറ്റെവിടെയെങ്കിലുമൊ ബോർഡിംഗിൽ വിട്ടു പഠിപ്പിക്കുവാൻ പണമില്ല. ഇതിനൊരു പോംവഴി എല്ലാവരുംകൂടി കണ്ടുപിടിച്ചു. ഒരു ഹൈസ്കൂൾ സ്ഥാപിക്കുക. അവർ എങ്ങനെയെങ്കിലും പതിനായിരംരൂപാ പിരിച്ചെടുക്കാമെന്നു് ബ. കെറുബിനച്ചനെ അറിയിച്ചു. ഈ തുകവിനിയോഗിച്ചു് ബ. അച്ചൻ കളവറമലയിൽ സ്ഥലംവാങ്ങുകയും പുതിയൊരു സ്കൂൾകെട്ടിടം ഏറെക്കുറെ പൂർത്തിയാക്കുകയുംചെയ്തു. എന്നാൽ സ്കൂളിനുവേണ്ടി ഗവണ്മെന്റിൽ കെട്ടിവയ്ക്കാൻ പണമില്ല. ഇനി വന്ദ്യമെത്രാനച്ചനെതന്നെ അഭയംപ്രാപിക്കാമെന്നവച്ചു തലശ്ശേരിക്കു തിരിച്ചു; വന്ദ്യതിരുമേനി സന്തോഷപൂർവം ആവശ്യകമായ സംഖ്യ നല്കി അനുഗ്രഹിച്ചു. അങ്ങനെ 1955-ൽ സേക്രട്ട് ഹാർട്ട് ഹൈസ്കൂളിനു് അംഗീകാരം ലഭിക്കുകയും ഫോർത്തുഫോറം മുതലുള്ള ക്ലാസ്സുകൾ തുടങ്ങുകയുംചെയ്തു. ബ. എവരിസ്സച്ചൻ വന്നതോടുകൂടി ഹൈസ്കൂൾ പൂർത്തിയായി. അദ്ദേഹം വീണ്ടും സ്കൂളിനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ചു. ഇന്നു് സേക്രട്ട് ഹാർട്ട് യു പി. സ്കൂളും, ഹൈസ്കൂളും കെട്ടിടങ്ങളുടെ എണ്ണംകൊണ്ടും അധ്യാപകരുടെ സാമർത്ഥ്യംകൊണ്ടും വിജയശതമാനംകൊണ്ടും കുന്ദമംഗലം റെയിഞ്ചിൽപ്രഥമസ്ഥാനം കരസ്ഥമാക്കിയിരിക്കയാണു്!

കർമ്മലീത്താമഠം

കന്യകാമഠം ഏതൊരിടവകയ്ക്കും ഭൂഷണവും ആവശ്യകവുമാണു്. ബ. കെറുബിൻഅച്ചന്റെ കാലത്തു് ഇവിടെ ഒരു കന്യകാലയം സ്ഥാപിക്കുന്നതിനുള്ള ആലോചനയുണ്ടായി. 1956ൽ പാലായിൽനിന്നു നാലു കർമ്മലീത്താസഹോദരികൾ ഇവിടെ വന്നു. അവർ താമസിയാതെ കളവറമലയിൽ സ്ഥലംവാങ്ങി മഠം പണി ആരംഭിച്ചു. 1960ൽ കന്യകാലയത്തിന്റെ പണി പൂർത്തിയാകുകയും തലശ്ശേരി മെത്രാനച്ചൻതിരുമനസ്സുകൊണ്ടു് വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയുംചെയ്തു. ഇപ്പോൾ ഈ കർമ്മലീത്താമഠത്തിലെ അംഗസംഖ്യ 17 ആണു്. എല്ലാവരുംതന്നെ വിദ്യാലയപ്രേഷിതജോലിയിൽ ഏർപ്പെട്ടിരിക്കുന്നു.

ഭക്തസംഘടനകൾ

ബ. കെറുബിൻഅച്ചൻ ഇവിടെ മാതാവിന്റെ സൊഡാലിറ്റി, ചെറുപുഷ്പ മിഷൻലീഗ്, C. Y. M. A. എന്നിവ ആരംഭിച്ചു. ഇന്നും സംഘടനാപ്രവർത്തനങ്ങളിൽ തിരുവമ്പാടിയിലെ യുവജനങ്ങൾ മുൻപന്തിയിൽതന്നെയാണു്. 1960-ൽ ചെറുപുഷ്പ മിഷൻലീഗിന്റെ തലശ്ശേരിരൂപതാവാഷ്കികം തിരുവമ്പാടിയിൽവച്ചു് വിവിധ പരിപാടികളോടുകൂടി കൊണ്ടാടി.

തിരുവമ്പാടിയിലെ തിരുഹൃദയ ദർശനസഖ്യം 1959-ൽ ബ. എവരിസ്സച്ചൻ സ്ഥാപിച്ചു. ഈ സംഘത്തിൽ ഇപ്പോൾ 300 അംഗങ്ങളുണ്ടു്. ഇപ്പോൾ തിരുവമ്പാടിപ്പള്ളിയിലെ പ്രധാനതിരുനാൾ ദർശനത്തിരുനാളായികൊണ്ടാടിവരുന്നു. ഇതു അനുകരണീയമായ ഒരു ദർശനസമൂഹം മലബാറിൽ മറ്റെങ്ങുമുണ്ടോ എന്നു് തോന്നുന്നില്ല. അതു അച്ചടക്കത്തോടും ആദർശനിഷ്ഠയോടുംകൂടി ആ സംഘടന നിലകൊള്ളുന്നു.

റോഡുകൾ

കോഴിക്കോട്ടുനിന്നും 22 മൈൽ കിഴക്കു വടക്കാണല്ലൊ തിരുവമ്പാടി. ആദ്യകാലത്തു് അവിടെ വന്നെത്തുക എന്തൊരു പ്രയാസമായിരുന്നു! 18 മൈൽ—അതായതു് മുക്കംവരെ നല്ല യാത്രാസൗകര്യം ഉണ്ടായിരുന്നു. ബസ്സും ജീപ്പും എല്ലാം ഉണ്ടു്. പിന്നെ തിരുവമ്പാടിക്കു പോകുക വൻപ്രശ്നമായിരുന്നു. ഒറ്റയ്ക്കു പോകാൻ ആരും ധൈര്യപ്പെടുകയില്ല. കാട്ടും കാട്ടുമൃഗങ്ങളും! അതിനു ആയുധധാരികളായ വഴികാട്ടികളെ കൂട്ടിനെടുക്കും. ഒരു വഴികാട്ടിക്കു് രണ്ടുരൂപാ കൂലിയും കൊടുക്കണം.

നിങ്ങളുടെ മാനസികപ്രശ്നം?

തൊഴിലില്ലാഞ്ഞിട്ടാണെങ്കിൽ, ലോകകാര്യങ്ങളറിയാഞ്ഞിട്ടാണെങ്കിൽ, സമയത്തിനു് സ്ഥലത്തെത്താൻ കഴിയാഞ്ഞിട്ടാണെങ്കിൽ, സമയം അറിയാഞ്ഞിട്ടാണെങ്കിൽ, വെളിച്ചം പോരാഞ്ഞിട്ടാണെങ്കിൽ, വളരെയധികം ഏടാകൂടങ്ങൾ മനസ്സിനെ അലട്ടുന്നുവെങ്കിൽ, ഉല്ലാസയാത്രയിലാണെങ്കിൽ ഇനി നിങ്ങൾ വിഷമിക്കേണ്ടതില്ല.

മേത്തരം:—തയ്യൽ മെഷീൻ, റേഡിയോ, സൈക്കിൾ, വാച്ചുകൾ, ഫെട്രോമേക്സ്, ഗ്രാമഫോൺ, ഫോട്ടോക്യാമറ തുടങ്ങിയവ ഗഡുവിനു് കിട്ടുന്നതാണു്.

എഴുതുക:— National Trading Corporation Kellur,
Near Manantoddy. Kerala
Agents wanted at all places in Kerala & Mysore State.

ബ. അത്തനാസിയുസച്ചൻ വന്നുടനെതന്നെ ഈ ദുസ്ഥിതിക്കു പരിഹാരം കാണണമെന്നു തീരുമാനിച്ചു. ഏറെത്താമസിയാതെ അദ്ദേഹം അഗസ്ത്യൻമുഴി തിരുവമ്പാടിറോഡു് തദ്ദേശവാസികളേയും കൂടിയേറ്റക്കാരേയും സഹകരിപ്പിച്ചുകൊണ്ടു് വെട്ടിത്തുറന്നു. ഈ റോഡു് തിരുവമ്പാടി യൂറോപ്യൻ എസ്റ്റേയിറ്റിൽ വെച്ചു് മുക്കംറോഡുമായി സന്ധിച്ചുകടന്നുപോകുന്നതുകൊണ്ടു് മുക്കം ബസ്സ്സ്റ്റാൻറിലേയ്ക്കുള്ള യാത്ര സുഗമമായി.

ബ. കെറുബിൻഅച്ചന്റെ കാലത്തു് അഗസ്ത്യൻമുഴിമുക്കംറോഡു് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിക്കുകയും, അതു നന്നാക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള കരാർ പള്ളിക്കാര്യത്തിൽനിന്നു ഏറ്റെടുക്കുകയുംചെയ്തു. ഈ അവസരത്തിൽ പലരിൽനിന്നും ശക്തിയേറിയ എതിർപ്പുകളും കേസുകളുമുണ്ടായി. ബ. അച്ചന്റെ പേരിൽ അറസ്റ്റുവാറണ്ടുപോലും പുറപ്പെടുവിച്ചു. എങ്കിലും വളരെ ക്ലേശങ്ങൾ സഹിച്ചു് അദ്ദേഹം റോഡ് ഏറെക്കുറെ പൂർത്തിയാക്കി. പിന്നീടു് ബ. എവരിസ്റ്റസച്ചൻ കുന്ദമംഗലം എൻ. ഇ. എസ്സു്. ബ്ലോക്കിന്റെ സഹായത്തോടുകൂടി റോഡിനു് ആവശ്യമായ പാലങ്ങളും റോഡുകളും പൂർത്തിയാക്കി.

അന്നു് തിരുവമ്പാടിയിൽ എത്തിയാൽത്തന്നെ ഇടവകയുടെ വിവിധ ഭാഗങ്ങളിലേയ്ക്കോ അയൽകോളനികളിലേയ്ക്കോ പോകുവാൻ വഴികളുണ്ടായിരുന്നില്ല. ആനതടി വലിച്ചുപോയതുകൊണ്ടുണ്ടായ ഏലുകൾ നോക്കിയായിരുന്നു സഞ്ചരിച്ചിരുന്നതു്. ഈ പ്രശ്നവും ബ. അത്തനാസിയുസച്ചൻ ഏറെക്കുറെ പരിഹരിച്ചു. അദ്ദേഹം മുന്നിട്ടനിന്നു ഇടവകയുടെ നാനാഭാഗത്തേയ്ക്കും റോഡുകൾ തുറന്നു. അങ്ങനെ ഗതാഗതം സൗകര്യമായതോടുകൂടിയാണു് തിരുവമ്പാടിയുടെ അഭിവൃദ്ധിയും തെളിഞ്ഞതു്.

മറ്റു സ്ഥാപനങ്ങൾ

തിരുവമ്പാടിയിൽ നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിരവധി മറ്റു സ്ഥാപനങ്ങളുമുണ്ടു്. തിരുവമ്പാടിയുടെ തെളിച്ചമുള്ള രണ്ടു കണ്ണുകളാണു് മാർക്കറിംഗ്സൊസൈറ്റിയും, സർവീസ് സഹകരണസംഘവും. കൂടാതെ പ്രൈമറി ഹെൽത്തു് സബ്സെൻറർ, സാമൂഹ്യക്ഷേമകേന്ദ്രം, പഞ്ചായത്തു് ഓഫീസ്, വില്ലേജ്ഓഫീസ്, ബ്രാഞ്ചു് പോസ്റ്റാഫീസ് ഗ്രാമസേവക് ഓഫീസ്, പബ്ലിക്ക് ലൈബ്രറി, സ്പോർട്സ് ക്ലബ്ബ്, മുക്കാൽ ഡസനോളം ചികിത്സാകേന്ദ്രങ്ങൾ മുതലായവയെല്ലാം തിരുവമ്പാടിയിലുണ്ടു്,

പോലീസ്സ് സ്റ്റേഷൻ

സ്വതവേ വീര്യംകൂടിയവരാണു് തിരുവമ്പാടിക്കാർ അവരുടെ തന്റേടവും പ്രയത്നശീലവുംകൊണ്ടാണല്ലൊ ഇന്നു് തിരുവമ്പാടി ഇത്രമാത്രം സമുന്നതമായതും. പക്ഷേ കുറേശ്ശെ 'വീര്യം' എടുക്കുന്നവരും തിരുവമ്പാടിയിലുണ്ടായിരുന്നു! ബ. സെക്വരഅച്ചന്റെ കാലംമുതൽ ഇന്നുവരെ വികാരിമാരായി വന്ന ബ. അച്ചന്മാരെല്ലാം ഇവിടത്തെ മദ്യപാനം നിറുത്താൻ ശ്രമിച്ചിട്ടുണ്ടു്; അക്രമങ്ങളവസാനിപ്പിക്കുവാൻ പരിശ്രമിച്ചിട്ടുണ്ടു്. പക്ഷേ, അതിൽ പരിപൂർണ്ണമായി വിജയിച്ചതു് ധീരമതിയായ പെ. ബ. എവരിസ്റ്റസച്ചൻ മാത്രമാണു്! അദ്ദേഹത്തിന്റെ തീവ്രപരിശ്രമത്തിന്റെ ഫലമായി കേരളഗവണ്മെൻറ് 1961–ൽ ഇവിടെ ഒരു ചാർജ്ജിംഗ് പോലീസ് സ്റ്റേഷൻ സ്ഥാപിച്ചു. ഈ സ്റ്റേഷനിൽ ഒരു സബ്ബ് ഇൻസ്പെക്ടറുൾപ്പെടെ ഇപ്പോൾ 13 പോലീസുകാരുണ്ടു്. ഈ സ്ഥാപനം ബ. എവരിസ്റ്റസച്ചൻ ഇന്നാടിനുവേണ്ടി ചെയ്ത സേവനങ്ങളുടെ മണിമകുടമായി ലാലസിക്കുന്നുവെന്നു രേഖപ്പെടുത്തുവാൻ അപാരമായ സന്തോഷമുണ്ടു്.

ചന്തയുടെ കഥ

തിരുവമ്പാടിയിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ കപ്പേളയുണ്ടായപ്പോൾ, ഞായറാഴ്ചദിവസങ്ങളിൽ പല നേർച്ചസാധനങ്ങളും വരുകയും, അതവിടെവച്ചു ലേലത്തിൽ വിൽക്കുകയും പതിവായി. വഴിക്കുവലയായതുകൊണ്ടു് തമ്മിൽ കണ്ടുപരിയാനുള്ളവരും അവിടെ കാത്തുനിന്നു. ഈ സൗകര്യങ്ങൾകണ്ടു് ചില മുറുക്കാൻകച്ചവടക്കാരും വെച്ചുവാണിഭക്കാരും ഞായറാഴ്ച കുരിശുപള്ളിക്കു ചുറ്റുംകൂടി കച്ചവടംതുടങ്ങി. അതു



ഞാനും പോരട്ടെ...?

(അമ്മ പള്ളിയിൽ പോകാനൊരുങ്ങി
കുഞ്ഞുപിള്ളേർ ചുറ്റുംകൂടി...)

സിപ്രിയാനോസ് പരീക്കണ്ണി

"ഞായറാഴ്ചയാണിന്നെൻറെയമ്മച്ചി
ഞങ്ങളെക്കൂടാതെ പോയിടണ്ട...!
ഞാനെന്നുമാശിച്ചൊരുങ്ങിടാറുണ്ടിന്നു
ഞങ്ങളും പള്ളിയിൽ പോന്നിടട്ടെ...?"

കുഞ്ഞിനെ കിക്കിളിയിട്ട കളിക്കവേ
കുഞ്ഞുമോളമ്മച്ചിയോടുചൊല്ലി.
കൊച്ചരിപ്പല്ലുകൾ കാട്ടിച്ചിരിച്ചവൾ
കൊഞ്ചിക്കുഴഞ്ഞാടി നില്പുമായി!

"അങ്ങോട്ടപോരേണ്ട പൊന്നുമോളിന്നൊന്നും
അങ്ങോളമോടിവന്നെത്തുകില്ല!
അല്ലെങ്കിൽ ഞാൻ കൊണ്ടുപോകാതിരി-
ക്കുമോ"അമ്മച്ചിസാകൂതമോതിവിണ്ണും!

"പഞ്ചാരവാക്കു പറഞ്ഞുകൊണ്ടമ്മച്ചി
പറ്റിക്കയാണിങ്ങനന്നുമെന്നെ!
പച്ചനുണയൊന്നുമിന്നുപറയേണ്ട
പറ്റില്ല ഞാനും വരുന്നകൂടെ...!

പെട്ടിയിലിന്നാളലക്കിവച്ചിട്ടുള്ള
പട്ടുപ്പൊന്നിങ്ങെടുക്കുവേഗം!

പട്ടുറിബൺകൊണ്ട്, ചീകിയെൻ വാർമുടി
കെട്ടിവച്ചിടണം ഭംഗിയായി...!

കൊന്തയൊന്നിങ്ങോട്ടെടുത്തുതന്നീടുമോ
കൊണ്ടുപോയിടട്ടെ പള്ളിയിൽ ഞാൻ!
കൊച്ചിനെ ഞാനെന്റെ തോളിൽ-
കിടത്തിടാം
കൊച്ചുപ്പൊന്നിങ്ങെടുത്തുതന്നേ...!

പൗഡറും ചായവും തേച്ചുമിനുക്കണം
ഭംഗിയായ് പൂവൊന്നു ചൂടിടേണം!
പാവക്കിടാവിനെ കൊണ്ടുപോയീടേണ്ട
പാവമിപായിൽ കിടന്നിടട്ടെ...!!

അച്ചനെ കാൺമ്പോളാദ്യമായിട്ട ഞാൻ
ആദരവോടെ നമസ്കരിക്കും
അന്നേരമെന്നെ വിളിച്ചു സമ്മാനമായ്
അഞ്ചാറു ചിത്രങ്ങൾ നല്കുകില്ലെ...?

ഉണ്ണിമിശിഹായ്ക്കു കാഴ്ചവച്ചീടുവാൻ
ഉണ്ടല്ലൊ പൂക്കളിന്നെൻറെ കയ്യിൽ
ഉണ്ണിയോടൊത്തിരി കാര്യം പറയണം
ഉമ്മ നല്കീടണമങ്ങുചെന്നാൽ...!"

അമ്മണിപൈതലിൻ വാക്കുകേട്ടുകൊ-
ണ്ടമ്മച്ചി നിന്നുപോയേറെനേരം...
അക്കൊച്ചുകാലുകൾക്കില്ലെവും ശേഷിയി-
ല്ലുത്തരം പള്ളി വിദൂരമല്ലൊ...!!

വികസിച്ചു് വരുങ്ങിയ കാലംകൊണ്ടു് ഒന്നാംതരം ഒരു ഞായറാഴ്ച ചന്തയായി രൂപം പ്രാപിച്ചു.

1954-ൽ ബ. കെറുബിൻഅച്ചൻറെ കാലത്തു് ബ.എവരിസ്റ്റസച്ചൻ തിരുവമ്പാടിയിൽ ധ്യാനിപ്പിക്കുവാൻ വന്നു. ഈ ഞായറാഴ്ചചന്ത കാരണം അനവധി ക്രിസ്ത്യാനികൾ മുഴുവൻകുർബാന കാണുന്നില്ലെന്നു് അദ്ദേഹം മനസ്സിലാക്കി. ക്രിസ്ത്യാനികളായ കച്ചവടക്കാരുടെ സഹകരണത്തോടുകൂടി ബ. അച്ചൻ ഞായറാഴ്ചചന്ത ശനിയാഴ്ചചന്തയാക്കി മാറ്റി. ചന്ത ശനിയാഴ്ചയാക്കിയതിനെ പലരും പ്രതിഷേധിച്ചു് ബഹളംകൂട്ടി. അത്ഭുതന്നെ. ഇന്നും ബ. എവരിസ്റ്റസച്ചൻറെ നിർദ്ദേശപ്രകാരം ചന്ത ശനിയാഴ്ചതന്നെ ഭംഗിയായി നടന്നുവരുന്നുണ്ടു്. ബ. അച്ചൻ ഇവിടെ വികാരിയായി വന്നതിനുശേഷം, ചന്തയ്ക്കു പറ്റിയ എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുകയും ഗവണ്മെൻറിൽനിന്നു അംഗീകാരം വാങ്ങിക്കുകയുംചെയ്തു. ഇന്നു് എല്ലാംകൊണ്ടും പ്രശസ്തമായ ഒരു വ്യാപാരകേന്ദ്രമായി ഈ ചന്ത ഉയർന്നുകഴിഞ്ഞിരിക്കയാണു്.

ഒറ്റനോട്ടത്തിൽ

കേരളസംസ്കാരത്തിൻറെ പ്രതീകമാണു് തിരുവമ്പാടിയെന്നു പറയാം. കാസർക്കോട്ടുമുതൽ പാറശ്ശാലവരെ നീണ്ടുകിടക്കുന്ന കേരളത്തിലെ മിക്ക താലൂക്കിൽപെട്ടവരേയും ഇവിടെ കാണാം. കൃഷി, കച്ചവടം, കൂലിപ്പണി, കൈത്തൊഴിൽ ഇതിൽ ഏതെങ്കിലുമൊന്നിനെ ലക്ഷ്യമാക്കി ഇവിടെ എത്തിയിട്ടുള്ള ക്രിസ്ത്യാനിയും ഹിന്ദുവും മുസൽമാനും ഏകോദരസഹോദരങ്ങളെപ്പോലെ പ്രവർത്തിച്ചുവരുന്നുണ്ടു്. കുരുമുളകു്, റബർ, പുൽതൈലം, രാമച്ചതൈലം, ചുക്കു്, മഞ്ഞൾ, കച്ചോലം, കപ്പലണ്ടി എന്നിവയാണു് ഇവിടത്തെ നാണ്യവിളവുകൾ. നെല്ലു്, കപ്പ, കരിമ്പു് മുതലായവ നല്ലപോലെ വളരുന്നുണ്ടു്. പാക്കും തേങ്ങയും ഉണ്ടായിവരുന്നതേയുള്ളൂ. ഇവിടെനിന്നു പശ്ചിമജർമ്മനി, അമേരിക്ക, ഇംഗ്ലണ്ടു്, റഷ്യ എന്നി രാജ്യങ്ങളുമായി നേരിട്ടു് രാമച്ചതൈലത്തിൻറെ കച്ചവടം നടക്കുന്നുണ്ടു്. ഇവിടെവന്നു ഒരുമാതിരി മുഴുദിവസവും വേലചെയ്തു ജീവിച്ച എല്ലാവരും ഇന്നു സമ്പ

ഒരു നിശയുടെ നെടുവീർപ്പുകൾ

പാലുവായ് സൈമൺസ്



ലാലിയുടെ കരച്ചിൽകേട്ടാണ് ഔസേപ്പച്ചനുണർന്നത്. ഉറക്കം കൺപോളകളിൽ ഉമ്മവെയ്ക്കാൻ തുടങ്ങിയതേയുള്ളൂ. നുള്ളിനോവിക്കുന്ന ചിന്തയുടെ കരവലയത്തിൽനിന്നും പിടിവിട്ട് നിദ്രയുടെ മടിത്തട്ടിൽ എല്ലാം മറന്ന് തളർന്നുകിടക്കുകയായിരുന്നു. അതാ അവൻ വീണ്ടും പൊട്ടിക്കരയാൻതുടങ്ങി. ഹൃദയത്തിന്റെ ഉള്ളറയിലേയ്ക്ക് വേദന വീണ്ടും അരിച്ചിറങ്ങുകയാണ്, നെയ്യുമ്പിനെപ്പോലെ. ഓ! എന്തൊരു കരച്ചിൽ! ചെവികളിൽ തുളച്ചുകയറുന്നു. എത്രനേരം തന്റെ കുഞ്ഞുമോന്റെ കരച്ചിൽകേട്ട കിടക്കാനൊക്കും.

"ടീസമ്മേ...." ഔസേപ്പച്ചൻ നീട്ടിവിളിച്ചു.

"എന്തോ...." പിന്നിലുള്ള മുറിയിൽനിന്ന് അവൾ വിളികേട്ടു. ടീസാമ്മയുടെ പതിഞ്ഞ ശബ്ദത്തിൽ വേദന കനിഞ്ഞുനിന്നിരുന്നു. കത്തുന്ന വിളക്കുമായി അവൾ മുറിയുടെ വാതിലിലേയ്ക്കു വന്നു. വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ മകളുടെ വെളുത്തുവിളറിയ മുഖം അയാൾ കണ്ടു. നനഞ്ഞുകുതിർന്ന അവളുടെ കൺപോളകൾ ചീർത്തിരിക്കുന്നു. അവൾ ഉറങ്ങിയിട്ടില്ല. വാടിവിളർത്ത ആ മുഖത്ത് നോക്കിയപ്പോൾ അയാളുടെ ഉള്ളിൽ നൊമ്പരമുണ്ടായി.

"മോളെ, നീയുറങ്ങീല്ലെ..."

ന്നതും സംതൃപ്തരുമാണ്. കാരണം, വേലചെയ്താൽ വിചാരിക്കുന്നതു ഫലംതരുന്ന കനകപ്പെട്ട മണ്ണാണ് തിരുവമ്പാടിയിലേതു.

പ്രതീക്ഷാനിർഭരമായ ഈ പശ്ചാത്തലത്തിൽ തിരുവമ്പാടി ഫൊറോന അതിവേഗം വളർന്നുകൊണ്ടിരിക്കയാണ്. ബ. അച്ചന്മാരുടെ സമർത്ഥമായ നേതൃത്വത്തോടൊപ്പം ആത്മാർത്ഥമായ സഹകരണംകൂടെയായപ്പോൾ എല്ലാം വിജയിക്കുന്നു. ഇപ്പോൾ തിരുവമ്പാടി ഫൊറോനായിൽ 8 ഇടവകപ്പള്ളികളും 6 കന്യകാലയങ്ങളും 8 പ്രൈമറിസ്കൂളും 8 യു. പി. സ്കൂളും 3 ഹൈസ്കൂളും ഉണ്ട്. 1942-ൽ 66കു ടുംബക്കാർ വലത്തുകാലുംകുത്തി കയറിയ തിരുവമ്പാടിദേശത്തിന്റെ വിസ്മയനീയമായ പുരോഗതിയുടെ ഏറ്റവും സംക്ഷിപ്തമായ ഒരു കഥയാണിപ്പറഞ്ഞതു.

അടുത്തതിൽ:
മലബാറിലെ മലർവാടി
കുളത്തുവയൽ

"ഉവ്വ്" അവൾ കള്ളം പറഞ്ഞു. ഔസേപ്പച്ചൻ പായിൽ എഴുന്നേറ്റിരുന്ന് ഒന്നു നെടുവീർപ്പിട്ടു.

"അവൻ എന്നാ കരയുന്നേ"

"അമ്മച്ചിയെ കാണണോന്നു" പൊട്ടുന്നു അവളുടെ ശബ്ദം പതറിപ്പോയി. കണ്ണുകൾ തുടച്ചുകൊണ്ട് അവൾ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ നിന്നുതേങ്ങി. ജാലകപ്പഴുതിലൂടെ ചോന്നിറങ്ങിയ ഇളംകാറ്റിൽ കത്തുന്ന വിളക്കിന്റെ നാളം നൃത്തംവെച്ചു. അവരുടെ നീറുന്ന ഹൃദയത്തുടിപ്പുകൾക്കൊത്തു്.

"മോളേ...നീയും ഇങ്ങനെ കരഞ്ഞാൽ..." തൊണ്ടയിൽ വന്നുമുട്ടിയ ഗദ്ഗദങ്ങളിൽ അയാളുടെ അക്ഷരങ്ങൾ പിന്നെ പുറത്തുവന്നില്ല.

വേദനയുടെ കനം തുങ്ങിയ നിമിഷങ്ങൾ ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു. തള്ളയില്ലാത്ത ആ കുഞ്ഞു് കരഞ്ഞുകരഞ്ഞു് തളർന്നുറങ്ങി. അവനെ പാടിയുറക്കുവാൻ, ആ കവിളത്തുമ്മവയ്ക്കുവാൻ അവന്റെ അമ്മച്ചി വന്നില്ല. ഔസേപ്പച്ചൻ പായിൽ തിരിഞ്ഞും മറിഞ്ഞും കിടന്നുനോക്കി. എന്നിട്ടും അയാൾക്കുറക്കം വന്നില്ല. ജാലകത്തിലൂടെ അയാൾ വെളിയിലേയ്ക്കു നോക്കി. നല്ല പാലുപോലുള്ള നിലാവു്. അങ്ങകലെ നിലാവിൽ കുളിച്ചുനില്ക്കുന്ന നീലമലകൾ ആകാശത്തെ ഉമ്മവച്ചുനില്ക്കുന്നു. മാനത്തു നിറയെ അരിമുല്ല പൂത്തപോലെ നക്ഷത്രങ്ങൾ ചിതറിക്കിടക്കുന്നുണ്ടായിരുന്നു. 'എന്റെ തങ്കച്ചീ'...അയാൾ അവളെ ഓർത്തുകൊണ്ട് വിങ്ങിപ്പൊട്ടുകയായിരുന്നു. അങ്ങകലെ പള്ളിയുടെ പുറകുവശത്തെ സിമിത്തേരിയുടെ ഇരുളടഞ്ഞ നിശബ്ദതയിൽ അവൾ അന്ത്യവിശ്രമംകൊള്ളുന്നു. "എന്റെ പൊന്നു തങ്കച്ചീ, നീ ലാലുമോന്റെ കരച്ചിൽ കേൾക്കുന്നോ...?" ഔസേപ്പച്ചന്റെ ഹൃദയം വിതുമ്പി. കേൾക്കുമായിരുന്നെങ്കിൽ അവൾ ഓടിവന്നു് ചോദിക്കുമായിരുന്നു: "നിങ്ങൾക്കു ഹൃദയമില്ലേ ഈ കൊച്ചിനെ ഇങ്ങനെയിട്ടു് കരയിക്കാൻ." അതോർത്തപ്പോൾ അയാളുടെ കവിളിണയിലൂടെ രണ്ടു നീർച്ചാലുകൾ വാർന്നൊഴുകി, ചുട്ടുപഴുത്ത ഹൃദയത്തിൽനിന്നൊഴുകുന്ന ലാവപോലെ.

കുളിരുള്ള കാറ്റു് കുന്നുകയറി വീശുന്നുണ്ടായിരുന്നു. അകലെ ചക്രവാളച്ചെരുവിൽ ഒരു വെള്ളിമേഘത്തിന്റെ മറവിൽനിന്നു് അമ്പിളി എത്തിനോക്കുന്നു, അമ്മച്ചിയുടെ ഞൊറിയിൽ തൂങ്ങിനിന്നു് ലാലിച്ചൻ പാളിനോക്കാറുള്ളതുപോലെ. മൂടൽമഞ്ഞലകൾക്കിടയിലൂടെ അവ്യക്തമായിക്കാണുന്ന ഗിരിശിഖരങ്ങൾപോലെ ഭൂതകാലസ്മരണകൾ കരളിന്റെ കണ്ണാടിയിൽ തെളിഞ്ഞുവന്നു. കുറെ നഖച്ചിത്രങ്ങൾ. മധുരസ്വപ്നങ്ങളുടെ മലർപ്പന്തലിൽ ഒരു മണവാട്ടി തലകുനിച്ചുനില്ക്കുന്നു, തങ്കച്ചി. അവളുടെ കഴുത്തിൽ മിന്നുവച്ചു മുഹൂർത്തം അയാളോർത്തു. ആ പാദങ്ങൾ അയാളുടെ ഗൃഹാന്തരത്തിൽ പതിയാൻ തുടങ്ങിയപ്പോൾ ഔസേ

പ്പച്ചന്റെ ജീവിതം മലരണിയാൻതുടങ്ങി. അവളുടെ മന്ദഹാസങ്ങളിലൂടെ സമതാസുന്ദരതയുടെ വാസന്തം അയാളുടെ ജീവിതത്തിലേയ്ക്കു കടന്നുവന്നു. ജീവിതത്തിനു കളമൊരുക്കിയിരുന്ന ആ നല്ലകാലത്തെ കുറിച്ചോർത്തപ്പോൾ അയാളുടെ ചിന്തകൾ മൈസൂർ നഗരത്തിലൂടെ ചിറകടിച്ചു പറക്കാൻതുടങ്ങി. വഷ്ങ്ങൾക്കുപിന്നിൽ മൈസൂറിൽ ഒരു ചില്ലറക്കച്ചവടമാരംഭിച്ചകാലം ഓമ്മയിൽതെന്നിവന്നു. പുരോഗതിയുടെ പുത്തൻവഴിത്താരയിലൂടെ അടിവെച്ചടിവച്ച് പണത്തിന്റെ പരിപുഷ്ടതയിലൂടെ പരമാനന്ദത്തിന്റെ പറുദീസായിലേയ്ക്ക് അയാൾ പറന്നുചെന്നു.

ജീവിതം ഒരു പൂത്തുലഞ്ഞ മലർവാടികയായി തോന്നിയിരുന്ന അന്നു്. മൈസൂരിൽനിന്നും കേരളത്തിന്റെ അതിർത്തിയിൽ ഒരു ഗ്രാമത്തിലേയ്ക്കു താമസം മാറിയ കാലം ഓമ്മയിലെത്തി. റോഡുവക്കിൽ പുതുതായി പണികഴിപ്പിച്ച സാമന്യം ഭേദപ്പെട്ട ഒരു ഗൃഹത്തിൽ ആ കുടുംബം ജീവിതമാരംഭിച്ചു. കാലത്തിന്റെ കറക്കത്തിൽ അവിടെ പുതിയ ജീവിതങ്ങൾ ഉടലെടുത്തു. അഞ്ചാൺമക്കളും രണ്ടു പെൺമക്കളും അവക്കുണ്ടായി. കച്ചവടസ്ഥലമായ മൈസൂരിൽനിന്നും ആഴ്ചയിലൊരിക്കലേ ഔസേപ്പച്ചൻ വീട്ടിൽ വരാറുള്ളൂ. മിക്കവാറും എല്ലാ വെള്ളിയാഴ്ചകളിലും അയാൾ വീട്ടിലെത്തും, കണ്ണിൽ കതിരിട്ട കാത്തിരിക്കുന്ന തന്റെ തങ്കച്ചിയേയും കുഞ്ഞുമക്കളേയും കാണ്മാൻ. ശനിയും ഞായറും കഴിഞ്ഞേ പിന്നെ അയാൾ മടങ്ങുകയുള്ളൂ. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞാൽ ബോബനും ജെസ്സിയും എല്ലാം വീട്ടപടിക്കൽ കാവലായിരിക്കും, ഇച്ചായനേയും കാത്തു്. ഇച്ചായൻ വരാറുള്ള ബസ്സ് അവക്കെല്ലാം നന്നായി അറിയാം. പതിവിനു് വരാറുള്ള സമയമടുത്താൽ തങ്കച്ചി ലാലിച്ചനെ ഒക്കിലിരുത്തി വാതിൽപ്പടിയിൽ നിലയുറപ്പിക്കും. ലാലിച്ചൻ വാശിപിടിച്ചുകരയുമ്പോഴെല്ലാം ഒരു കൗശലം പ്രയോഗിക്കാറുണ്ടു്. അവനെ വാരിയെടുത്തു് റോഡിലേയ്ക്കു കൈചൂണ്ടിപ്പറയും "ദേ ഇച്ചായി വരുന്നു, ലാലിക്കു് മിഠായി കൊണ്ടു്, ചുമന്ന മിഠായി....." ഇത്രയും പറഞ്ഞുകഴിയുമ്പോഴേയ്ക്കും കരച്ചിൽ 'ബ്രേയിക്കിട്ടു' കഴിഞ്ഞിരിക്കും.

മാനത്തു് കാർമേഘങ്ങൾ കാണുവാൻ തുടങ്ങിയ ഒരു കാലമായിരുന്നു. ലാലിച്ചനു് ഒരു പിൽഗാമിക്കുട്ടി വെളിച്ചംകാണാൻ പോകുകയായിരുന്നു. തങ്കച്ചി ഒരു പൂർണ്ണഗർഭിണിയായിനിന്നിരുന്ന ആ രംഗം സ്മരണയിലെത്തിയപ്പോൾ ഔസേപ്പച്ചൻ ഒന്നു നെടുവീർപ്പിട്ടു. പുതിയൊരു ജീവിതത്തിന്റെ ഭാരവുംകൂടി പേറിക്കൊണ്ടു് നടക്കുകയായിരുന്നു തങ്കച്ചി. അന്നു് അവൾ എപ്പോഴും ക്ഷീണിതയായി കാണപ്പെട്ടിരുന്നു. ശരീരത്തിന്റെ അസ്വസ്ഥത ആ മുഖത്തു് നിഴലിച്ചുനിന്നിരുന്നു.

അന്നൊരുദിവസം അവൾ കട്ടിലിൽ കിടക്കുകയായിരുന്നു.

"അമ്മച്ചീ..." തങ്കച്ചിയെ വിളിച്ചുകാണ്ടു് കട്ടിലിന്നരികെ ലാലി നിലകയാണു്. അമ്മച്ചിയുടെ അരികുപറ്റി കിടക്കാനാണു് അവൻ വിളിക്കുന്നതെന്നു് തങ്കച്ചിക്കറിയാം. അവനെ കണ്ടപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു. കാരണം അവനെ എടുത്തു് താലോലിച്ചിട്ടു് രണ്ടു മൂന്നു ദിവസങ്ങൾ കഴിഞ്ഞിരുന്നു. "മോനെ, അമ്മച്ചിക്കു് വയ്യല്ലൊ" അവർ പറഞ്ഞു. അവനറിയാം തന്റെ അമ്മച്ചിക്കു് വയ്യെന്നു്. അവനെ അമ്മച്ചി പാടിയുറക്കിയിട്ടു് മൂന്നു നാലു ദിവസങ്ങളായി. ചോറു വാരിത്തരുന്നതു് ചേച്ചിയാണു്. അമ്മച്ചി എപ്പോഴും കിക്കുന്നതു കാണുന്നു. "അമ്മച്ചിക്കു്...യ്യോ..." അവൻ കൊഞ്ചി. അമ്മച്ചിക്കുവയ്യ കേട്ടോ" തങ്കച്ചി അവനെമുഖത്തോടണച്ചു് ആ കുരുന്നുകവളിൽ ഒരുമ്മവച്ചുകൊടുത്തു.

"മോളേ" തങ്കച്ചി ടീസാമ്മയെ വിളിച്ചു.

"എന്നാ അമ്മച്ചീ" അവൾ അടുത്തുചെന്നു.

"നീയിന്നു് പള്ളിക്കൂടത്തിലോട്ട പോകണ്ടാ...എനിക്കു തീരെ...വയ്യാ..." ആ ശബ്ദങ്ങൾ അത്യന്തം പരിക്ഷീണങ്ങളായിരുന്നു. ടീസാമ്മയുടെ കണ്ണുകൾ അമ്മച്ചിയുടെ മുഖത്തുതന്നെ പതിഞ്ഞുനിന്നു. കണ്ണുകൾ കുഴിഞ്ഞുപോയിരിക്കുന്നപോലെ. വാടിക്കരിഞ്ഞ ആ മുഖം വേദനയുടെ പരിവേഷമണിഞ്ഞതുപോലെതോന്നി. അതു കണ്ടപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു. ഹൃദയത്തിൽ വേദനയുടെ ഒരു വേലിയേറ്റമുണ്ടായി. എന്തെന്നില്ലാത്ത ഒരു ഭയംതോന്നി. "എന്റീശോയെ എൻറമ്മച്ചിക്കൊന്നും വരുത്തല്ലേ" അവൾ കരൾനൊന്തു പ്രാർത്ഥിച്ചു.


മണിക്കൂറുകൾ നിമിഷങ്ങൾപോലെ കടന്നുപോയി. തങ്കച്ചി വിവരം അറിയിച്ചതനുസരിച്ചു് ബുധനാഴ്ച ഉച്ചകഴിഞ്ഞപ്പോൾ ഔസേപ്പച്ചൻ യാത്രപുറപ്പെട്ടു. ധൃതിപിടിച്ചാണു് വണ്ടിയിൽ കയറിയതു്. വീട്ടപടിക്കൽ ബസ്സിറങ്ങിയപ്പോൾതന്നെ കാര്യം വ്യക്തമായിക്കഴിഞ്ഞിരുന്നു. ആരൊക്കെയോ വീട്ടിൽ വന്നിരിക്കുന്നു. അയൽപക്കത്തെ സ്ത്രീകളായിരുന്നു അധികവും. അകത്തേയ്ക്കു കടക്കുംമുമ്പേ അന്നാമ്മച്ചേടത്തി വിവരം ഓടിവന്നറിയിച്ചു. "കാര്യം..വളരെ...കുഴപ്പമാ.." അയാളുടെ ഉള്ളിൽ ഒരു കൊള്ളിയാൻമിന്നി. മുഖം മഞ്ഞളിച്ചു. അകത്തുനിന്നു് തങ്കച്ചിയുടെ ഞെട്ടിപ്പിക്കുന്ന ഞരക്കങ്ങൾ! ആരുടേയൊ ഹൃദയം വിങ്ങിപ്പൊട്ടുന്ന തേങ്ങലുകൾ! തങ്കച്ചി കട്ടിലിൽ കിടന്നു് വേദനകൊണ്ടു് പുളയുകയായിരുന്നു. ലോകത്തിലെ വേദനകളിൽവെച്ചു് ഏറ്റവും വലിയ വേദന. പുതിയൊരു ജീവിതത്തിനു് പിറവികൊടുക്കാൻ ഒരമ്മ സഹിക്കുന്ന നരകയാതന. സ്ത്രീകൾ മുഖത്തോടുമുഖംനോക്കി പരിഭ്രമിച്ചുനില്ക്കുന്നു.

"ച്ചായി...ഠായി...താ..." അപ്പോഴും മുണ്ടിൽതൂങ്ങിനിന്നു് ലാലി കൊഞ്ചുകയായിരുന്നു, അവനൊരു മിഠായി കൊടുക്കാൻ. ഔസേപ്പച്ചനതു കേൾക്കുന്നില്ല. തങ്കച്ചിയുടെ ഹൃദയം നുറുങ്ങുന്ന ഞെരുക്കങ്ങൾ ഹൃദയത്തിൽ തുളച്ചുകയറുന്നു. കുഞ്ഞുമക്കൾ ആർത്തുകരയുന്നു. മരണം പതിയിരിക്കുന്ന നിമിഷങ്ങൾ. അയാൾ പരിഭ്രാന്തനായി റോഡിലേയ്ക്കു കുതിച്ചിറങ്ങി. കാലുകൾ നിലത്തുറച്ചില്ല. അപ്പോൾ അങ്ങകലെ സന്ധ്യ ഒരമ്പിളിക്കലയെ പ്രസവിക്കാൻ തുടങ്ങുകയായിരുന്നു. പശ്ചിമചക്രവാളത്തിൽ രക്തച്ചരവിതളം കെട്ടിനില്ക്കുകയാണു്. വെളുത്ത ഫ്രോക്കു ധരിച്ച സുതികമ്മിണിമാരെപ്പോലെ മാനത്തിന്റെ ഒരു കോണിൽ നാലഞ്ചു വെള്ളിമേഘങ്ങൾ കൂടിനിന്നു, ഏതൊ അപകടം പിണഞ്ഞതുപോലെ.

ഡോക്ടരേയുംകൊണ്ടു് പടികയറിയതുമാത്രമെ ഔസേപ്പച്ചനു് ഓമ്മയുള്ളൂ. പെട്ടെന്നു് ഒരു കുട്ടിക്കരച്ചിൽ കേട്ടു. ഹൃദയത്തിൽ ഒരു വെള്ളിടിവെട്ടി. കണ്ണുകൾ മഞ്ഞളിച്ചു. തലകറങ്ങുകയായിരുന്നോ? "എന്റെ പൊന്നുതങ്കച്ചീ..." അയാൾ നെഞ്ചത്തു കൈവച്ചു കരഞ്ഞു. പിന്നെയൊന്നും ഓമ്മയില്ല.

ശുഭവാർത്തകൾ

— ചുരുക്കത്തിൽ —



പ്രശസ്തവിജയികൾ

തലശ്ശേരി രൂപതാടിസ്ഥാനത്തിൽ ഇക്കഴിഞ്ഞ സ്കൂൾവർഷം സൺഡേസ്കൂൾ വേദപാഠമത്സരത്തിൽ ഏഴും ഫൈനലും ക്ലാസ്സുകളിൽനിന്നു് പ്രശസ്തമംവിധം പാസ്സായി സമ്മാനം നേടിയ കുട്ടികളുടെ പേരുവിവരങ്ങൾ താഴെചേർക്കുന്നു.

ഏഴാം ക്ലാസ്സ്


ഒന്നാം സ്ഥാനം:—	കെ.ജെ. മാത്യു	കുടകുത്തിയിൽ	എട്ടൂർ ഇടവക	സമ്മാനം 100ക.
രണ്ടാം സ്ഥാനം:—	മാത്യു കൊടക്കനാൽ		പേരാവൂർ ഇടവക	സമ്മാനം 75ക.
മൂന്നാം സ്ഥാനം:—	മേരി മണ്ണാകുളത്തിൽ		നെല്ലിക്കാമ്പോയിൽ ഇടവക	സമ്മാനം 55ക.

ഫൈനൽ ക്ലാസ്സ്

ഒന്നാം സ്ഥാനം:—	സി. എം. അന്നമ്മ ചെറുമാലിൽ	കൂടലഞ്ഞി ഇടവക
രണ്ടാം സ്ഥാനം:—	എൻ. ഒ. ഏലി നാവള്ളിയിൽ	,,
മൂന്നാം സ്ഥാനം:—	എം. ഡി. മറിയക്കുട്ടി മാപ്പിറയിൽ	,,

(ഫൈനൽ ക്ലാസ്സ് ത്രിവത്സരകോഴ്സാണല്ലൊ. മൂന്നാം വഷ്ത്തിലാണ് ഫൈനൽ പരീക്ഷയും വിജയികൾക്കു ഡിപ്ലോമായും ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന മൂന്നുപേർക്ക് സമ്മാനവും നല്കുക. ഇക്കൊല്ലവും ഫൈനൽ ഒന്നാം വഷ്ം കൂടുതൽ മാർക്കു വാങ്ങിയവർക്ക് പ്രോത്സാഹനാത്മം സമ്മാനം അയച്ചുകൊടുക്കുന്നതാണ്.)

കഴിഞ്ഞ ലക്കത്തിൽ വിദ്യാലയത്തിലെ വേദപാഠമത്സരത്തിൽ സമ്മാനവും സ്തോളർഷിപ്പും നേടിയവരുടെ വിവരം കാണിച്ചിരുന്നല്ലൊ.



പത്താം സ്റ്റാന്റാർഡിലെ മത്സരത്തിൽ രൂപതയിൽ ഒന്നാമതായി വിജയിച്ച കുമാരി സി. പി. ഏലിക്കുട്ടി.

അഭിനന്ദനം

മത്സരപ്പരീക്ഷയിൽ വിജയികളാവുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തവരെ ഹൃദയംഗമമായി അനുമോദിക്കുന്നു. എന്നാൽ ഇതിന്റെ പിന്നിലുള്ള കരങ്ങളെ കൂടുതൽ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഇത്ര കാര്യക്ഷമമായി വിദ്യാലയങ്ങളിലേയും സൺഡേസ്കൂളിലേയും കുട്ടികളെ മതകാര്യങ്ങളിൽ പരിശീലിപ്പിക്കുന്ന ആ വന്ദ്യ ഗുരുജനങ്ങളെ നല്ല ഈശോ പ്രത്യേകം അനുഗ്രഹിക്കട്ടെ. എല്ലാവർക്കും നന്ദി.

മൈത്രാസനമന്ദിരം
തലശ്ശേരി
15—8—1962

എന്നു്,
വേദപാഠാധ്യയനകർ.

നേരം പുലർന്നപ്പോൾ ഒരു മധുരസ്വപ്നംകണ്ടുണർന്നു് ഔസേപ്പച്ചൻ ഞെട്ടിയുണർന്നതു്. ശ്രീമാനത്തിന്റെ മദ്ധ്യത്തിൽ തങ്കച്ചിയുടെ കുഴിമാടത്തിനുമുമ്പിൽ രണ്ടുപേർ മുട്ടിന്മേൽനില്ക്കുന്ന രംഗം. അതിലൊന്നു് തന്റെ കുഞ്ഞുമോൻ ലാലിയായിരുന്നു. മറ്റേതൊരു സ്ത്രീയായിരുന്നു. വെള്ളസാരിയണിഞ്ഞിരുന്ന ആ സ്ത്രീ ആരായിരിക്കും. അവനു വരാനിരിക്കുന്ന പുതിയ അമ്മച്ചിയാണോ? അപ്പോഴും തെളിഞ്ഞ മാനത്തു് ഒരു വെള്ളിമേഘം നില്പുണ്ടായിരുന്നു. ഒരു ചോദ്യചിഹ്നംപോലെ.

Phone: 245

എൻ. സദാനന്ദ പൈ & കമ്പനി

HARDWARE & PAINT MERCHANTS

തലശ്ശേരി

ഞങ്ങളുടെവശം എട്ടപ്പ് നിർമ്മാണങ്ങൾക്കാവശ്യമുള്ള എല്ലാത്തരം ഇരുമ്പ്, ഉരുക്ക് സാമാനങ്ങളും വളരെ ആദായത്തിൽ വില്പാനുണ്ട്,

—വിജാവരി, സ്ക്രൂ, നട്ട്, ബോൾട്ട്, എല്ലാത്തരം പെയിൻറ്, വാർണിഷ് ആസ്ബെസ്റ്റോസ് പലക, പൈപ്പ്, G. I. പൈപ്പ് മുതലായവ—

പാത്രങ്ങൾ നിർമ്മിക്കുവാനുള്ള ചെമ്പുപലക എപ്പോഴും സ്റ്റോക്കുണ്ട്.

ഞങ്ങൾ ഗവണ്മെൻറിനാൽ ഇരുമ്പിനും ഉരുക്കിനും റജിസ്റ്റ ചെയ്യപ്പെട്ട സ്റ്റോക്കിസ്റ്റുംമാരുംകൂടിയാകുന്നു.

(6-ാംപേജിൽനിന്നു തുടർച്ച)

ണ്ടെന്നുള്ളതാണ് ഈ ശ്രുപതയുടെ ഏറ്റവും വലിയ സമ്പത്തെന്ന് അഭിവന്ദ്യതിരുമേനി ഒന്നിലധികം പ്രാവശ്യം പറയുകയുണ്ടായി.

വാത്സല്യ കുഞ്ഞുങ്ങളേ, ഞാൻ അടുത്തമാസത്തിൽ സൂനഹദോസിൽ സംബന്ധിക്കുവാൻവേണ്ടി റോമിലേയ്ക്ക് പോകുന്നതാണ്. അവിടത്തെ വിശേഷങ്ങളൊക്കെ നിങ്ങളെ എഴുതിഅറിയിക്കുവാൻ ശ്രമിക്കാം. വിശുദ്ധസ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ നിങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്, സൂനഹദോസിൻെറ വിജയത്തിനുവേണ്ടി കുട്ടികൾ പ്രത്യേകം പ്രാർത്ഥിക്കണമെന്നുള്ള മാപ്പാപ്പാതിരുമേനിയുടെ ആഗ്രഹം ഇടയലേഖനംമൂലം നിങ്ങളെ അറിയിച്ചിട്ടുണ്ടല്ലൊ. ഞാൻ ആവശ്യപ്പെട്ടിരിക്കുന്ന പ്രത്യേക പ്രായശ്ചിത്തപ്രവൃത്തിയും നടത്തുവാൻ ഉത്സാഹിക്കണം. എനിക്കുവേണ്ടി പ്രാർത്ഥിക്കുവാനും മറക്കുകയില്ലല്ലൊ. നല്ലദൈവം നിങ്ങളെ എല്ലാവരേയും ധാരാളമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശിസ്സുകളോടെ
നിങ്ങളുടെ വത്സലപിതാവ്

H. Selvarajan Valloppilly

തലശ്ശേരിശ്രുപതയുടെ മെത്രാൻ.

തലശ്ശേരി
20-8-'62

ദി ഫെഡറൽ ബാങ്ക് ക്ളിപ്തം

റജി: ഓഫീസ് ആലുവാ

ഫെഡറൽ ബാങ്കിൽ ഒരു സേവിംഗ്സ് അക്കൗണ്ട് തുടങ്ങുന്നതു് എല്ലാംകൊണ്ടും ഉത്തമം

★ 5ക. ഉണ്ടായാൽമതി നിങ്ങൾക്ക് ബാങ്കിൽ ഒരു അക്കൗണ്ട തുടങ്ങാൻ

★ മാസംതോറും സേവിംഗ്സ് ബാങ്കു കണക്കിൽ 100 ക.യെങ്കിലും തുടച്ചയായി മിച്ചമുണ്ടാക്കി നിലനിറുത്തുവാൻ സാധിക്കുന്നവർക്കു മാസംതോറും ആകർഷണീയങ്ങളും ഉപകാരപ്രദങ്ങളുമായ സമ്മാനങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യം കൂടിയുണ്ട്

കൂടുതൽ വിവരങ്ങൾക്ക് ഏതെങ്കിലും ബ്രാഞ്ചിനെ സമീപിക്കുക.

ബ്രാഞ്ചുകൾ:— ആലുവാ, അങ്കമാലി, ചാലക്കുടി, എറണാകുളം, എടമനക്കാട്ട്, കോലഞ്ചേരി, കുന്നാട്ടുകുളം, കോതമംഗലം, മൂന്നാർ, മൂവാറ്റുപുഴ, പെരുമ്പാവൂർ

K. P. Hormis B. A. B. L.
Managing Director.

THE SOUTH INDIAN BANK LTD.,

ESTD: 1929 H. O. TRICHUR

A Scheduled Bank

RATES OF INTEREST ON DEPOSITS

SAVINGS BANK A/c.

Interest @ 3½% P. A
Withdrawals allowed by Cheques: weekly limit up to Rs. 1000/-

CURRENT A/C: 1% P. A.

FIXED DEPOSITS

for period of 3 months to 5 years
Interest rates ranging from 4% to 5% P. A.
Special rates upto 5½% P. A. allowed for bigger amounts.

SHORT NOTICE DEPOSITS ACCEPTED ON ATTRACTIVE TERMS

BRANCHES

Alleppey	Gobi	Madurai	Ponani
Alwaye	Irinjalakuda	Manjeri	Pulincunnoo
Ayyanthole	Kollengode	Mannarghat	Salem
Bangalore	Kottayam	Nilambur	Tellicherry
Bhavani	Kozhikode	Ottapalam	Tirupur
Cochin	Kunnamkulam	Palghat	Trichur
Coimbatore	Madras G. T.	N. Parur	&
Ernakulam	Madras Mt. Rd.	Pollachi	Wadakkancherry.

All Types of Banking Business Transacted

T. A. MANEY
Dy. GENERAL MANAGER

M. V. JOHN
GENERAL MANAGER

Printed and published by Fr. Narikuzhy at The St. Joseph's Press Manantoddy. P. o. Wynad: Kerala State for the Diocese of Tellicherry, Cum Permissu . Editor- Very Rev. Fr. G. Kazhikachalil.